# പതിനഞ്ചാം കേരള നിയമസഭ

# ഏഴാം സമ്മേളനം

2022 ഡിസംബർ 9, വെള്ളി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--404]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി | : 1742 മുതൽ 1771 വരെ |
| കൃഷി വകുപ്പ് മന്ത്രി | : 1772 മുതൽ 1894 വരെ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി | : 1895 മുതൽ 2060 വരെ |
| ഗതാഗത വകുപ്പ് മന്ത്രി | : 2061 മുതൽ 2145 വരെ |

**<u>തുറമുഖ വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ</u>**

1742 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുറമുഖ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങൾ, കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും അറിയിക്കുമോ;

(ബി) ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എംപ്ലോയ്മെന്റ് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയതെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

**<u>അഴീക്കൽ പോർട്ടിനെ റീജിയണൽ പോർട്ട് ആയി ഉയർത്താൻ നടപടി</u>**

1743 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ പോർട്ടിനെ റീജിയണൽ പോർട്ടായി ഉയർത്തുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പോർട്ടിൽ എത്തിച്ചേരുന്ന കപ്പലുകൾക്ക് ആവശ്യമായ ശുദ്ധജല വിതരണത്തിനുള്ള പൈപ്പ്‌ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

## കണ്ണൂർ ഗ്രീൻ ഫീൽഡ് തുറമുഖം

1744 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ പുതുതായി ആരംഭിക്കാൻ പോകുന്ന ഗ്രീൻ ഫീൽഡ് തുറമുഖത്തിന്റെ പഠനങ്ങൾ പൂർത്തിയായോ; അറിയിക്കാമോ;

(ബി) ഈ പ്രവൃത്തി എപ്പോഴത്തേക്ക് ആരംഭിക്കാൻ കഴിയും; വിശദാംശം അറിയിക്കാമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

1745 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണായക സ്വാധീനം ചെലുത്താൻ കഴിയുന്ന വിഴിഞ്ഞം തുറമുഖ നിർമ്മാണത്തെ അട്ടിമറിക്കുന്നതിന് വിദേശ സഹായത്തോടെ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ ശ്രമിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) തുറമുഖ നിർമ്മാണത്തിനെതിരെ സമരം ചെയ്യുന്നവരെ സംബന്ധിച്ച് കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ അന്വേഷണം നടത്തിയതായുള്ള വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ടുകൾ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത തുറമുഖ നിർമ്മാണത്തിനെതിരായി സമരം ചെയ്യുന്ന സംഘടനകളുമായി സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ള സമവായ ചർച്ചകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ക്ഷേമത്തിനായും അടിസ്ഥാനസൗകര്യ വികസനത്തിനായും ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഇ) തുറമുഖ നിർമ്മാണം തടസരഹിതമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ടി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിക്ക് ഇളവ്

1746 **ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ . പി . ഉബൈദുള്ള**
**ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടത്തിപ്പിനായി ചെലവായ തുക തുറമുഖ നിർമ്മാണ കമ്പനി അടയ്ക്കണമെന്ന് റവന്യൂ

വകുപ്പ് ശിപാർശ ചെയ്തിരുന്നോ എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തുക അടയ്ക്കുന്നതിൽ നിന്നും തുറമുഖ നിർമ്മാണ കമ്പനിയെ ഒഴിവാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത കമ്പനിക്ക് 44.90 കോടി രൂപയുടെ ഇളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

## വിഴിഞ്ഞം തുറമുഖ പദ്ധതി

1747 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രദേശവാസികളുടെയും മത്സ്യത്തൊഴിലാളികളുടെയും ആശങ്കകൾ പരിഹരിക്കുന്നതിനായി വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

## വിഴിഞ്ഞം തുറമുഖ പദ്ധതി

1748 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം തീരശോഷണത്തിന് കാരണമാകുന്നുവെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത മേഖലയിലെ തീരശോഷണം സംബന്ധിച്ച് പഠനം നടത്തുന്നതിനായി സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ അംഗങ്ങൾ ആരെല്ലാമെന്നും എന്തെല്ലാം പഠന വിഷയങ്ങളാണ് സമിതിയുമായി ധാരണയിലെത്തിയിരിക്കുന്നതെന്നും അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ;

(സി) തുറമുഖ നിർമാണം നടക്കുന്നതിന്റെ 20 കി. മീ. ചുറ്റളവിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഘടകങ്ങൾ സ്ഥിരമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; പാരിസ്ഥിതിക വ്യതിയാനങ്ങൾ സംബന്ധിച്ച എന്തെങ്കിലും ഇത്തരത്തിലുള്ള നിരീക്ഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

1749 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട സമരത്തിനും സംഘർഷത്തിനും ഇടയാക്കിയ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ സമരക്കാർ ഉന്നയിക്കുന്ന ആവശ്യങ്ങളും സർക്കാരിന്റെ നിലപാടുകളും എന്താണെന്ന് വ്യക്തമാക്കാമോ;

(സി) സമരം ചെയ്യുന്നവർ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് ഇതുവരെ പരിഹാരം കാണാൻ കഴിയാത്തതെന്ത് കൊണ്ടാണ്; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി വകുപ്പുമന്ത്രി

ഇതുവരെ നടത്തിയ ഇടപെടലുകളും ചർച്ചകളും സംബന്ധിച്ച വിശദാംശം നൽകാമോ;

(ഡി) വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്നും പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

## <u>വിഴിഞ്ഞം തുറമുഖം വഴി കേരളത്തിന് ലഭിക്കുന്ന നേട്ടം</u>

1750 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ ഐ ബി സതീഷ്**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു അന്താരാഷ്ട്ര തുറമുഖമെന്ന നിലയിൽ വിഴിഞ്ഞത്തിന് ഇന്ത്യയിലെ മറ്റ് തുറമുഖങ്ങളിൽ നിന്നും വ്യത്യസ്തമായ എന്തെല്ലാം അനുകൂല ഘടകങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്ത് ഒരു വിഭാഗം ആളുകൾ നടത്തുന്ന സമരത്തിൽ ഉന്നയിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സമരക്കാരുമായുള്ള ചർച്ചയിൽ അംഗീകരിച്ച ആവശ്യങ്ങളും സംസ്ഥാന താത്പര്യം പരിഗണിച്ച് നിരസിച്ച ആവശ്യങ്ങളും എന്തെല്ലാമാണെന്നും ആയതിന്റെ കാരണങ്ങളും അറിയിക്കാമോ;

(ഡി) വിഴിഞ്ഞം തുറമുഖ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ അന്താരാഷ്ട്ര തുറമുഖം എന്ന നിലയിൽ കേരളത്തിന് ലഭിക്കുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## <u>വിഴിഞ്ഞം തീരദേശവാസികളുടെ ആവശ്യങ്ങൾ പരിഹരിക്കാൻ നടപടി</u>

1751 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തീരദേശവാസികൾ നടത്തുന്ന സമരം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ സമരക്കാരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) സമരസമിതിയുമായി നടത്തിയ ചർച്ചയിൽ സർക്കാരിന് മുന്നിൽ സമരസമിതി ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തൊക്കെയാണെന്നും ഇതിൽ ഏതൊക്കെ കാര്യങ്ങളിൽ സർക്കാർ അനുകൂല തീരുമാനം എടുത്തിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകുമോ;

(സി) സമരസമിതി ഉന്നയിച്ച ആവശ്യങ്ങളിൽ സർക്കാർ അംഗീകരിക്കാത്തതായിട്ടുള്ളവയുണ്ടോ; എങ്കിൽ അതിന് കാരണം വ്യക്തമാക്കുമോ;

(ഡി) തീരദേശ ജനതയെ വിശ്വാസത്തിൽ എടുത്തുകൊണ്ട് പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## വിഴിഞ്ഞം തുറമുഖം പദ്ധതി

1752 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലത്തെ സർക്കാർ കരാറിലേർപ്പെട്ട പ്രകാരം വിഴിഞ്ഞം തുറമുഖ നിർമ്മാണ കമ്പനി വ്യവസ്ഥകൾക്ക് അനുസൃതമായി നിർമ്മാണം തുടരുമ്പോൾ പദ്ധതി അട്ടിമറിക്കാൻ ചിലർ ശ്രമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ശ്രമം സൃഷ്ടിക്കുന്ന ആശങ്ക പരിഹരിക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തുറമുഖം യാഥാർത്ഥ്യമായാൽ കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബ് എന്ന നിലയിൽ തുറമുഖം പ്രവർത്തന സജ്ജമാകുന്നതോടുകൂടി സംസ്ഥാനത്തിന്റെയാകെ വികസനത്തിന് ഗതിവേഗം പകരുന്ന ഈ പദ്ധതി അട്ടിമറിക്കാൻ നടത്തുന്നതായി പറയപ്പെടുന്ന ശ്രമം തുറന്നു കാട്ടാൻ നടപടി സ്വീകരിക്കുമോ?

## കേരള മാരിടൈം ബോർഡ്

1753 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മാരിടൈം ബോർഡ് എന്നാണ് രൂപീകരിച്ചതെന്നും ഏതെങ്കിലും നിയമത്തിന്റെയോ സ്റ്റ്യാറ്റ്യൂട്ടിന്റെയോ ആക്ടിന്റെയോ അടിസ്ഥാനത്തിലാണോ ഇത് രൂപീകരിച്ചിട്ടുള്ളതെന്നും ഇതിന്റെ ചുമതലകൾ എന്തൊക്കെയാണെന്നും പ്രസ്തുത ബോർഡ് രൂപീകരിക്കപ്പെടുന്നതിന് മുൻപ് പ്രസ്തുത ചുമതലകൾ നിർവ്വഹിച്ചിരുന്നത് എന്ത് സംവിധാനത്തിലൂടെയാണെന്നുമുള്ള വിവരങ്ങൾ നൽകുമോ; വ്യക്തമാക്കാമോ;

(ബി) കേരള ഇൻലാൻഡ് വെസ്സൽസ് റൂൾ 2010 പ്രകാരം ഉൾനാടൻ ജലഗതാഗതത്തിന് ആവശ്യമായ ഏതൊക്കെ ലൈസൻസുകളാണ് മാരിടൈം ബോർഡ് മുഖേന നൽകുന്നത്; അറിയിക്കുമോ;

(സി) കനാൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ മുൻപ് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് മുഖേന നൽകിവരുന്നതും ജലഗതാഗത വകുപ്പിലെ ബോട്ട് മാസ്റ്റർ തസ്തികയ്ക്ക് ആവശ്യമായതുമായ ബോട്ട് മാസ്റ്റർ ലൈസൻസ് നൽകുന്നതിന് മാരിടൈം ബോർഡിനെ ചുമതലപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുമൂലം പന്ത്രണ്ട് വർഷമായി അൻപതിലധികം ബോട്ട് മാസ്റ്റർ തസ്തികയിൽ നിയമനം നടത്താൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 2010ലെ കേരള ഇൻലാൻഡ് വെസ്സൽസ് റൂളിൽ ആവശ്യമായ ഭേദഗതി വരുത്തി ബോട്ട് മാസ്റ്റർ ലൈസൻസ് കേരള മാരിടൈം ബോർഡ് മുഖേന നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## അഴിക്കൽ തുറമുഖത്തെ ഡ്രെഡ്ജിംഗ്

1754 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കൽ തുറമുഖത്തെ ഡ്രെഡ്ജിംഗ് മെറ്റീരിയൽ നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) 2022 ജൂലൈ മാസം 23325 ടൺ മെറ്റീരിയൽ നീക്കം ചെയ്യാനുള്ളതിൽ എത്ര ടൺ നീക്കം ചെയ്തിട്ടുണ്ടെന്നും ഇനി എത്ര ബാക്കിയുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

## കൊച്ചി കായലിൽ മുങ്ങിക്കിടക്കുന്ന യാനങ്ങൾ

1755 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കായലിന്റെ വിവിധ ഭാഗങ്ങളിൽ മുങ്ങിക്കിടക്കുന്ന യാനങ്ങൾ മത്സ്യത്തൊഴിലാളികളുടെ ജീവനും ഉപജീവനത്തിനും തടസ്സം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിനൂതന സാങ്കേതിക സംവിധാനങ്ങളുള്ള കൊച്ചിൻ പോർട്ട് ട്രസ്റ്റിനെക്കൊണ്ട് പ്രസ്തുത യാനങ്ങൾ നീക്കം ചെയ്യുന്നതിനായുള്ള നടപടി സ്വീകരിക്കുമോ?

## മുട്ടം ബങ്കര ബീച്ചിലെ തുറമുഖ വകുപ്പിന്റെ ഭൂമി കൈമാറുന്നതിന് നടപടി

1756 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ മംഗൽപാടി ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട മുട്ടം ബങ്കര ബീച്ചിൽ പാർക്ക് നിർമ്മിക്കുന്നതിനുവേണ്ടി തുറമുഖ വകുപ്പിന്റെ ഭൂമി പ്രസ്തുത ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ബി) പാർക്ക് നിർമ്മിക്കുന്നതിനായി പ്രസ്തുത ഭൂമി മംഗൽപാടി ഗ്രാമപഞ്ചായത്തിന് എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

## മൂന്നാർ മേഖലയിൽ കാഴ്ച ബംഗ്ലാവ് ആരംഭിക്കുന്നതിന് നടപടി

1757 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കാഴ്ച ബംഗ്ലാവുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിനോദസഞ്ചാരികൾ കൂടുതലായി എത്തിച്ചേരുന്ന മൂന്നാർ മേഖലയിൽ പുതിയ കാഴ്ചബംഗ്ലാവ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കണ്ണൂർ മണ്ഡലത്തിലെ പദ്ധതികൾ

1758 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിൽ എത്ര പദ്ധതികൾ മ്യൂസിയം, പുരാവസ്തു വകുപ്പിന് കിഴിൽ നടന്നുകൊണ്ടിരിക്കുന്നുവെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

## എ.വി. സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ചരിത്ര മ്യൂസിയം നിർമ്മാണം

1759 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എ.വി. സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ചരിത്ര മ്യൂസിയം നിർമ്മിക്കുന്നതിനായി പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ചരിത്ര മ്യൂസിയം ഒരുക്കുന്നതിന് ഈ സാമ്പത്തിക വർഷം തന്നെ ഫണ്ട് അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## മ്യൂസിയം - പുരാവസ്തു വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ

1760 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മ്യൂസിയം വകുപ്പിലും പുരാവസ്തു വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/ കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയത് വിശദാംശം നൽകുമോ?

## മാനന്തവാടി മണ്ഡലത്തിലെ കുങ്കിച്ചിറ നവീകരണ പ്രവൃത്തി

1761 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ കുങ്കിച്ചിറയിലെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) കുങ്കിച്ചിറ പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുന്നതിനുണ്ടാകുന്ന കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) കാലതാമസം പരിഹരിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## പുകയില പണ്ടകശാലയുടെ സംരക്ഷണം

1762 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉത്തരമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നഗരത്തിന്റെ വ്യാപാര-വാണിജ്യ ചരിത്രവുമായി ബന്ധപ്പെട്ടതും വാസ്തു ശില്പ ഭംഗിയുള്ളതുമായ പുകയില പണ്ടകശാലയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണായി പ്രവർത്തിച്ച് വരുന്ന നൂറ് വർഷത്തിലേറെ പഴക്കമുള്ള പ്രസ്തുത സ്മാരകത്തിന്റെ സംരക്ഷണത്തിനായി പുരാവസ്തു വകുപ്പ് അടിയന്തര നടപടി സ്വീകരിക്കുമോ?

## <u>നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം ചരിത്ര സ്മാരകമാക്കാൻ നടപടി</u>

1763 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം ചരിത്ര സ്മാരകമാക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രം ചരിത്ര സ്മാരകമാക്കുന്നതിന്റെ ഭാഗമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ?

## <u>തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി ജില്ലാ പൈതൃക മ്യൂസിയം</u>

1764 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി ജില്ലാ പൈതൃക മ്യൂസിയത്തിന്റെ രണ്ടാംഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. പ്രകാരമുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്നും പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്നും അറിയിക്കാമോ?

## <u>പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ, സ്മാരകങ്ങൾ എന്നിവയുടെ സംരക്ഷണം</u>

1765 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിലെ പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ, സ്മാരകങ്ങൾ എന്നിവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇവയുടെ സംരക്ഷണത്തിനായി ഈ സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ഇത്തരം കെട്ടിടങ്ങൾക്ക് സമീപം നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് എന്തെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>ശാസ്താംകുളങ്ങര ക്ഷേത്രം , ഇറപ്പുഴ പഴയപാലം എന്നിവ സംരക്ഷിക്കുന്നതിന് നടപടി</u>**

1766 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ക്ഷേത്രങ്ങൾ പുരാവസ്തു വകുപ്പ് ഏറ്റെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ചെങ്ങന്നൂരിൽ ശാസ്താംകുളങ്ങര ക്ഷേത്രം പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ;

(സി) ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച ചെങ്ങന്നൂർ ഇറപ്പുഴ പഴയ പാലം പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>കോഴിക്കോട് പുരാരേഖ ലൈബ്രറിയിലെ സെറ്റിൽമെൻറ് രജിസ്റ്ററുകൾ</u>**

1767 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1900-05 കാലഘട്ടത്തിലെ വിവിധ ദേശങ്ങൾ സംബന്ധിച്ച് ബ്രിട്ടീഷ് കാലഘട്ടത്തിൽ തയ്യാറാക്കിയ സെറ്റിൽമെൻറ് രജിസ്റ്ററുകൾ കോഴിക്കോട് പുരാരേഖാ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(ബി) പ്രസ്തുത സെറ്റിൽമെൻറ് രജിസ്റ്ററിൽ നാല്പത്തിഏഴാമതായി പ്രതിപാദിച്ചിട്ടുള്ള അട്ടപ്പാടി ദേശം സംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കോഴിക്കോട് പുരാരേഖാ ലൈബ്രറിയിലെ പുരാരേഖകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇവിടെ സൂക്ഷിച്ചിട്ടുള്ള രേഖകൾ പ്രകാരം 1947-ന് മുമ്പ് മലബാറിൽ എത്ര ബ്രിട്ടീഷ് തോട്ടങ്ങളാണ് ഉണ്ടായിരുന്നത്; ഇതിൽ എത്രയെണ്ണമാണ് ബ്രിട്ടീഷുകാർ നേരിട്ട് കൈവശം വെച്ചിരുന്നത്; വ്യക്തമാക്കുമോ?

**<u>കണ്ണൂർ ജില്ലയിലെ പുരാവസ്തു-ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതി</u>**

1768 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പുരാവസ്തു-ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) മട്ടന്നൂർ മണ്ഡലത്തിൽ പുരാവസ്തു വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ; പ്രസ്തുത മണ്ഡലത്തിൽ പുതിയ പദ്ധതികൾ എന്തെങ്കിലും പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

**<u>ആറ്റിങ്ങൽ കൊട്ടാരത്തിന്റെ പുനരുദ്ധാരണം</u>**

1769 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കൊട്ടാരത്തിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നിർവഹിക്കാൻ കഴിഞ്ഞത് എന്ന് വ്യക്തമാക്കുമോ?

## കോഴിക്കോട് സിവിൽ സ്റ്റേഷനിലെ പുരാരേഖ ലൈബ്രറി

1770 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സ്റ്റേഷനിലെ പുരാരേഖ വകുപ്പ് ലൈബ്രറിയിൽ നിന്നും പുരാരേഖകൾ നഷ്ടപ്പെടുന്നതായുള്ള പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) 1901-1905 കാലഘട്ടത്തിൽ ബ്രിട്ടീഷുകാർ തയ്യാറാക്കിയ ദേശങ്ങളുടെ സെറ്റിൽമെൻറ് രജിസ്റ്ററിൽ അട്ടപ്പാടിയെ കുറിച്ചുള്ള രജിസ്റ്റർ ലൈബ്രറിയിൽ നിന്നും നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## പുരാവസ്തു വകുപ്പ് കീഴിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ

1771 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുരാവസ്തു വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സർക്കാർ ഓഫീസുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള എത്ര സർക്കാർ ഓഫീസുകളിൽ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്; പ്രസ്തുത ഇനത്തിൽ ഓരോ ഓഫീസിനും എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം താലൂക്ക് ഓഫീസിലും പരിസര പ്രദേശത്ത് ഉള്ള മറ്റ് ഓഫീസുകൾക്കും അവസാനമായി അറ്റകുറ്റപ്പണികൾ നടത്തുവാനായി വിനിയോഗിച്ച തുകയുടെ ഇനം തിരിച്ചുള്ള വിവരം നൽകാമോ;

(ഡി) പ്രസ്തുത ഓഫീസുകളിൽ ഇഴജന്തുക്കളുടെ ശല്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## കാർഷിക മേഖലയുടെ സ്വയംപര്യാപ്തതയ്ക്കുള്ള സമഗ്ര പരിഷ്കാരം

1772 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കെ ബി ഗണേഷ് കുമാർ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കാർഷിക സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കാർഷിക മേഖലയിൽ സമഗ്ര പരിഷ്കാരം നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കർഷകർക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ ഏറ്റവും വേഗം ലഭ്യമാക്കുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## കാർഷികയന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ

1773 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികയന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നിലവിൽ ഉള്ള സൗകര്യങ്ങൾ എന്തെല്ലാം എന്ന് വിശദീകരിക്കുമോ;

(ബി) കാർഷിക യന്ത്രങ്ങളുടെ വർദ്ധനവിന് അനുസൃതമായി അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള സംവിധാനം അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവരം നൽകുമോ;

(സി) യന്ത്രോപകരണങ്ങളുടെ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കർഷകർക്ക് സമയബന്ധിതമായി കാർഷികയന്ത്രങ്ങളുടെ സേവനം, അറ്റകുറ്റപ്പണികൾ എന്നിവ ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ;

(ഇ) നിയോജക മണ്ഡലാടിസ്ഥാനത്തിൽ അഗ്രികൾച്ചർ മെഷീനറി കേന്ദ്രങ്ങൾ ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## ജല സ്രോതസ്സുകൾ സംരക്ഷിച്ച് കൃഷിക്ക് ഉപയോഗപ്പെടുത്താൻ പദ്ധതികൾ

1774 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോടുകളും കുളങ്ങളും മറ്റ് ജല സ്രോതസ്സുകളും സംരക്ഷിച്ച് കൃഷിക്ക് ഉപയോഗപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ;

(ബി) ജലസ്രോതസ്സുകളിൽ ചെക്ക്ഡാമുകൾ നിർമ്മിച്ച് കൃഷിക്ക് ഉപകാരപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) സ്വകാര്യ ഭൂമിയിൽ മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

## കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ ഒഴിവുള്ള തസ്തികകൾ

1775 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിന്റെ കീഴിൽ വരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം നബാർഡ് സാമ്പത്തികസഹായ പദ്ധതികളുള്ള പ്രോജക്റ്റുകളടക്കം അനുമതിക്കായി ബന്ധപ്പെട്ട ഓഫീസിൽ സമർപ്പിക്കാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവരം നൽകുമോ;

(സി) എങ്കിൽ ഒഴിവുള്ള തസ്തികകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കാർഷിക മേഖലയ്ക്ക് സൗജന്യമായി അധിക വൈദ്യുതി

1776 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിന് വൈദ്യുതി വകുപ്പിന്റെ സഹായത്തോടെ കാർഷിക മേഖലയ്ക്ക് സൗജന്യമായി അധിക വൈദ്യുതി ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നെൽക്കർഷകർക്ക് വൈദ്യുതി ലഭ്യത ഉറപ്പു വരുത്തുന്നതിനും നെൽകൃഷി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുമായി വേഗത്തിലും സൗജന്യമായും വൈദ്യുതി നൽകുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ?

## നെല്ല് സംഭരണം വേഗത്തിലാക്കാനുള്ള നടപടികൾ

1777 **ശ്രീ എൻ എ നെല്ലിക്കുന്ന്**
**ഡോ. എം.കെ . മുനീർ**
**ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാടങ്ങളിൽ കൊയ്ത്ത് കഴിഞ്ഞാലുടൻ നെല്ല് സംഭരിക്കാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്നറിയിക്കാമോ;

(ബി) നെല്ല് കൈകാര്യം ചെയ്ത് അരിയാക്കുന്ന ഇനത്തിൽ മില്ലുടമകൾക്ക് നൽകാനുള്ള തുക വിതരണം ചെയ്യുന്നതിൽ കുടിശിക വരുത്തിയിട്ടുണ്ടോ;

(സി) കൈകാര്യച്ചെലവ് വർദ്ധിപ്പിക്കണമെന്ന ആവശ്യം മില്ലുടമകൾ ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) മിൽ ഉടമകളുടെ വിലപേശൽ ഒഴിവാക്കി സർക്കാർ തന്നെ നെല്ല് സംഭരണത്തിന് സ്ഥിര സംവിധാനം ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## ഭക്ഷ്യോല്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കൽ

1778 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യോല്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) നെല്ല് ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടി തരിശു ഭൂമി സർക്കാർ തലത്തിൽ ഏറ്റെടുത്ത് കൃഷി നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(സി) സർക്കാർ സ്വീകരിച്ച നടപടികളുടെ ഭാഗമായി ഭക്ഷ്യ ഉത്പാദന മേഖലയിൽ ഉണ്ടായ പുരോഗതി വിശദമാക്കാമോ;

(ഡി) വരുന്ന തലമുറയെ കൃഷിയിലേക്ക് ആകർഷിക്കുന്നതിന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ഇ) കർഷകർ ഉത്പാദിപ്പിക്കുന്ന വിളകൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(എഫ്) സംസ്ഥാനത്ത് അടുക്കളത്തോട്ടം വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ;

(ജി) കർഷകരുടെ ക്ഷേമം ലക്ഷ്യമാക്കി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; കർഷകർക്കും, വിളകൾക്കും സൗജന്യ ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടോ എന്ന് വിശദമാക്കാമോ?

## കാർഷിക ഉല്പന്നങ്ങൾക്ക് സാങ്കേതികവിദ്യയിലൂന്നിയുള്ള വിപണന സാധ്യതകൾ

1779 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയ്ക്ക് സാങ്കേതികവിദ്യയിലൂന്നിയുള്ള സമുദ്ധാരണത്തിന് നടപടി സ്വീകരിക്കാമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിലെ ഇത്തരം പ്രവർത്തനങ്ങളുമായി സഹകരിച്ച് സംസ്ഥാനത്തും പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കാർഷിക ഉല്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിന് സാങ്കേതികവിദ്യയിലൂന്നിയുള്ള വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തുമോ?

## കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പാക്കിയ പദ്ധതികൾ

1780 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവനായി തെരഞ്ഞെടുത്ത കൃഷിഭവൻ ഏതാണെന്നും എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് സ്മാർട്ട് കൃഷിഭവനിൽ ലഭ്യമാക്കിയിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) കാർഷിക സേവനങ്ങൾ കർഷക സൗഹൃദമാക്കുന്നതിനും കാർഷികോല്പാദന വിപുലീകരണത്തിനും സ്വീകരിച്ച നടപടി എന്തൊക്കെയെന്ന് വിശദമാക്കാമോ?

## ആറ്റിങ്ങൽ മണ്ഡലത്തിലെ ഇക്കോ ഷോപ്പുകൾ

1781 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ എത്ര ഇക്കോ ഷോപ്പുകളാണ് പ്രവർത്തിക്കുന്നത്; കൃഷിഭവൻ- തദ്ദേശസ്വയംഭരണ സ്ഥാപനം സഹിതം വിശദമാക്കുമോ; ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ ഇക്കോ ഷോപ്പിലും എത്ര രൂപയുടെ പ്രാദേശിക ഉല്പന്നങ്ങളാണ് സംഭരിക്കാൻ കഴിഞ്ഞിട്ടുള്ളത്; വിശദമാക്കുമോ?

## വെള്ളനാട് ബ്ലോക്കിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്

1782 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളനാട് ബ്ലോക്കിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് ഭരണപരമായ സൗകര്യത്തിനായി വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസുമായി ചേർന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## സ്മാർട്ട് കൃഷിഭവനുകൾ

1783 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമവും സുതാര്യവും ആയി നടപ്പിലാക്കാൻ ഉദ്ദേശിച്ച് കൊണ്ടുള്ള സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; സംസ്ഥാനത്ത് എത്ര കൃഷിഭവനുകളാണ് ആദ്യഘട്ടത്തിൽ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതെന്ന് അറിയിക്കാമോ?

## കൃഷിനാശവും നഷ്ടപരിഹാരവും

1784 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലത്തും കഴിഞ്ഞ സർക്കാരിന്റെ കാലത്തും കർഷകർക്കുണ്ടായ കൃഷിനാശത്തിന് നഷ്ടപരിഹാരമായി ഇനി എത്ര തുക വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്ന് അറിയിക്കാമോ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും എത്ര കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;ഇവരുടെ ആശ്രിതർക്ക് എന്തെല്ലാം സഹായം വിതരണം ചെയ്തിട്ടുണ്ട്; വിവരം അറിയിക്കാമോ;

(സി) കാർഷിക വായ്പയെടുത്ത് തിരിച്ചടവ് മുടങ്ങിയ എത്ര കർഷകർക്ക് നിലവിൽ ജപ്തി നടപടികൾ നേരിടേണ്ടി വരുന്നുണ്ട്; ഈ സർക്കാരിന്റെ കാലത്ത് ജപ്തി നടപടി പൂർത്തിയായ എത്ര കേസുകൾ ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) മങ്കട നിയോജകമണ്ഡലത്തിലെ എത്ര കർഷകർക്ക് എത്ര രൂപയുടെ നഷ്ടപരിഹാരത്തുക കുടിശ്ശികയായുണ്ട്; വിശദാംശം ലഭ്യമാക്കുമോ; കുടിശ്ശികയായ നഷ്ടപരിഹാരത്തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## കാർഷിക മേഖലയിലെ യന്ത്രവൽക്കരണം

1785 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ യന്ത്രവൽക്കരണം അനിവാര്യമായ സാഹചര്യത്തിൽ, കാർഷിക യന്ത്രങ്ങൾ പഞ്ചായത്തുകൾ തോറും ലഭ്യമാക്കാനും ഇവയുടെ

അറ്റകുറ്റപണികൾ സമയബന്ധിതമായി നടത്താനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## നെല്ല് സംഭരണം

1786 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിനായി എന്തെല്ലാം മാർഗ്ഗനിർദേ ശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്; വിവരം നൽകുമോ;

(ബി) ഇവ കർഷകർക്ക് പൂർണ്ണമായി സഹായകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## നെൽകൃഷി വിപുലീകരണം

1787 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വിപുലീകരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്നും എന്തൊക്കെ ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകുന്നതെന്നും വിശദമാക്കുമോ;

(ബി) ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം അനുവദിച്ച പദ്ധതികൾ

1788 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ഗുരുവായൂർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം കൃഷി വകുപ്പിന് അനുവദിച്ച പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, ചെലവഴിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ ?

## മൂല്യ വർദ്ധിത കൃഷി മിഷൻ

1789 **ശ്രീ സജി ചെറിയാൻ**
**ശ്രീ ഒ . ആർ. കേളു**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികോല്പാദന ക്ഷമതയും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള മൂല്യ വർദ്ധിത കൃഷി മിഷന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത മിഷന്റെ ഭാഗമായി ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കി സുസ്ഥിര വിപണിയുറപ്പാക്കാൻ പദ്ധതിയുണ്ടോ; ഉല്പന്നങ്ങളുടെ വിപണനത്തിനായി

കാര്യക്ഷമമായ സംവിധാനം ഒരുക്കുന്നതിന് കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഉല്പന്നങ്ങളുടെ സംസ്കരണത്തിനുള്ള ആധുനിക സമ്പ്രദായങ്ങളിൽ പരിശീലനം നൽകി യുവജനങ്ങളെ സംരംഭകരാക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ?

## കൃഷി ദർശൻ പദ്ധതി

1790 **ശ്രീ വി ശശി**

**ശ്രീ. വി. ആർ. സുനിൽകുമാർ**

**ശ്രീ. ഇ കെ വിജയൻ**

**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ കാർഷിക മേഖലകളിലെ കർഷകരോടും ഉദ്യോഗസ്ഥരോടും സംവദിച്ച് കാർഷിക മേഖലയിലെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി വിഭാവനം ചെയ്തിട്ടുള്ള കൃഷി ദർശൻ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ കർഷകരുടെ പ്രശ്നങ്ങൾ കൃത്യമായി മനസ്സിലാക്കുന്നതിനും അവയ്ക്ക് ആവശ്യമായ പരിഹാരം വകുപ്പ്കണ്ടെത്തുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ കാർഷിക സാങ്കേതികവിദ്യകൾ കർഷക സമൂഹത്തിന് കാര്യക്ഷമമായി കൈമാറ്റം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്

1791 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക അടിസ്ഥാനസൗകര്യ മേഖലയിൽ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് എന്ത് മാറ്റമാണുണ്ടാക്കുക എന്ന് വ്യക്തമാക്കാമോ; കർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് പ്രസ്തുത പദ്ധതികൊണ്ട് ലഭ്യമാവുക എന്ന് അറിയിക്കാമോ;

(ബി) വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ വകുപ്പുതല സേവനങ്ങൾ കർഷകർക്ക് കാര്യക്ഷമമായി നൽകുന്നതിന് എന്തെങ്കിലും സംവിധാനം വികസിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വിശദമാക്കാമോ; സ്മാർട്ട് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ വിശദമാക്കാമോ;

(സി) കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള കൂത്താളി കൃഷി ഫാമിൽ കാർഷികോല്പന്നങ്ങളുടെ സംഭരണത്തിനായി വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ തുടങ്ങുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ; നിലവിലുള്ള ഭൂമി പൂർണ്ണമായും കൃഷിയോഗ്യമാക്കുന്നതിന് മുൻപ് എടുത്ത തീരുമാനത്തിന്റെ പുരോഗതി വിശദമാക്കാമോ?

## ഓലാന്തിച്ചിറ നീർത്തട പദ്ധതി

1792 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. ഐ.ഡി.എഫ്. 21 പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടക്കൽ മണ്ഡലത്തിലെ മാറാക്കര- എടയൂർ ഗ്രാമ പഞ്ചായത്തുകളിൽ നടപ്പാക്കി വരുന്ന ഓലാന്തിച്ചിറ നീർത്തട പദ്ധതിയുടെ പൂർത്തീകരണത്തിനായി 2023 മാർച്ച് മാസം വരെ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പദ്ധതി കൺവീനറുടെ അപേക്ഷ ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് 2023 മാർച്ച് മാസം വരെ കാലാവധി നീട്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷൻ

1793 **ശ്രീ എ. സി. മൊയ്തീൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക ഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷൻ എന്ന സംരംഭം ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) കൃഷി, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവ ലക്ഷ്യമിട്ട് സിയാൽ മാതൃകയിൽ കർഷകർക്ക് കൂടി പങ്കാളിത്തമുള്ള കമ്പനി രൂപീകരിക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കാനായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തെ കർഷകരുടെ ക്ഷേമത്തിനായി ലോക ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ച് അന്തിമരൂപം തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## വാമനപുരം മണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവൻ പദ്ധതി

1794 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മണ്ഡലത്തിൽ ഒരു സ്മാർട്ട് കൃഷിഭവൻ എന്ന പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ നിന്ന് ഏത് കൃഷി ഭവനെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് കൃഷി ഭവനുകളെ അപേക്ഷിച്ച് എന്തെല്ലാം പ്രത്യേകതകളാണ് സ്മാർട്ട് കൃഷി ഭവനുകൾക്ക് ഉള്ളത് ; വിശദമാക്കാമോ?

## ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി

1795 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക രംഗത്ത് ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ;

(ബി) കോട്ടയം ജില്ലയിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ?

## ഒരു കൃഷി ഭവനിൽ ഒരു ഉല്പന്നം പദ്ധതി

1796 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷന്റെ ഭാഗമായി ഒരു കൃഷി ഭവനിൽ ഒരു ഉല്പന്നം എന്ന നിലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കൃഷിശ്രീ കേന്ദ്രം പദ്ധതി

1797 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയോജകമണ്ഡലാടിസ്ഥാനത്തിൽ കേന്ദ്രം ആരംഭിക്കുന്ന കൃഷിശ്രീ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ കങ്ങഴ പഞ്ചായത്ത് പരിധിയിൽ പ്രസ്തുത കേന്ദ്രം സ്ഥാപിക്കാൻ നടപടി സ്വീകരിക്കാമോ?

## മൂല്യവർദ്ധിത കാർഷിക മിഷൻ

1798 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിഭവങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങളുണ്ടാക്കാൻ ലക്ഷ്യമിട്ട് 2022-23 ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച മൂല്യവർദ്ധിത കാർഷിക മിഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; മിഷന്റെ ലക്ഷ്യം, പ്രവർത്തന രീതി, വിപണനം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) കേരളത്തിന്റെ തനതായ ഉത്പന്നങ്ങളുടെ ഉത്പാദനം, വിപണനം എന്നിവ വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## പാലക്കാട് ജില്ലയിലെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകൾ

1799 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് കേരഗ്രാമം പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതി മുഖാന്തിരം കേരകർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ്

ലഭ്യമാവുകയെന്ന് അറിയിക്കാമോ;

(സി) മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിനെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിലെ സ്മാർട്ട് കൃഷിഭവനുകൾ

1800 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാലക്കാട് ജില്ലയിലെ ഏതെല്ലാം കൃഷിഭവനുകളാണ് സ്മാർട്ട് കൃഷിഭവനുകളാക്കി നവീകരിക്കുന്നത് എന്ന് അറിയിക്കാമോ; ഓരോ കൃഷിഭവനും അനുവദിച്ച തുകയും പദ്ധതിയുടെ നിർമ്മാണ ചുമതല ആർക്കാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ?

## ഒറ്റപ്പാലം മണ്ഡലത്തിലെ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതികൾ

1801 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഒറ്റപ്പാലം മണ്ഡലത്തിൽ സബ്സിഡി ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കുവേണ്ടി കർഷകർ അപേക്ഷ സമർപ്പിക്കേണ്ട രീതി വിശദമാക്കുമോ?

## കണ്ണൂർ മണ്ഡലത്തിലെ മുണ്ടേരി അഗ്രിഫാം

1802 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മുണ്ടേരി അഗ്രിഫാമിന്റെ പുരോഗതി വിശദമാക്കാമോ; ഫാം ആരംഭിക്കുവാനുള്ള തടസ്സമെന്തെന്ന് വിശദമാക്കാമോ?

## ഞങ്ങളും കൃഷിയിലേക്ക് പദ്ധതി

1803 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളെയും, യുവാക്കളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും, കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയിലൂടെ സംസ്ഥാനത്തെ കാർഷിക ഉൽപാദനം വർദ്ധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ കാർഷിക മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

1804 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ കാർഷിക സംരക്ഷണവുമായി ബന്ധപ്പെട്ട് ആർ.കെ.വി.വൈ. (രാഷ്ട്രീയ കൃഷി വികാസ് യോജന), ആർ.ഐ.ഡി.എഫ്. (റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ഫണ്ട്), നബാർഡ് എന്നിവയുടെ പദ്ധതികളിൽ ഉൾപ്പെടുത്തിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും എത്ര പദ്ധതികൾ നടപ്പ് വർഷം അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പേര്, പദ്ധതി, പദ്ധതിയുടെ തുക, പദ്ധതിയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

## തൃശ്ശൂർ ജില്ലയിലെ സ്മാർട്ട് കൃഷിഭവൻ

1805 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിന് തൃശ്ശൂർ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത പതിനാല് കൃഷിഭവനുകളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീയാക്കുമെന്ന് വിശദമാക്കാമോ?

## കുട്ടനാട്ടിൽ പി.എം.കുസും പദ്ധതി

1806 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്, അപ്പർ കുട്ടനാട് പാടശേഖരങ്ങളിൽ ഉപയോഗിച്ചു വരുന്ന പമ്പുകൾ പി.എം.കുസും പദ്ധതിയിൽ ഉൾപ്പെടുത്തി സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കുട്ടനാട്ടിലേയും അപ്പർ കുട്ടനാട്ടിലേയും പാടശേഖരങ്ങളിലെ എത്ര പമ്പ് സെറ്റുകളാണ് പി.എം.കുസും പദ്ധതി പ്രകാരം സോളാർ പാനലിലേയ്ക്ക് മാറ്റുന്നത്; വിശദീകരണം നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കുമോ നൽകുമോ; ഈ പദ്ധതി നടപ്പാക്കാൻ വകുപ്പുകൾ തമ്മിലുള്ള ഏകോപനം സാധ്യമാകുമോ; അറിയിക്കാമോ?

## സംസ്ഥാനത്ത് നെല്ല് സംഭരണത്തിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

1807 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണ മേഖലയിൽ ഉണ്ടായ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതുമൂലം കർഷകർ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ പ്രത്യേക പാക്കേജ്

ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) നെല്ല് സംഭരണത്തിന് നടപടി സ്വീകരിക്കാത്തത് മൂലം 2022-23 സാമ്പത്തിക വർഷത്തിൽ എത്ര ടൺ നെല്ല് ഉപയോഗ ശൂന്യമായെന്ന് കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പുതുക്കാട് മണ്ഡലത്തിലെ "പൊലിമ" പദ്ധതി

1808 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിൽ കുടുംബശ്രീ , അയൽക്കൂട്ടങ്ങൾ എന്നിവ വഴി കൃഷി, തദ്ദേശസ്വയംഭരണം ,സഹകരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ആവിഷ്കരിച്ച് നടപ്പാക്കുന്ന "പൊലിമ" പുതുക്കാട് കാർഷിക പദ്ധതിയുടെ നടത്തിപ്പിനായി പച്ചക്കറി തൈകൾ, വിത്തുകൾ, വളങ്ങൾ, എന്നിവ പ്രത്യേകമായി അനുവദിക്കുന്നതിനും പ്രത്യേകമായി ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ?

## ഞങ്ങളും കൃഷിയിടത്തിലേക്ക് പദ്ധതി

1809 **ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുന്നതിന് ആവിഷ്കരിച്ച ഞങ്ങളും കൃഷിയിടത്തിലേക്ക് പദ്ധതി ഫലപ്രദമായി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) പതിനായിരം കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും ജൈവകൃഷി വ്യാപകമാക്കുന്നതിനും പ്രസ്തുത പദ്ധതി ലക്ഷ്യമിട്ടിരുന്നോ; ഈ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞ നേട്ടം വിലയിരുത്തിയിട്ടുണ്ടോ; കൃഷിയിൽ ശാസ്ത്രീയ രീതി അവലംബിക്കുന്നത് വ്യാപകമാക്കാനായിട്ടുണ്ടോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നെൽകൃഷിക്ക് നൽകിയ പ്രാധാന്യത്തിന്റെ ഫലമായി ഉല്പാദനത്തിലും വിസ്തൃതിയിലും വർദ്ധനവ് സൃഷ്ടിക്കാനായിട്ടുണ്ടോ; വിശദാംശം നൽകാമോ?

## വീടുകളിൽ പച്ചക്കറി വിത്തുകളും തൈകളും വിതരണം

1810 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹനവുമായി ബന്ധപ്പെട്ട് വീടുകളിൽ ഉദ്യോഗസ്ഥർ നേരിട്ട് പച്ചക്കറി വിത്തുകളും തൈകളും വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ ടി പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) വീടുകളിൽ പച്ചക്കറി വിത്തുകളും തൈകളും വിതരണം ചെയ്യുന്നുണ്ടെങ്കിൽ ആയത് പരിപാലിക്കുന്നുണ്ടോയെന്നറിയാൻ നിലവിൽ സർക്കാർ സംവിധാനങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

## ആറ്റിങ്ങൽ കരവാരം-പറക്കുളം പാടശേഖരത്തിലെ നെല്ലിന്റെ രോഗബാധ

1811 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കരവാരം-പറക്കുളം പാടശേഖരത്തിൽ നെല്ലിന് രോഗബാധയുണ്ടായ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; രോഗബാധ പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

## കുട്ടനാട്ടിലെ നെല്ല് സംഭരണം

1812 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ നെല്ല് സംഭരണത്തിൽ വന്നിട്ടുള്ള പാളിച്ചകൾ കാരണം കർഷകർക്കുണ്ടായ നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ വന്നിട്ടുള്ള അനാസ്ഥ കാരണം എത്ര ക്വിന്റൽ നെല്ലാണ് നശിക്കാൻ ഇടയായതെന്ന വിവരം അറിയിക്കുമോ;

(സി) ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കി കുട്ടനാട്ടിലെ നെല്ല് സംഭരണം കൃത്യമായും, സുഗമമായും നടപ്പിലാക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ?

## കഴിഞ്ഞ അഞ്ച് വർഷത്തെ നെല്ല് സംഭരണം

1813 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷമായി സംഭരിച്ച നെല്ലിന്റെ അളവ് എത്രയാണെന്നും ഒരു കിലോയ്ക്ക് എത്ര വിലയാണ് നൽകിയതെന്നുമുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷമായി നെല്ല് സംഭരിക്കുന്നതിനായി കേന്ദ്രവിഹിതമായി എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) കൃത്യമായി നെല്ല് സംഭരിക്കാത്തത് മൂലം കർഷകർക്ക് ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## നടപ്പ് വർഷത്തെ നെല്ല് ഉൽപാദനം

1814 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് വർഷത്തിൽ സംസ്ഥാനത്തെ നെല്ലിന്റെ മൊത്തം ഉല്പാദനം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) നടപ്പുവർഷത്തിൽ മുൻ വർഷത്തെക്കാൾ ഉല്പാദനവർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) നടപ്പുവർഷത്തിൽ എത്ര നെല്ലാണ് മൊത്തം സംഭരിക്കാൻ സാധിച്ചത് എന്ന് അറിയിക്കുമോ?

## നെല്ല് സംഭരണത്തിലെ അപാകത

1815 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണം കൃത്യമായി നടക്കാത്തത് മൂലം കർഷകർ നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിലെ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വില നൽകാത്തത് ഉല്പാദകരെ ദുരിതത്തിലാക്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിക്കുമോ;

(സി) നെല്ല് സംഭരണത്തിന് മില്ലുകൾ മുന്നോട്ട് വരാത്തത് മൂലമുള്ള പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ഡി) മില്ലുകൾക്ക് നൽകാനുള്ള തുക സർക്കാർ ലഭ്യമാക്കിയിട്ടുണ്ടോ; പ്രസ്തുത തുകയിൽ കൈകാര്യ ചെലവ് ഉൾപ്പെട്ടിട്ടുണ്ടോ;

(ഇ) മില്ലുകൾക്ക് ലഭിച്ച തുകയുടെ ജി. എസ്. ടി കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; ശേഖരിക്കുന്ന നെല്ലിന്റെ ഔട്ട് ടേൺ അനുപാതം ഏത് രീതിയിലാണ് തുടരുന്നതെന്ന് വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിലെ നെൽകൃഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

1816 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലക്കാട് ജില്ലയിലെ നെൽകൃഷി വർദ്ധിപ്പിക്കുന്നതിനായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം മണ്ഡലത്തിൽ നിലവിൽ നെൽകൃഷിക്ക് അനുയോജ്യമായ എത്ര ഹെക്ടർ ഭൂമി തരിശ്ശായി കിടക്കുന്നുണ്ട്; അത്തരം തരിശ്ശുഭൂമിയിൽ കൃഷി ചെയ്യുന്നതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## നെൽകൃഷിയുടെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കാൻ നടപടി

1817 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിയുടെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികളുടെ വിശദാംശം നൽകാമോ;

(ബി) തരിശ് ഭൂമി നിർമ്മാർജന പരിപാടി വിപുലീകരിക്കുന്നിനും ശാക്തീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

## പൊക്കാളി നെല്ല് സംഭരണം

1818 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊക്കാളി കർഷകർ ഈ വർഷം ഉല്പാദിപ്പിച്ച നെല്ല് സംഭരിക്കുന്നതിനും പൊക്കാളി നെല്ലിന് പ്രത്യേക താങ്ങുവില പ്രഖ്യാപിക്കുന്നതിനും എന്തെങ്കിലും

പദ്ധതി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) പൊക്കാളി മേഖലയിലുള്ള ഏതെല്ലാം സഹകരണ സ്ഥാപനങ്ങളാണ് നിലവിൽ പൊക്കാളി നെല്ല് സംഭരിക്കുന്നതെന്നും എത്ര രൂപയ്ക്കാണ് നെല്ല് സംഭരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) പൊക്കാളി നെല്ലിന്റെ ഉല്പാദന ചെലവ് വകുപ്പ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ കുറഞ്ഞത് എത്ര രൂപയ്ക്ക് സംഭരിച്ചാലാണ് കർഷകന് ലാഭം ഉണ്ടാവുന്നതെന്ന് വിശദമാക്കാമോ;

(ഡി) പൊക്കാളി നെല്ല് സംസ്കരിക്കുന്നതിനുള്ള റൈസ് മിൽ പൊക്കാളി മേഖലയിൽ എവിടെയെങ്കിലും പ്രവർത്തിക്കുന്നുണ്ടോ; പുതിയ റൈസ് മിൽ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിവരം നൽകുമോ;

(ഇ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി, എളങ്കുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം, എടവനക്കാട്, കുഴുപ്പിള്ളി, പള്ളിപ്പുറം എന്നീ ഗ്രാമപഞ്ചായത്തുകളിൽ കൂടുതലായി ഉല്പാദിപ്പിക്കപ്പെട്ട പൊക്കാളി നെല്ല് കർഷകർക്ക് അർഹമായ വില ലഭ്യമാകാത്തതിനാൽ സംഭരിക്കപ്പെടാതെ കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് 16.11.2022-ന് വകുപ്പ് മന്ത്രിക്ക് കടമക്കുടി ഗ്രാമപഞ്ചായത്ത് നൽകിയ നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

## <u>പൊക്കാളി പാടത്ത് അടിസ്ഥാന സൗകര്യം</u>

1819 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊക്കാളി കൃഷിയുടെ സംരക്ഷണത്തിനും ക്ഷേമത്തിനും വേണ്ടി സ്ഥാപിച്ചിട്ടുള്ള പൊക്കാളി ലാന്റ് ഡെവലപ്പ്മെന്റ് ഏജൻസി കഴിഞ്ഞ 5 വർഷക്കാലം പൊക്കാളി കൃഷിയുടെ ഉന്നമനത്തിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികളും സർക്കാരിൽ നിന്നും കഴിഞ്ഞ 5 വർഷക്കാലം പി.എൽ.ഡി.എ.യ്ക്ക് ലഭ്യമായ ഫണ്ടിന്റെ വിശദാംശവും വ്യക്തമാക്കാമോ;

(ബി) പൊക്കാളി പാടത്ത് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി ത്തുമ്പ് നിർമ്മാണം, ബണ്ട് റിപ്പയർ ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളിൽ കർഷകർക്ക് സഹായം നൽകുന്നതിന് കൃഷി വകുപ്പിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോയെന്ന് അറിയിക്കാമോ;

(സി) പൊക്കാളി പാടത്ത് യന്ത്രവത്കരണത്തിനായി ചെയ്തിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## <u>കുണ്ടറ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി</u>

1820 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി പ്രകാരം എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ബി) കുണ്ടറ മണ്ഡലത്തിലെ ഓരോ കൃഷിഭവനിലും എത്ര കർഷകർക്കാണ് ഇതിന്റെ ഗുണഫലം ലഭിക്കുന്നത്; വിശദമാക്കുമോ?

## കുറ്റ്യാടി മണ്ഡലത്തിലെ കേര ഗ്രാമം പദ്ധതി

1821 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മാസം മുതൽ കുറ്റ്യാടി മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി വഴി ആനുകൂല്യങ്ങൾ ലഭിച്ച കർഷകരുടെ എണ്ണവും നൽകിയ ആനുകൂല്യങ്ങളുടെ വിവരങ്ങളും അറിയിക്കാമോ;

(ബി) വില്ല്യാപ്പള്ളി ഗ്രാമ പഞ്ചായത്തിൽ കേരഗ്രാമം പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## നാളികേരത്തിന്റെ ഉല്പാദനത്തിലുണ്ടായ വർദ്ധനവ്

1822 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പു വർഷത്തിൽ നാളികേരത്തിന്റെ ഉല്പാദനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) നടപ്പു വർഷത്തിൽ നാളികേരത്തിന്റെ ഉല്പാദനത്തിലുണ്ടായ വർദ്ധനവ് മുൻ വർഷത്തേക്കാൾ എത്രയധികമാണെന്ന് അറിയിക്കുമോ;

(സി) നടപ്പു വർഷത്തിൽ എത്ര നാളികേരം സംഭരിക്കാൻ സാധിച്ചു എന്ന് അറിയിക്കാമോ?

## മണലൂർ മണ്ഡലത്തിലെ കേരഗ്രാമങ്ങൾ

1823 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ എത്ര കേരഗ്രാമങ്ങൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണലൂർ മണ്ഡലത്തിൽ എത്ര കേരഗ്രാമങ്ങൾ അനുവദിച്ചെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) കേരഗ്രാമങ്ങൾക്ക് വകുപ്പ് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(ഡി) മണലൂർ മണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം എന്തൊക്കെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## നാളികേര വിലയിടിവ് തടയാനുള്ള നടപടികൾ

1824 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാം ഓയിലിന് നികുതി കുറച്ചതുൾപ്പെടെയുള്ള കേന്ദ്ര സർക്കാർ നയങ്ങൾ കാരണം തേങ്ങക്ക് കനത്ത വിലയിടിവുണ്ടാകുന്നത് തടയുന്നതിനായി സർക്കാർ നടത്തുന്ന

ഇടപെടലുകൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) കേരഫെഡും നാളികേര വികസന ബോർഡും നടത്തുന്ന പച്ചത്തേങ്ങ സംഭരണം ഫലപ്രദമായിട്ടുണ്ടോ; നാഫെഡ് മുഖേനയുള്ള കൊപ്ര സംഭരണം കാര്യക്ഷമമല്ലാതെ പോകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) വെളിച്ചെണ്ണയുടെയും മറ്റ് മൂല്യവർദ്ധിതോല്പന്നങ്ങളുടേയും വിപണി വിപുലീകരിച്ച് വിലയിടിവ് തടയാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

## നാളികേര സംഭരണം

1825 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര സംഭരണം കൃഷി ഭവൻ മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) നാളികേരത്തിന് താങ്ങുവില വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## പച്ചത്തേങ്ങ സംഭരണ നടപടികൾ

1826 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ പച്ചത്തേങ്ങ സംഭരണ നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ ജില്ലയിൽ കേരഫെഡിന്റെ സംഭരണകേന്ദ്രങ്ങൾ, നാളികേര സംഭരണത്തിനായുള്ള സ്വാശ്രയ സംഘങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കുമോ?

## കേരഗ്രാമം പദ്ധതി

1827 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം പ്രദേശത്ത് എത്ര ഏക്കർ സ്ഥലത്താണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും ചെലവഴിച്ച തുക സംബന്ധിച്ച വിവരവും നൽകാമോ?

## പച്ചത്തേങ്ങ സംഭരണ പദ്ധതി

1828 **ശ്രീ ഒ . ആർ. കേളു**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന്റെ വിലയിടിവ് മൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിനായി ആരംഭിച്ച പച്ചത്തേങ്ങ സംഭരണ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കൊപ്രയിൽ നിന്ന് ഉല്പാദനം നടത്തുന്നവർക്ക് സംഭരണത്തിന് അനുമതി നിഷേധിച്ച നാഫെഡ് മാനദണ്ഡങ്ങൾ സംസ്ഥാനത്തെ കൊപ്ര സംഭരണത്തെ പ്രതികൂലമായി ബാധിക്കുകയുണ്ടായോ; വിശദമാക്കുമോ;

(സി) നാളികേര കർഷകരുടെ ക്ഷേമത്തിനും നാളികേര മേഖലയുടെ സമഗ്ര വികസനത്തിനുമായി സ്വീകരിച്ചു വരുന്ന പരിപാടികൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

## നാളികേര കർഷകരുടെ പ്രയാസങ്ങൾ

1829 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉല്പാദന കുറവും ഇടയ്ക്കിടെ വിലയിൽ വരുന്ന മാറ്റവും കാരണം നാളികേര കർഷകർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവരം നൽകുമോ;

(ബി) നാളികേര കർഷകരെ സഹായിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

## തെങ്ങ് കൃഷി പരിപാലനത്തിനും വ്യാപനത്തിനുമുള്ള പദ്ധതികൾ

1830 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തെങ്ങ് കൃഷിയുടെ പരിപാലനത്തിനും വികസനത്തിനും വ്യാപനത്തിനുമായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

## കർഷക ക്ഷേമനിധി ബോർഡുകൾ

1831 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക ക്ഷേമനിധി ബോർഡ്, കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ മുഖേന സംസ്ഥാനത്തെ കർഷകർക്കും തൊഴിലാളികൾക്കും എന്തൊക്കെ സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

## വാമനപുരം മണ്ഡലത്തിലെ കർഷക പെൻഷൻ അപേക്ഷകൾ

1832 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം മണ്ഡലത്തിലെ കൃഷിഭവനുകളിൽ കർഷക പെൻഷന് വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അവയിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ടെന്നും കൃഷി ഭവൻ തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ആകെ എത്രപേർ നിലവിൽ കർഷക പെൻഷൻ വാങ്ങുന്നുണ്ടെന്ന് അറിയിക്കാമോ?

**കർഷക ക്ഷേമനിധിയിൽ ചേരുന്ന കർഷകന് ലഭിക്കുന്ന ആനുകൂല്യങ്ങൾ**

1833 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കർഷക ക്ഷേമനിധി ആക്ട് പ്രകാരം കർഷക ക്ഷേമനിധിയിൽ ചേരുന്ന കർഷകന് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അതിനായി സമർപ്പിക്കേണ്ട വരുമാന സർട്ടിഫിക്കറ്റിൽ കർഷകന്റെ വാർഷിക വരുമാനമാണോ കുടുംബ വാർഷിക വരുമാനമാണോ മാനദണ്ഡമായി എടുക്കുന്നത്; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് കർഷക ക്ഷേമനിധിയിൽ ഇതുവരെ എത്ര പേർ അംഗത്വമെടുത്തിട്ടുണ്ട്;

(ഡി) ഇതുവരെ ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ഇ) പ്രസ്തുത ക്ഷേമനിധിയിൽ അംഗമായ എത്ര പേർക്ക് നിലവിൽ പെൻഷൻ നൽകുന്നുണ്ട്;

(എഫ്) തൃശ്ശൂർ ജില്ലയിൽ എത്ര പേർ കർഷക ക്ഷേമനിധിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും എത്രപേരുടെ അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും എത്രപേർക്ക് പെൻഷൻ നൽകുന്നുണ്ടെന്നുമുള്ള വിശദാംശം അറിയിക്കാമോ?

**നെയ്യാറ്റിൻകര മണ്ഡലത്തിലെ കർഷകർക്കുള്ള പ്രകൃതിക്ഷോഭ ധനസഹായം**

1834 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ നെയ്യാറ്റിൻകര നഗരസഭ, പെരുമ്പഴുതൂർ, അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ കൃഷിഭവനുകളിൽ ഓരോന്നിലും പ്രകൃതിക്ഷോഭത്തിനിരയായ കർഷകരിൽ ഇനി എത്ര കർഷകർക്കാണ് ധനസഹായം നൽകാൻ ഉള്ളതെന്ന് വിശദമാക്കാമോ?

**വാഴ കർഷകർക്കുള്ള കാലവർഷക്കെടുതി ധനസഹായം**

1835 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ വരെ കാലവർഷക്കെടുതിയിലും മറ്റും വാഴകൃഷിയിൽ വന്നിട്ടുള്ള നഷ്ടം നികത്തുന്നതിന് കർഷകർക്ക് നല്കിയിട്ടുള്ള നഷ്ടപരിഹാര തുകയെത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ വാഴകൃഷി കർഷകർക്ക് വന്നിട്ടുള്ള നഷ്ടത്തിന് നഷ്ടപരിഹാരമായി അനുവദിച്ചിട്ടുള്ള ധനസഹായവും മറ്റ് സഹായങ്ങളും കൃഷിഭവനുകൾ തിരിച്ച് വിശദമാക്കുമോ?

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച , കർഷകർക്കുള്ള നഷ്ടപരിഹാരം**

1836 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ, മഴക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകിയ നഷ്ടപരിഹാര തുക എത്രയെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) നഷ്ടപരിഹാരത്തിനായി അപേക്ഷിച്ച എല്ലാ കർഷകർക്കും തുക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ എത്രപേർക്ക് പ്രസ്തുത തുക നല്കാനുണ്ടെന്നും ഇതുവരെ നൽകാത്തതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ?

**ഏലയ്ക്കയുടെ വിലയിടിവ് മൂലം ഏലം കർഷകർ നേരിടുന്ന പ്രതിസന്ധി**

1837 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലയ്ക്കയുടെ വിലയിടിവ് മൂലം ഏലം കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർഷകർ വ്യാപകമായി ഏലം കൃഷി ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്ന സാഹചര്യത്തിൽ ഏലയ്ക്കക്ക് തറവില നിശ്ചയിച്ച് തരുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; നാളിതുവരെ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഏലം കർഷകരെ ഗുരുതര പ്രതിസന്ധിയിൽ നിന്നും രക്ഷിക്കാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

**കാർഷികഫാമുകൾ ശക്തിപ്പെടുത്തി നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്ന നടപടികൾ**

1838 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷികഫാമുകൾ ശക്തിപ്പെടുത്തി കർഷകർക്കാവശ്യമായ വിത്ത് ഉൾപ്പെടെയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടിയുണ്ടാകുമോ; മണ്ണ് പരിശോധനയും വളങ്ങളുടെയും കീടനാശിനികളുടെയും പരിശോധനയും അതത് ഫാമുകളിൽ നടത്താൻ നടപടിയുണ്ടാകുമോ; വിശദമാക്കാമോ?

**കുറ്റ്യാടി മണ്ഡലത്തിലെ തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കാൻ നടപടി**

1839 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ നിലവിൽ കൃഷി നടത്താതെ തരിശ് നിലമായി കിടക്കുന്ന ഭൂമിയുടെ വിസ്തൃതി, കൃഷിയുടെ ഇനം തിരിച്ച് അറിയിക്കാമോ;

(ബി) ഇത്തരം തരിശ് സ്ഥലങ്ങൾ കൃഷി യോഗ്യമാക്കുന്നതിന് നിലവിലെ തടസ്സങ്ങൾ എന്തൊക്കെയെന്നും ആയതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ്

സ്വീകരിക്കുന്നതെന്നും അറിയിക്കാമോ?

**നെൽ കർഷക ഇൻഷ്വറൻസ്**

1840 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽ കർഷകർക്ക് സബ്സിഡി ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ്, സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് ഇവയിൽ ഏതെങ്കിലും ഒന്ന് മതിയെന്ന ഉത്തരവ് ഇറക്കി കർഷകർക്ക് ആശ്വാസം പകരാൻ നടപടി സ്വീകരിക്കുമോ?

**കൃഷി ഫാമുകളിലെ സ്ഥിരം തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

1841 **ശ്രീ. പി.വി.അൻവർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി ഫാമുകളിലെ സ്ഥിരം തൊഴിലാളികളെ എസ്.എൽ.ഐ., ജി.ഐ.എസ്., ജി.പി.എ.ഐ.എസ്. തുടങ്ങിയ ഇൻഷ്വറൻസ് പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഫാമുകളിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരും ദിവസ വേതനക്കാരും അല്ലാത്ത മുഴുവൻ സ്ഥിരം തൊഴിലാളികളെയും മുകളിൽ സൂചിപ്പിച്ച ഇൻഷ്വറൻസ് പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനുള്ള തടസ്സങ്ങളെന്തെന്ന് വ്യക്തമാക്കാമോ;

(സി) ഫാം തൊഴിലാളികൾക്കും മെഡിസെപ്പ് ഇൻഷ്വറൻസ് ബാധകമാണെന്ന ഉത്തരവ് നിലവിലിരിക്കെ 2022 ജൂൺ മാസം മുതൽ 500 രൂപ പ്രതിമാസ പ്രീമിയം അടച്ചിട്ടും മുഴുവൻ പേർക്കും മെഡിസെപ്പ് ഐ.ഡി. നൽകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) മെഡിസെപ്പ് ഐ.ഡി. കിട്ടാത്തതിനാൽ ആശുപത്രികളിൽ ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇവർക്ക് ഐ.ഡി. അടിയന്തരമായി ലഭ്യമാക്കാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

**കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ**

1842 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി കർഷക ക്ഷേമനിധി ബോർഡ് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**രാസവളങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ നടപടി**

1843 **ശ്രീ. മുരളി പെരുനെല്ലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂറിയ, പൊട്ടാഷ്, ഫാക്ടംഫോസ് തുടങ്ങിയ രാസവളങ്ങൾക്ക് ക്രമാതീതയമായി വില ഉയരുകയും അവ ആവശ്യത്തിന് ലഭിക്കാതിരിക്കുകയും രാസവളങ്ങളുടെ

ലഭ്യതക്കുറവ് മൂലം കർഷകർ ആവശ്യപ്പെടുന്ന വളങ്ങൾ മതിയായ അളവിൽ നൽകാതെ മറ്റ് രാസവളങ്ങളും കീടനാശിനികളും കൂടി വാങ്ങാൻ വളം വിതരണക്കാർ നിർബന്ധിക്കുന്നതുമായുമുള്ള കർഷകരുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## അഗ്രോ സർവീസ് സെന്ററുകൾ

1844 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2022-23 വർഷത്തിൽ ഏതൊക്കെ ജില്ലയിലാണ് അഗ്രോ സർവീസ് സെന്ററുകൾ ആരംഭിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) ഓരോ അഗ്രോ സർവീസ് സെന്ററുകൾക്കും എത്ര തുകയാണ് അനുവദിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) അഗ്രോ സർവീസ് സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ബ്ലോക്കുകളുടെ പേരു വിവരം വിശദമാക്കാമോ?

## മറ്റത്തൂർ വി.എഫ്.പി.സി.കെ. സ്വാശ്രയ സമിതിക്ക് ഹോർട്ടികോർപ്പ് നൽകാനുള്ള തുക

1845 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മറ്റത്തൂർ വി.എഫ്.പി.സി.കെ. (വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള) സ്വാശ്രയ കർഷക സമിതിയ്ക്ക് ഹോർട്ടികോർപ്പിൽ നിന്നും പണം ലഭ്യമായില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പച്ചക്കറി നൽകിയ വകയിൽ മറ്റത്തൂർ വി.എഫ്.പി.സി.കെ. സ്വാശ്രയ സമിതിക്ക് ഹോർട്ടികോർപ്പ് നൽകാനുള്ള മുഴുവൻ തുകയും അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## ഹോർട്ടികോർപ്പിന്റെ വില്പനശാലകൾ സ്വകാര്യവൽക്കരിക്കാൻ നടപടി

1846 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിന്റെ വില്പനശാലകൾ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പല പച്ചക്കറികൾക്കും വിപണി വിലയേക്കാൾ ഉയർന്ന വില ഹോർട്ടികോർപ്പിൽ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) വിപണിയിലെ ആവശ്യം പരിഗണിച്ച് സംഭരണ വിപണന പ്രവർത്തനങ്ങൾക്ക് ആധുനികവൽക്കരണം ഏർപ്പെടുത്തുമോ; പരിശോധനകൾക്ക് സംവിധാനം ഒരുക്കുമോ; വിശദമാക്കുമോ;

(ഡി) നാട്ടിൽ കൃഷിചെയ്യുന്ന വിഷമുക്തമായ പച്ചക്കറി സംഭരിച്ച് വിതരണം ചെയ്യുന്നതിന് ഹോർട്ടികോർപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ഇ) പച്ചക്കറികൾ സംഭരിച്ച വകയിൽ കർഷക സംഘങ്ങൾക്ക് കൊടുത്തു തീർക്കുവാനുള്ള മുഴുവൻ തുകയും കൊടുത്തു തീർത്തിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) ഹോർട്ടികോർപ്പ് ജീവനക്കാരായുള്ള തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കർഷക കടാശ്വാസ കമ്മീഷൻ

1847 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ കടാശ്വാസത്തിനായി പരിഗണിക്കുന്ന വായ്പ തീയതി എന്നു വരെ ഉള്ളവർക്കാണ്; വ്യക്തമാക്കുമോ;

(ബി) 2018-ലും തുടർന്നുള്ള വർഷങ്ങളിലും ഉണ്ടായ പ്രളയക്കെടുതി കൂടി പരിഗണിച്ചുകൊണ്ട് കടാശ്വാസത്തിനായി പരിഗണിക്കുന്ന വായ്പ തീയതി 2020 ഡിസംബർ 31 വരെ ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) നാഷണലൈസ്ഡ് ബാങ്കിൽ നിന്നും കാർഷിക കടങ്ങൾ എടുത്തിട്ടുള്ള കർഷകർക്ക് കടാശ്വാസ കമ്മീഷൻ മുഖേന സഹായം അനുവദിക്കുന്നതിന് സാധിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കർഷകർക്ക് കൂടി സഹായം അനുവദിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1848 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ വകയിരുത്തിയിട്ടുള്ള തുകയും അവയുടെ നിലവിലെ പ്രവർത്തന പുരോഗതിയും അറിയിക്കാമോ?

## കർഷക ക്ഷേമനിധി

1849 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകരുടെ എണ്ണം വകുപ്പിന്റെ കൈവശമുണ്ടോ; വിവരം നൽകുമോ;

(ബി) നാളിതുവരെ എത്ര കർഷകരെ കർഷക ക്ഷേമനിധി ബോർഡിൽ അംഗമാക്കിയിട്ടുണ്ട് ; വിശദാംശം നൽകുമോ;

(സി) കർഷക ക്ഷേമനിധി ബോർഡിന്റെ പദ്ധതി അംഗീകാരത്തിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചത് എന്നാണ്; അംഗീകാരം ലഭിച്ചതെന്നാണ്; വിവരം

നൽകുമോ;

(ഡി) പ്രസ്തുത ക്ഷേമനിധി പദ്ധതിയ്ക്ക് അംഗീകാരം ലഭിയ്ക്കുവാൻ കാലതാമസം നേരിട്ടതിന് കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത വിഷയം സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കേരഫെഡിൽ നടന്ന താത്കാലിക /കരാർ നിയമനങ്ങൾ

1850 **ശ്രീ . എൻ . ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡിലെ നിയമന ചട്ടങ്ങൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് അംഗീകരിച്ച തീയതി, പ്രാബല്യത്തിൽ വന്ന തീയതി എന്നീ വിവരങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കേരഫെഡ് സ്റ്റാഫ് പാറ്റേണിൽ പരാമർശിച്ചിട്ടുള്ള തസ്തികകളിൽ പി.എസ്.സി. മുഖേനയാണ് നിയമനം നടത്തേണ്ടത് എന്ന വ്യക്തമായ നിർദ്ദേശം ഉള്ളപ്പോൾ ഇവിടെ താൽക്കാലിക/കരാർ നിയമനങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ;

(സി) 2016 മുതൽ നാളിതുവരെ കേരഫെഡിൽ നടന്ന താത്കാലിക/കരാർ നിയമനങ്ങളുടെ വിശദാംശം നൽകുമോ;

(ഡി) ഇവരിൽ എത്ര താൽക്കാലിക/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; വിശദ വിവരം ലഭ്യമാക്കുമോ?

## കേരഫെഡിലെ അനധികൃത നിയമനം

1851 **ശ്രീ. അബ്ദുൽ ഹമീദ് പി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അംഗീകരിച്ച സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടും കേരഫെഡിൽ അനധികൃത നിയമനം നടക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടും കേരഫെഡിൽ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടും കേരഫെഡിൽ ഫയർമാൻ, അനലിസ്റ്റ് എന്നീ തസ്തികകളിൽ നടത്തിയ കരാർ നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## പാലക്കാട് ജില്ലയിലെ കൃഷിശ്രീ സെന്ററുകൾ

1852 **ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് കൃഷിശ്രീ സെന്ററുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ആലത്തൂർ മണ്ഡലത്തിലെ ഏതെങ്കിലും ബ്ലോക്കിൽ കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആലത്തൂർ മണ്ഡലത്തിൽ കൃഷിശ്രീ സെന്ററുകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വ്യക്തമാക്കുമോ;

(ഡി) കൃഷിശ്രീ സെന്ററുകളുടെ പ്രവർത്തനം വിശദമാക്കാമോ?

## തിരുവമ്പാടി കൃഷിഭവൻ നിർമ്മാണം

1853 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി കൃഷിഭവനുവേണ്ടി നബാർഡ് ധനസഹായത്തോടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ രൂപരേഖ തയ്യാറായിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആയതിന്റെ പകർപ്പും വിശദാംശവും ലഭ്യമാക്കുമോ;

(സി) നിലവിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്ന് ഫണ്ട് അനുവദിച്ച് നിർമ്മാണം ആരംഭിച്ച പ്രവൃത്തിയുമായി സംയോജിപ്പിച്ച് പ്ലാൻ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## കൃഷി വകുപ്പ് ഓഫീസുകളിലെ എ.ജി. പരിശോധന

1854 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കൃഷി വകുപ്പിലെ ഏതെല്ലാം ഓഫീസുകളിലാണ് അക്കൗണ്ടന്റ് ജനറൽ പരിശോധന നടത്തിയത്; ഇവയിൽ ഏതെല്ലാം ഓഫീസുകളിലാണ് ക്രമക്കേടുകൾ നടന്നതായി എ.ജി. കണ്ടെത്തിയത്; വിശദമാക്കാമോ;

(ബി) കൃഷി അസിസ്റ്റന്റ് ഡയറക്ടർ തലത്തിലുള്ള ഓഫീസുകളിൽ എ.ജി. കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാക്കുമോ;

(സി) ഉപയോഗശൂന്യമായ കാർഷിക ഉപകരണങ്ങൾ വൻതോതിൽ വാങ്ങിയതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഏതൊക്കെ ഓഫീസുകളിലാണ് ഇത്തരം വാങ്ങലുകൾ നടന്നതായി കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

## തിരുവനന്തപുരം ജില്ലയിലെ സ്മാർട്ട് കൃഷി ഭവനുകൾ

1855 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം കൃഷി ഭവനുകളാണ് സ്മാർട്ട് കൃഷി ഭവനുകളായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## തിരുവല്ല മണ്ഡലത്തിലെ നിരണം, പെരിങ്ങര കൃഷി ഭവനുകൾക്ക് പുതിയ കെട്ടിടം

1856 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല മണ്ഡലത്തിലെ നിരണം, പെരിങ്ങര പഞ്ചായത്തുകളിൽ കൃഷി ഭവനുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുവാൻ തുക അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ?

## പാണാവള്ളി കൃഷിഭവൻ നിർമ്മാണം

1857 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ പാണാവള്ളി കൃഷിഭവൻ നിർമ്മാണത്തിനായി കെട്ടിടം പൊളിക്കുന്നതിന് അനുമതി വാങ്ങുന്നതുമായി ബന്ധപ്പെട്ട് കൃഷി ഡയറക്ടറേറ്റിലേക്ക് നൽകിയ ഫയൽ നിരസിക്കാനുള്ള കാരണം വിശദമാക്കാമോ;

(ബി) പാണാവള്ളി കൃഷിഭവന്റെ നിലവിലെ കെട്ടിടം ഏത് ഫണ്ട് ഉപയോഗിച്ചാണ് നിർമ്മിച്ചതെന്ന് വിശദമാക്കാമോ;

(സി) പാണാവള്ളി കൃഷിഭവന്റെ സ്ഥലം ആരുടെ ഉടമസ്ഥതയിലുള്ളതാണെന്ന് വിശദമാക്കാമോ;

(ഡി) പഞ്ചായത്തിന്റെ സ്ഥലത്ത് പഞ്ചായത്ത് നിർമ്മിച്ച കൃഷി ഓഫീസ് കെട്ടിടത്തിന് കാലപ്പഴക്കം വന്നാൽ അത് പൊളിക്കുന്നതിന് ആരെയാണ് സമീപിക്കേണ്ടതെന്ന് വിശദമാക്കാമോ?

## സ്മാർട്ട് കൃഷിഭവനുകൾ

1858 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഭവനുകൾ സ്മാർട്ട് കൃഷിഭവനുകൾ ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി ഏതൊക്കെ കൃഷിഭവനുകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത് എന്ന് അറിയിക്കാമോ?

## മലപ്പുറം ജില്ലയിൽ കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ

1859 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വകുപ്പിന് കീഴിൽ എത്ര ഫാമുകളാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ; ഈ ഫാമുകളിൽ എത്ര വീതം സ്ഥിരം തൊഴിലാളികളുണ്ടെന്നും എത്ര സ്ഥിരം തൊഴിലാളികളുടെ ഒഴിവുകളാണ് നിലവിലുള്ളതെന്നും ഫാമുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം ഫാമുകൾ തിരിച്ച് വിവരം അറിയിക്കാമോ;

(സി) മേൽ ഫാമുകളിൽ ട്രാക്ടർ ഡ്രൈവർമാരുടെ എത്ര ഒഴിവുണ്ട്; പ്രസ്തുത ഒഴിവുകൾ സ്ഥിരമായി പി.എസ്.സി. വഴിയോ താല്ക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിവരം നൽകുമോ; ഇല്ലെങ്കിൽ താമസംവിനാ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക

1860 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കാര്യാലയത്തിൽ പുനർവിന്യാസത്തിലൂടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് സ്ഥലംമാറ്റത്തിനായി എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട്;

(സി) അപേക്ഷകരിൽ ഏറ്റവും സീനിയോറിറ്റിയുള്ള വ്യക്തി ആരാണെന്ന് അറിയിക്കുമോ;

(ഡി) എങ്കിൽ ഈ അപേക്ഷകന് മേൽ തസ്തികയിൽ സ്ഥലംമാറ്റം നൽകാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

## കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1861 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും ഇവയ്ക്കായി ചെലവഴിക്കുന്ന തുക സംബന്ധിച്ചുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) ആലപ്പുഴ മണ്ഡലത്തിൽ 2022-23 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാർഷിക ഇൻകുബേഷൻ സെന്റർ നടപ്പാക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി ഏതൊക്കെ കൃഷിഭവനുകളാണ് സ്മാർട്ടായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചതെന്നും ഇവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും വിശദവിവരം ലഭ്യമാക്കാമോ?

## ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി

1862 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിലെ ഏതൊക്കെ പ്രദേശത്ത് ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; അതിന്റെ നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ;

(സി) ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി പ്രകാരം പാറശാല മണ്ഡലത്തിൽ സബ്സിഡി ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിക്കുവേണ്ടി കർഷകർ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി

1863 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ ഏതൊക്കെ പ്രദേശത്ത് ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ മണ്ഡലത്തിൽ നിന്ന് എത്ര കർഷകർ ഗുണഭോക്താക്കളായിട്ടുണ്ടെന്നും സബ്സിഡി ഇനത്തിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(സി) ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>മഞ്ചേശ്വരം മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ</u>

1864 **ശ്രീ എ കെ എം അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് ഫണ്ട് ഉപയോഗിച്ച് മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദ വിവരങ്ങളും നിർവ്വഹണ പുരോഗതിയും ലഭ്യമാക്കുമോ;

(ബി) മഞ്ചേശ്വരം മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് 2022-23 വർഷം കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന കാർഷിക പദ്ധതികളുടെ വിശദവിവരങ്ങൾ, നിർവ്വഹണ പുരോഗതി എന്നിവ ലഭ്യമാക്കുമോ?

## <u>വയനാട് ജില്ലയിലെ പച്ചക്കറി കൃഷിയും പ്രോത്സാഹന പദ്ധതികളും</u>

1865 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ നിലവിൽ എത്ര അളവിൽ പച്ചക്കറി ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഏത് തരം പച്ചക്കറികളാണ് വയനാട് ജില്ലയിൽ കൂടുതൽ ഉല്പാദിപ്പിക്കുന്നത്;

(ഡി) ഇങ്ങനെ ഉല്പാദിപ്പിക്കുന്ന പച്ചക്കറിയുടെ വിപണനത്തിന് എന്തെല്ലാം സഹായങ്ങളാണ് വകുപ്പ് നൽകി വരുന്നത്?

## <u>ഞങ്ങളും കൃഷിയിലേക്ക് പദ്ധതി</u>

1866 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞങ്ങളും കൃഷിയിലേക്ക് പദ്ധതി പ്രകാരം കുന്നത്തുനാട് മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ എത്ര കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്നും എത്ര സ്ഥലത്ത് ജൈവ കൃഷി ആരംഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

## പയ്യന്നൂർ തിയേറ്റർ കോംപ്ലക്സിനായുള്ള ഭൂമിയുടെ തരംമാറ്റൽ

1867 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.എഫ്.ഡി.സി. യുടെ കീഴിൽ നിർമ്മിക്കുന്ന പയ്യന്നൂർ തിയേറ്റർ കോംപ്ലക്സിനായി പയ്യന്നൂർ നഗരസഭ കൈമാറിയ ഭൂമിയുടെ തരംമാറ്റലിന് ഫീസ് ഇളവ് അനുവദിക്കണം എന്ന് ആവശ്യപ്പെട്ട് എൻ.സി.എ./209/2022/കൃഷി (2092560) എന്ന ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഫയൽ ഏത് തീയതിയിൽ,ഏത് സെക്ഷനിൽ ആരംഭിച്ചു ,നിലവിൽ പ്രസ്തുത ഫയൽ ഏത് സെക്ഷനിൽ ,ഏത് സീറ്റിലാണ് ഉള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഫയൽ അടിയന്തരമായി തീർപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിവരം അറിയിക്കുമോ?

## പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ കേരഗ്രാമം പദ്ധതി

1868 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ പുതിയതായി അനുവദിച്ച കേരഗ്രാമം പദ്ധതിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എന്തെല്ലാം പദ്ധതികളാണ് ഇതുവഴി നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ

1869 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തിരവും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക, പദ്ധതിയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

## ആലത്തൂർ സ്മാർട്ട് കൃഷിഭവൻ നിർമ്മാണം

1870 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ പഞ്ചായത്തിലെ കൃഷിഭവൻ സ്മാർട്ട് കൃഷിഭവനാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്നതും ആലത്തൂർ സീഡ് ഫാമിന്റെ ഉടമസ്ഥതയിലുമുള്ള സ്ഥലത്ത് നിന്നും ആലത്തൂർ സ്മാർട്ട് കൃഷിഭവൻ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം അനുവദിക്കണമെന്ന അപേക്ഷ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ആലത്തൂർ സ്മാർട്ട് കൃഷിഭവന് മേൽ സൂചിപ്പിച്ച സ്ഥലം ലഭ്യമാക്കാൻ എടുത്ത

നടപടി വിശദമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ നിറ പദ്ധതി

1871 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ സമഗ്രകാർഷിക വികസന പദ്ധതിയായ "നിറ" യുടെ കോർഡിനേഷൻ ചുമതല നിർവ്വഹിച്ചിരുന്ന ആലത്തൂർ എ.ഡി.എ. സർവീസിൽ നിന്ന് വിരമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) "നിറ "പദ്ധതിക്ക് മുൻ സർക്കാർ ചുമതലപ്പെടുത്തിയതിന് സമാനമായി സ്പെഷ്യൽ ഓഫീസർ ചുമതല ആലത്തൂർ എ.ഡി.എ.യ്ക്ക് നൽകണമെന്ന സ്ഥലം എം.എൽ.എ. യുടെ ശിപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ശിപാർശ പ്രകാരം" നിറ "പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറായി അതാത് കാലഘട്ടത്തിലെ ആലത്തൂർ എ.ഡി.എ. യെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ വിവിധ കാർഷിക വിളകളുടെ ഉല്പാദനം

1872 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ വിവിധ കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ സ്റ്റാഫ് സ്ട്രെങ്ങ്ത്

1873 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുന്നൂറ് ഏക്കറിലധികം സ്ഥലത്ത് വ്യാപിച്ച് കിടക്കുന്ന നേര്യമംഗലം ജില്ലാ കൃഷി തോട്ടത്തിൽ സ്റ്റാഫ് സ്ട്രെങ്ങ്ത് ഇപ്പോഴും നൂറ്റിപതിനൊന്ന് ആണ് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സ്ഥിരം തൊഴിലാളികൾക്ക് പുറമേ നൂറ്റിഅറുപത്തഞ്ചോളം ക്യാഷ്വൽ തൊഴിലാളികൾ പണിയെടുക്കുന്നതിൽ ഭൂരിഭാഗം പേരും പത്ത് വർഷത്തിൽ കൂടുതലായി പണിയെടുക്കുന്ന തൊഴിലാളികളാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തൊഴിൽപരമായി സ്ഥിരത ഇല്ലാത്ത ആശങ്കയിലുള്ള നൂറ്റിഅറുപത്തഞ്ചോളം വരുന്ന ക്യാഷ്വൽ തൊഴിലാളികൾക്ക് കൂടി ഉപകാരപ്രദമാകുംവിധം നിലവിലെ സ്റ്റാഫ് സ്ട്രെങ്ങ്ത് നൂറ്റിപതിനൊന്നിൽ നിന്നും വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ;

(ഡി) നേര്യമംഗലം കൃഷി ഫാമിൽ പരിചയ സമ്പന്നരായ കൃഷിക്കാരെയും കാർഷിക വിദഗ്ദ്ധരേയും തൊഴിലാളി പ്രതിനിധികളേയും ഉൾപ്പെടുത്തി ഫാം

വികസനത്തിനാവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

**കാസർഗോഡ് ജില്ലയിലെ കേരള സ്റ്റേറ്റ് പ്ലാന്റേഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

1874 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കേരള സ്റ്റേറ്റ് പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശം എത്ര ഏക്കർ സ്ഥലമുണ്ട്; വിശദ വിവരം നൽകുമോ ;

(ബി) പ്രസ്തുത സ്ഥലത്ത് എന്തൊക്കെ കൃഷി ചെയ്യുന്നു; ഓരോ കൃഷിയിൽ നിന്നുമുള്ള ശരാശരി വാർഷിക വരുമാനം എത്രയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പളം, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ഒരു വർഷത്തെ ശരാശരി ചെലവ് എത്രയാണ്;

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ ; വിശദാംശം അറിയിക്കാമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യ വികസനം**

1875 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ആകെ എത്ര കൃഷിഭവനുകളാണ് നിലവിലുള്ളത്; സ്വന്തമായി കെട്ടിടമില്ലാത്തവ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ബി) കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട്; മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകൾക്ക് പ്രസ്തുത പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ ഏതെങ്കിലും കൃഷിഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളായി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കാർഷിക പ്രവർത്തനങ്ങൾ**

1876 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഏർപ്പെടുത്തിയ പദ്ധതി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിൽ നടന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) 2022-23 വർഷത്തിൽ വിപണി വികസന പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങൾ വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്; ഇനി ഏതെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

**കുറ്റ്യാടി മണ്ഡലത്തിലെ കാർഷിക ഉൽപ്പാദനം സംബന്ധിച്ച്**

1877 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം കുറ്റ്യാടി മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായുള്ള കാർഷിക വിളകളുടെ ഉൽപ്പാദനം സംബന്ധിച്ച കണക്കുകൾ വിളകൾ തിരിച്ചും, പഞ്ചായത്ത് തിരിച്ചും, കൃഷി ചെയ്ത സ്ഥല വിസ്തൃതി തിരിച്ചും അറിയിക്കാമോ?

**<u>വടക്കാഞ്ചേരി മണ്ഡലത്തിൽ കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം പ്രോൽസാഹിപ്പിക്കുന്ന പദ്ധതികൾ</u>**

1878 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനായി വടക്കാഞ്ചേരി മണ്ഡലത്തിൽ വകുപ്പ് നടപ്പിലാക്കിയതും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

**<u>ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ മഴമറകൾ</u>**

1879 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക നിലവാരത്തിൽ തൈകൾ ഉത്പാദിപ്പിക്കുന്നതിനായി ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ എത്ര മഴമറകളാണ് വകുപ്പിന്റെ ധനസഹായത്തോടെ നിർമ്മിച്ചിട്ടുള്ളത്; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വകുപ്പിന്റെ സഹകരണത്തോടെ എത്ര തൈകളാണ് ഓരോയിടത്തും ഉൽപ്പാദിപ്പിച്ചിട്ടുള്ളത്; വിശദമാക്കുമോ?

**<u>ചമ്രവട്ടം-ബിയ്യം ലിങ്ക് കനാൽ പദ്ധതിയുടെ പുരോഗതി</u>**

1880 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കോൾകൃഷി വികസനത്തിന് പ്രത്യേക ഓഫീസ് സംവിധാനം ഒരുക്കാൻ പദ്ധതിയുണ്ടോ;

(ബി) കോൾകൃഷിയുടെ അഭിവൃദ്ധിക്കും ശുദ്ധമായ വെള്ളത്തിന്റെ ലഭ്യതയ്ക്കും വേണ്ടി നടപ്പിലാക്കാൻ തത്ത്വത്തിൽ തീരുമാനിച്ച ചമ്രവട്ടം-ബിയ്യം ലിങ്ക് കനാൽ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) കോൾകൃഷിയുടെ സമഗ്ര വികസനത്തിന് പമ്പ് സെറ്റും മറ്റും ലഭ്യമാക്കുമ്പോൾ ആയതിനൊപ്പം സൗരോർജ്ജ പദ്ധതിയിലൂടെ ഊർജ്ജം ലഭ്യമാക്കാൻ സർക്കാർ പദ്ധതിയിട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**<u>വ്യാജ ശർക്കര വിപണനം</u>**

1881 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രുചിമേന്മ കൊണ്ടു പ്രസിദ്ധമായ മറയൂർ ശർക്കരയുടെ പേരിൽ വ്യാജ ശർക്കര വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വ്യാജ ശർക്കരയുടെ വരവും വിപണനവും തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മൂല്യവർദ്ധിത കാർഷികോല്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമായി പദ്ധതികൾ

1882 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂല്യവർദ്ധിത കാർഷികോല്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കരിമ്പ് കൃഷി/ പയറുവർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

1883 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്ധ്യതിരുവിതാംകൂറിലെ പ്രധാന കാർഷിക വിളയായിരുന്ന കരിമ്പ് കൃഷി പ്രോത്സാഹിപ്പിക്കുന്ന നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) കരപ്രദേശങ്ങളിലെ പയറുവർഗ്ഗ കൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കൊയ്ത്ത് യന്ത്രങ്ങൾ മിതമായ നിരക്കിൽ നൽകുന്ന പദ്ധതി

1884 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകർക്ക് ഇടനിലക്കാരുടെ സഹായമില്ലാതെ കൊയ്ത്ത് യന്ത്രങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് അനുയോജ്യമായ പദ്ധതി ആവിഷ്കരിക്കുമോയെന്ന് വിശദമാക്കാമോ;

(ബി) കൊയ്ത്ത് യന്ത്രങ്ങൾ കർഷകന് വകുപ്പ് മുഖേന മിതമായ നിരക്കിൽ നൽകുന്ന പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

## കൃഷിയിടാധിഷ്ഠിത ആസൂത്രണം സംബന്ധിച്ച പ്രവർത്തന പുരോഗതി

1885 **ശ്രീ ഡി കെ മുരളി**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്ക് ഉയർന്ന വരുമാനം ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കിവരുന്ന കൃഷിയിടാധിഷ്ഠിത ആസൂത്രണം സംബന്ധിച്ച പ്രവർത്തന പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്താകെ ഉല്പന്ന ശേഖരണത്തിനും കേന്ദ്രീകരണത്തിനും സംവിധാനങ്ങൾ ഏർപ്പെടുത്തുകയെന്ന ലക്ഷ്യം നേടാനായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരത്തിൽ ശേഖരിക്കപ്പെടുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി വിപണി സംവിധാനം ഉടനടി ലഭ്യമാകുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ?

**വീടുകൾ കേന്ദ്രീകരിച്ച് പച്ചക്കറി കൃഷി**

1886 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീടുകൾ കേന്ദ്രീകരിച്ച് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ഫലവൃക്ഷ കൃഷി പ്രോത്സാഹനം**

1887 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫലവൃക്ഷ കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി വീടുകളിൽ നേരിട്ട് വിവിധയിനം ഫലവൃക്ഷ തൈകൾ വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കുമോ;

(ബി) ഫലവൃക്ഷ കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി എന്തെല്ലാമിനം ഫലവൃക്ഷ തൈകളാണ് വിതരണം ചെയ്യുന്നത്; വ്യക്തമാക്കുമോ;

(സി) ഫലവൃക്ഷ തൈകൾ വീടുകളിൽ നേരിട്ട് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**പാലക്കാട് ജില്ലയെ ദേശീയ ഭക്ഷ്യ സുരക്ഷാമിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തൽ**

1888 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സുസ്ഥിര നെൽകൃഷി വികസനത്തിൽ പാലക്കാട് ജില്ലയെ ദേശീയ ഭക്ഷ്യ സുരക്ഷാമിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ എത്ര തുക ഏതൊക്കെ ഇനത്തിൽ ചെലവാക്കിയിട്ടുണ്ടെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി മുഖേന തരൂർ മണ്ഡലത്തിൽ ചെലവാക്കിയ തുക പ്രത്യേകമായി ലഭ്യമാക്കാമോ?

**കർഷക ക്ഷേമനിധി ബോർഡ്**

1889 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക ക്ഷേമനിധി ബോർഡിൽ നിന്നും നാളിതുവരെ എത്ര രൂപയുടെ സഹായം കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്;

(ബി) ബോർഡിന്റെ നാളിതുവരെയുള്ള ഭരണനിർവഹണ ചെലവ് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ; ഭരണനിർവഹണ ചെലവിന്റെ പരിധി സംബന്ധിച്ച് നിയമത്തിലോ ബോർഡിന്റെ ഏതെങ്കിലും പദ്ധതിയിലോ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഭരണനിർവഹണ ചെലവ് നിർവഹിച്ചത് ഏത് ഇനത്തിലുള്ള വരുമാനത്തിൽ നിന്നാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ സാമ്പത്തിക വർഷവും ആകെ വരുമാനത്തിന്റെ എത്ര ശതമാനം ഭരണനിർവഹണത്തിനായി ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

## <u>ജൈവ നിയന്ത്രണകാരികളുടെ ഓൺഫാം ഉത്പാദനവും ഉപയോഗവും വർദ്ധിപ്പിക്കൽ</u>

1890 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ നിയന്ത്രണകാരികളുടെ ഓൺഫാം ഉല്പാദനവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## <u>കർഷക കടാശ്വാസ കമ്മീഷനിൽ ലഭിച്ച പരാതികൾ</u>

1891 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷൻ അവസാനമായി പരാതി സ്വീകരിച്ച 2020 മാർച്ച് 31 വരെ കമ്മീഷനിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും എത്ര പരാതികളിൽ നടപടി പൂർത്തീകരിച്ച് ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്നും എത്ര പരാതികളിന്മേൽ നടപടി സ്വീകരിക്കാനുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) നടപടി സ്വീകരിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; മുഴുവൻ അപേക്ഷകളും എത്രയും വേഗം തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## <u>കൃഷിശ്രീ സെന്ററുകളുടെ രൂപീകരണം</u>

1892 **ശ്രീ ഐ ബി സതീഷ്**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. എൻ.കെ. അക്ബർ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്രീയ കൃഷി മുറകൾ പ്രോൽസാഹിപ്പിച്ചു കൊണ്ട് കർഷകർക്ക് മെച്ചപ്പെട്ടതും സുസ്ഥിരവുമായ വരുമാനം ഉറപ്പുവരുത്തുന്നതിന് നിലവിലെ വിളയധിഷ്ഠിത കൃഷി സമ്പ്രാദായത്തിന് പകരം കൃഷിയിടാധിഷ്ഠിത വികസന പദ്ധതികൾ നടപ്പിലാക്കാൻ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് വിദഗ്ധ കാർഷിക തൊഴിലാളികളുടെ അഭാവമാണെന്നതിനാൽ തൊഴിൽസേന രൂപീകരിക്കാൻ ഉദ്ദേശ്യമുണ്ടോ;

(സി) സംസ്ഥാനത്തെ കൃഷികൾക്കും കൃഷിയിടങ്ങൾക്കും അനുയോജ്യമായ ചെറുകിട യന്ത്രങ്ങളുടെ ഉപയോഗം വ്യാപകമാക്കുന്നതിന് കൃഷിശ്രീ സെന്ററുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>കുണ്ടറ മണ്ഡലത്തിലെ ചിറയിൽകുളം നവീകരണം</u>**

1893 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിലെ കുണ്ടറ പഞ്ചായത്ത് പരിധിയിൽ വരുന്ന ചിറയിൽകുളം നവീകരിക്കുന്നതിന്റെ ഭാഗമായുള്ള മണ്ണുമാറ്റൽ സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എത്രയും വേഗം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ</u>**

1894 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ മണ്ണ് സംരക്ഷണ വിഭാഗം നടത്തിവരുന്ന പ്രവൃത്തികൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) ഇവയിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പ്രവൃ ത്തിയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

**<u>കത്തുകളുടെ പകർപ്പ് ലഭിക്കുന്നതിന് നടപടി</u>**

1895 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ സർവകലാശാലകളുടെ പ്രൊചാൻസലർ എന്ന നിലയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചാൻസലർ കൂടിയായ ഗവർണർക്ക് നൽകിയ കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**<u>ഉന്നതവിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്താൻ നടപടി</u>**

1896 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടികളുടെ ഫലമായി അക്കാദമിക, ഭൗതിക മേഖലയിലുണ്ടാകുന്ന മാറ്റങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

**<u>ലഹരിക്കെതിരെ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ</u>**

1897 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ഡോ സുജിത് വിജയൻപിള്ള**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കിടയിലെ മയക്കുമരുന്ന് വ്യാപനം തടയുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ലഹരിക്കെതിരായ പോരാട്ടം വളരെ ചെറുപ്രായത്തിൽത്തന്നെ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ലഹരിവിരുദ്ധ പ്രചരണം സമൂഹത്തിന്റെ എല്ലാ മേഖലകളിലും എത്തിക്കുന്നതിന് വിദ്യാർത്ഥികൾ ഉൾപ്പെട്ട സ്ഥിരവും സജീവവുമായ സമിതികൾക്ക് രൂപം നൽകുന്നതിനെക്കുറിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് ആലോചിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

**<u>കോളേജ് വിദ്യാർത്ഥികളുടെ മാനസികാരോഗ്യ പരിപാലനം ലക്ഷ്യമിട്ടുള്ള പദ്ധതികൾ</u>**

1898 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ എം മുകേഷ്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാലയങ്ങളിൽ ലിംഗനീതി ബോധനത്തിനും പരാതി പരിഹാരങ്ങൾക്കുമായി പ്രത്യേകമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി പ്രത്യേകമായ പ്രചരണ പരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സമൂഹത്തിൽ ലൈംഗികാതിക്രമങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ക്യാമ്പസുകളിൽ വൈകാരിക സുരക്ഷ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; ഇതിനായി ക്യാമ്പസുകളിൽ പ്രത്യേക കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കോളേജ് വിദ്യാർത്ഥികളുടെ മാനസികാരോഗ്യ പരിപാലനം ലക്ഷ്യമിട്ട് പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>വൈസ് ചാൻസലർമാരുടെ ശമ്പളം തിരിച്ചുപിടിക്കാൻ നടപടി</u>**

1899 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ സെലക്ഷൻ പ്രക്രിയയിലൂടെ വൈസ് ചാൻസലർമാരായി നിയമനം ലഭിച്ചവർ കൈപ്പറ്റിയ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വിസിമാരിൽ നിലവിൽ സർവീസിൽ നിന്ന് വിരമിച്ചവരും ഉൾപ്പെട്ടിട്ടുണ്ടോ;

നിയമനപ്രക്രിയ അസാധുവായ സാഹചര്യത്തിൽ വിരമിക്കൽ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

**<u>വിദ്യാഭ്യാസ മേഖലയിൽ അശാസ്ത്രീയവും ചരിത്രവിരുദ്ധവുമായ നയങ്ങൾ അടിച്ചേൽപ്പിക്കുവാൻ ശ്രമം</u>**

1900 **ശ്രീ സജി ചെറിയാൻ**
**ശ്രീ. പി.വി.അൻവർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാപ്പ് പഞ്ചായത്തുകൾ ജനാധിപത്യത്തിന്റെ ആദ്യകാല മാതൃകയാണെന്നും വേദകാലം മുതൽ രാജ്യത്ത് ജനാധിപത്യ വ്യവസ്ഥ ഉണ്ടെന്നും വിദ്യാർത്ഥികളെ പഠിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് യു.ജി.സി. ചെയർമാൻ ഗവർണർമാർക്ക് കത്തെഴുതിയതായിട്ടുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ അശാസ്ത്രീയവും ചരിത്രവിരുദ്ധവുമായ നയങ്ങൾ അടിച്ചേൽപ്പിക്കുവാൻ ശ്രമം നടക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാർ മന്ത്രാലയങ്ങൾ നൽകിവരുന്ന നൂറോളം ശാസ്ത്ര പുരസ്കാരങ്ങളും എൻഡോവ്മെന്റുകളും നിർത്തലാക്കുന്നത് സംബന്ധിച്ച് വിജ്ഞാപനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ശാസ്ത്ര ഗവേഷണ രംഗത്ത് പ്രസ്തുത നടപടികൾ എന്ത് പ്രത്യാഘാതമാണ് ഉണ്ടാക്കുക എന്ന് വിലയിരുത്തിയിട്ടുണ്ടോ?

**<u>ഭിന്നശേഷി വിഭാഗങ്ങൾക്കും പിന്നോക്ക സമുദായങ്ങൾക്കുമുള്ള സംവരണ ബാക്ക് ലോഗ് നികത്താൻ നടപടി</u>**

1901 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01.01.2016 മുതൽ 25.11.2022 വരെയുള്ള കാലയളവിൽ യൂണിവേഴ്സിറ്റികളിൽ ഭിന്നശേഷി വിഭാഗങ്ങൾക്കും പിന്നോക്ക സമുദായങ്ങൾക്കുമുള്ള സംവരണ ബാക്ക് ലോഗിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ നടത്തിയ ബാക്‌ലോഗ് നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ബാക്ക് ലോഗ് നാളിതുവരെ നികത്തിയിട്ടില്ലെങ്കിൽ കാരണം എന്താണെന്നും ബാക്ക് ലോഗ് നിയമനങ്ങൾ പൂർത്തീകരിക്കുന്നത് എപ്പോഴെന്നും വ്യക്തമാക്കുമോ?

**<u>എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അദ്ധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ</u>**

1902 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-

സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ നിലവിലുള്ള അദ്ധ്യാപക തസ്തികകളുടെ അംഗീകൃത എണ്ണം എത്രയെന്ന് തസ്തിക, കോളേജ് തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ സ്ഥിരനിയമനം ലഭിച്ച എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും എത്ര തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടെന്നും കോളേജ് തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സ്ഥിരനിയമനം ലഭിച്ച് നിലവിൽ ജോലിചെയ്യുന്ന അദ്ധ്യാപകരുടെ പേര്, വയസ്, ലിംഗം, മതം, തസ്തിക, വിഷയം, ഉയർന്ന യോഗ്യത, നിയമനം ലഭിച്ച തീയതി, സർവീസിൽ നിന്നും വിരമിക്കേണ്ട തിയതി, നിയമനം ലഭിച്ചത് പൊതു വിഭാഗത്തിലോ, സംവരണ വിഭാഗത്തിലോ, സംവരണ നിയമനമാണെങ്കിൽ ഏത് സംവരണ വിഭാഗം എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## താൽക്കാലിക/കരാർ നിയമനങ്ങൾ

1903 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബറിൽ അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത്; വിശദാംശം നൽകുമോ?

## കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർക്ക് പുനർനിയമനം

1904 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർക്ക് പുനർനിയമനം നൽകിയത് യു.ജി.സി. മാനദണ്ഡങ്ങൾക്ക് അനുസൃതമായാണോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനം സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## വൈപ്പിൻ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം

1905 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ അടിസ്ഥാന

സൗകര്യ വികസനത്തിനായി 1 .71 ഏക്കർ സ്ഥലം വിട്ടുനൽകുന്നതിന് ഭൂവുടമകൾ സമ്മതപത്രം നൽകിയിട്ടും പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യു.ജി.സി. അംഗീകാരം ലഭ്യമാക്കാൻ 5 ഏക്കർ സ്ഥലം ആവശ്യമാണെന്നിരിക്കെ സമ്മതപത്രം ലഭ്യമായ പ്രസ്തുത സ്ഥലവും സമീപത്തായി നിർദ്ദേശിക്കപ്പെട്ടിരുന്ന 7.5 ഏക്കർ സ്ഥലവും ഏറ്റെടുക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ;

(സി) അടിസ്ഥാന സൗകര്യ വികസനത്തിനായി 2017-ൽ കിഫ്ബി അനുവദിച്ച 10 കോടി രൂപ നഷ്ടമാകാനുള്ള സാധ്യത കണക്കിലെടുത്ത്, 25 കിലോമീറ്റർ മാത്രം നീളവും പരമാവധി 3 കിലോമീറ്റർ മാത്രം വീതിയുമുള്ള വൈപ്പിൻ ദ്വീപ് മണ്ഡലത്തിൽ ലഭ്യമായ ഭൂമി അടിയന്തരമായി ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ; നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ;

(ഡി) പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി 16.5.2022, 5.11.2022 തീയതികളിൽ മന്ത്രിക്ക് സമർപ്പിച്ച കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

## പെരിന്തൽമണ്ണ പി.ടി.എം ഗവ. കോളേജിൽ ബി.എ ഉറുദു കോഴ്സ്

1906 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ഗവ. പി.ടി.എം കോളേജിൽ ബി.എ. ഉറുദു കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ

1907 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ കോളേജുകൾ ആരംഭിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

## കിനാനൂർ-കരിന്തളം ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സ്

1908 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാനൂർ-കരിന്തളം ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ കോഴ്സുകളാണെന്നും ആയത് എപ്പോൾ ആരംഭിക്കുമെന്നും അറിയിക്കുമോ?

## മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരക ഗവ കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി

1909 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-

സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരക ഗവ. കോളേജിൽ പുതിയ ഡിഗ്രി, പിജി കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കോളേജിൽ 2022-23 അധ്യായന വർഷം ബി കോം കോഴ്സിന് അപേക്ഷ നൽകിയ വിദ്യാർത്ഥികളുടെ എണ്ണം, അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം എന്നിവ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കോളേജിൽ ബി.കോം അഡീഷണൽ ബാച്ച് അടുത്ത വർഷം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഉയർന്ന ഫീസ് നിരക്കുകൾ കുറച്ച് സീറ്റുകൾ നികത്തുന്നതിന് നടപടി

1910 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ യൂണിവേഴ്സിറ്റികളിൽ ആർട്സ് ആൻറ് സയൻസ് വിഷയങ്ങളിൽ ഡിഗ്രിക്കും പി.ജി.ക്കും സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉയർന്ന ഫീസ് നിരക്കുകൾ കുറച്ച് പ്രസ്തുത സീറ്റുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) എയ്ഡഡ്- സ്വകാര്യ മേഖലകളിൽ ഡിഗ്രി കോഴ്സിനും പി.ജി. കോഴ്സിനും ഉയർന്ന ഫീസ് ഈടാക്കുന്നതും പി.ടി.എ.ഫണ്ട്, ഡെവലപ്മെന്റ് ഫണ്ട് എന്നീ ഇനത്തിൽ കൂടുതൽ തുക ഈടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ഉയർന്ന ഫീസുകൾ കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## സർക്കാർ കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ

1911 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 01.11.22 തീയതി പ്രാബല്യത്തിലുള്ള അദ്ധ്യാപക തസ്തികകളുടെ അംഗീകൃത എണ്ണം എത്രയെന്ന് തസ്തിക, കോളേജ് തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത കോളേജുകളിൽ സ്ഥിരനിയമനം ലഭിച്ച് നിലവിൽ ജോലിചെയ്യുന്ന അദ്ധ്യാപകരുടെ പേര്, തസ്തിക, വിഷയം, നിയമനം ലഭിച്ച തീയതി, സർവീസിൽ നിന്നും വിരമിക്കേണ്ട തിയതി, നിയമനം ലഭിച്ച വിഭാഗം (പൊതു /സംവരണ വിഭാഗം) എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## മൊകേരി കോളേജിലെ കമ്പ്യൂട്ടർ ലാബ് നിർമ്മാണം

1912 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊകേരി ഗവൺമെന്റ് കോളേജിലെ ബി. എ. എക്കണോമെട്രിക്സ് ആന്റ് ഡാറ്റാ മാനേജ്മെന്റ് കോഴ്സിന്റെ ഭാഗമായി കമ്പ്യൂട്ടർ ലാബ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ സജ്ജീകരണങ്ങളാണ്

വിഭാവനം ചെയ്തിട്ടുള്ളത് എന്നറിയിക്കുമോ;

(സി) ഏത് ഏജൻസി വഴിയാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുക എന്നും, അടങ്കൽ തുക എത്രയാണെന്നും അറിയിക്കുമോ?

**നെയ്യാറ്റിൻകര കുളത്തൂർ ഗവ: കോളേജിന്റെ നാക് അംഗീകാരം**

1913 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗവ: കോളേജിന് നാക് അംഗീകാരം ലഭിക്കാൻ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അംഗീകാരം ലഭിക്കാൻ പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും പ്രീഫാബ് കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ച തുകയെത്രയെന്നും ഇതിന്റെ പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ ചുമതല ഏത് ഏജൻസിക്കാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിർമ്മാണത്തിനായി സർക്കാർ നൽകിയ ഭരണാനുമതി നമ്പരും തീയതിയും വിശദമാക്കുമോ?

**മൊകേരി കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

1914 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊകേരി കോളേജിലെ ലേഡീസ് ഹോസ്റ്റൽ, ലൈബ്രറി ബ്ലോക്ക് എന്നിവയുടെ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത കോളേജിലെ ഇന്റേണൽ റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ; പ്രസ്തുത പ്രവൃത്തി ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്നും എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കുമോ?

**കുളത്തൂർ ഗവ: കോളേജിലെ പുതിയ കോഴ്സുകൾ**

1915 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗവ: കോളേജിൽ എം.എസ്.സി. ജോഗ്രഫി, എം.എസ്.സി. ബയോകെമിസ്ട്രി എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വിശദമാക്കുമോ;

(ബി) 2023-24 അധ്യയന വർഷം കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

**കുന്ദമംഗലം ഗവ. കോളേജിൽ പുതിയ കോഴ്സുകൾ**

1916 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-

സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട സൗകര്യങ്ങൾ നിലവിലുള്ള സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) കുന്ദമംഗലം ഗവ. കോളേജിൽ പുതിയ ബിരുദ, ബിരുദാനന്തര കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

**കൂത്തുപറമ്പ് കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ ന്യൂ ജനറേഷൻ കോഴ്സുകൾ**

1917 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ക്ലാസുകൾ പുതിയ കെട്ടിടത്തിലേക്ക് മാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കോളേജിൽ അടുത്ത അധ്യയന വർഷം മുതൽ ന്യൂ ജനറേഷൻ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(സി) കുട്ടികളുടെ യാത്രാ സൗകര്യത്തിനായി കൂത്തുപറമ്പിൽ നിന്നും കോളേജിലേക്കും തിരിച്ചും വാഹന സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

**അമ്പലപ്പുഴ സർക്കാർ കോളേജ്**

1918 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ സർക്കാർ കോളേജ് പ്രവർത്തനം ആരംഭിച്ചത് ഏത് വർഷമാണെന്നും ഏതൊക്കെ കോഴ്സുകളിലായി എത്ര വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളേജിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി ഫണ്ടുപയോഗപ്പെടുത്തി നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്കായി കിഫ്ബി എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളതെന്നും നിർമ്മാണച്ചുമതല ഏത് ഏജൻസിയെ ആണ് ഏല്പിച്ചിട്ടുള്ളതെന്നും അറിയിക്കുമോ;

(ഡി) നിലവിൽ കോളേജ് പ്രവർത്തിച്ചുവരുന്ന സ്ഥലത്തിന്റെ ഉടമസ്ഥത പഞ്ചായത്തിൽ നിന്നും ഉന്നത വിദ്യാഭ്യാസ വകുപ്പിന് വിട്ടുകിട്ടാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

**മാനന്തവാടിയിൽ റൂസ പദ്ധതി പ്രകാരമുള്ള കോളേജ്**

1919 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂസ പദ്ധതി പ്രകാരം മാനന്തവാടിയിൽ അനുവദിച്ച കോളേജ് നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനായി സർക്കാർ ഇനി എന്തെങ്കിലും നടപടികൾ ചെയ്യേണ്ടതായിട്ടുണ്ടോ; എങ്കിൽ അക്കാര്യം വ്യക്തമാക്കുമോ?

**ബാലുശ്ശേരിയിലെ ഡോ. ബി.ആർ. അംബേദ്ക്കർ മെമ്മോറിയൽ ആട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം.**

1920 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിലെ ഡോ. ബി.ആർ. അംബേദ്ക്കർ മെമ്മോറിയൽ ആട്സ് & സയൻസ് കോളേജിന്റെ നിലവിലെ കെട്ടിട നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) മാസ്റ്റർ പ്ലാൻ പ്രകാരം കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് എത്ര കോടി രൂപ അധികമായി വേണമെന്നാണ് കരുതുന്നത്; ഈ തുക ലഭ്യമാക്കുന്നതിനായി സ്വീകരിച്ച വരുന്ന നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ?

**സി.കെ.ജി.എം. ഗവ. കോളേജിലെ കോഴ്സുകൾ**

1921 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിലുള്ള സി.കെ.ജി.എം.ഗവൺമെൻറ് കോളേജിൽ നിലവിൽ ഏതെല്ലാം കോഴ്സുകളാണുള്ളതെന്ന് വിശദമാക്കുമോ;

(ബി) പുതിയ ഏതെങ്കിലും കോഴ്സുകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോളേജിന്റെ ഭാവി വികസനവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ ലഭിച്ചിട്ടുണ്ടോ;

(ഡി) നിലവിൽ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ കാര്യങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്;

(ഇ) മാസ്റ്റർ പ്ലാൻ അനുസരിച്ച് എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

**മൂന്നാർ ഗവ. ആർട്സ് കോളേജ് പുനർനിർമ്മാണം**

1922 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന ഇടുക്കി ജില്ലയിലെ മൂന്നാർ ഗവ. ആർട്സ് കോളേജ് പുനർനിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കോളേജ് പുനർനിർമ്മിക്കുന്നതിന് അനുവദിച്ച തുക എത്രയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പുനർനിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള തടസം എന്തെന്ന് വിശദമാക്കുമോ;

(ഡി) കോളേജ് പുനർനിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴയിൽ സർക്കാർ കോളേജ് ആരംഭിക്കാൻ നടപടി</u>**

1923 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴയിൽ സർക്കാർ കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനായി ബി3/518/2017 ഉ.വി.വ. എന്ന ഫയലിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിശദമാക്കാമോ;

(ഡി) കുട്ടമ്പുഴ പഞ്ചായത്തിലെ ആദിവാസി കുട്ടികൾക്ക് അടക്കം ഉപരിപഠനം സാധ്യമാകുന്ന തരത്തിൽ സർക്കാർ കോളേജ് വേഗത്തിൽ ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>കണ്ണൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ സർവീസ് അക്കാദമി</u>**

1924 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ സർവീസ് അക്കാദമി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കോളേജിൽ ഒരു ഇൻക്യുബേഷൻ സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>അഫിലിയേറ്റഡ് കോളേജുകളിൽ സ്പോട്ട് അഡ്മിഷൻ നടത്തി ഒഴിവുകൾ നികത്താനുള്ള നടപടി</u>**

1925 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാംവർഷ ബിരുദ പി.ജി. പ്രവേശനം പൂർത്തിയായപ്പോൾ സർവ്വകലാശാലകൾക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തി പ്രസ്തുത ഒഴിവുകൾ നികത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മികച്ച സർക്കാർ/എയ്ഡഡ് കോളേജുകൾക്ക് ഗ്രേഡിംഗ് നടത്തി അംഗീകാരം നൽകുന്നതിന് സാക് (സ്റ്റേറ്റ്അസ്സെസ്സ്മെന്റ് ആൻഡ് ആക്രെഡിറ്റേഷൻ സെന്റർ) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## ഹരിപ്പാട് ഐ.എച്ച്.ആർ.ഡി കോളേജിലെ വികസന പ്രവർത്തനങ്ങൾ

1926 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം അറിയിക്കുമോ;

(ബി) ഇതിനാവശ്യമായ ഫണ്ട് പി.ഡബ്ല്യൂ.യു.ഡി വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

## മലമ്പുഴ ഐ.എച്ച് .ആർ.ഡി. കോളേജിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി

1927 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലമ്പുഴ ഐ.എച്.ആർ.ഡി. കോളേജിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും നവീകരണത്തിനുമായി ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ?

## കിനാനൂർ-കരിന്തളം ഗവൺമെന്റ് കോളേജ് കെട്ടിട നിർമാണം

1928 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാനൂർ-കരിന്തളം സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ കെട്ടിട നിർമാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമാണത്തിന് ഏതൊക്കെ സ്രോതസുകളിൽ നിന്നും എത്രയൊക്കെ തുക അനുവദിച്ചു എന്ന് വിശദമാക്കുമോ?

## ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ നിയമനം

1929 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ നിയമനം സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിയമനം യു.ജി.സി മാനദണ്ഡ പ്രകാരമാണോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയമനം സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കണ്ണൂർ സർവ്വകലാശാലയിലെ പ്രൊഫസർ റാങ്ക് പട്ടിക

1930 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയിൽ 19.7.2022-ന് പ്രസിദ്ധീകരിച്ച മലയാള അസോസിയേറ്റ് പ്രൊഫസർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർക്ക് ലഭിച്ച മാർക്കിന്റെ

വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലെ നിയമനത്തിനായി 18.11.2021-ന് നടത്തിയ ഓൺലൈൻ ഇന്റർവ്യൂവിന്റെ വീഡിയോ ദൃശ്യങ്ങൾ ലഭ്യമാണോ എന്നറിയിക്കുമോ ?

## ഫിഷറീസ് സർവകലാശാല വൈസ് ചാൻസലർ നിയമനം

1931 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് സർവകലാശാല വൈസ് ചാൻസലർ നിയമനം കോടതി റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ തുടർന്ന് സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനം സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## സാങ്കേതിക സർവകലാശാല വൈസ് ചാൻസലർ നിയമനം

1932 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലാ വൈസ് ചാൻസലർ നിയമനം യു.ജി.സി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതിനാൽ വൈസ് ചാൻസലറെ പുറത്താക്കിക്കൊണ്ട് സുപ്രീംകോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രസ്തുത വിധിയെ തുടർന്ന് സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനം സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തൊഴിൽ സംരംഭ കേന്ദ്രങ്ങൾ ആരംഭിക്കൽ

1933 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തൊഴിൽ സംരംഭ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇടുക്കി ജില്ലയിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

## പഠനം മുടങ്ങിയ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് തിരികെ നൽകാൻ നടപടി

1934 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രൊഫഷണൽ കോളേജുകളിൽ ഉന്നത ബിരുദ പഠനത്തിനായി ചേരുകയും കോഴ്സ് തുടരാനാകാതെ പഠനം നിർത്തേണ്ടി വരികയും ചെയ്യുന്ന വിദ്യാർത്ഥികൾക്ക് കോഴ്സിന്റെ മൊത്തം ഫീസടച്ചാൽ മാത്രമെ റ്റി .സി യും ചേരുന്ന സമയത്ത് നൽകിയ സർട്ടിഫിക്കറ്റും തിരികെ നൽകുന്നുള്ളൂയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ സർട്ടിഫിക്കറ്റ് തിരികെ ലഭിക്കാത്തതുമായി ബന്ധപ്പെട്ട എത്ര അപേക്ഷകൾ പരിഗണനയിലുണ്ട്; അറിയിക്കുമോ;

(സി) പഠനം മുടങ്ങിയ വിദ്യാർത്ഥകളുടെ സർട്ടിഫിക്കറ്റ് തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>സർക്കാർ കോളേജുകളുടെ നവീകരണം</u>**

1935 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളുടെ നവീകരണത്തിന് 2022-23-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ഇനം തിരിച് ലഭ്യമാക്കുമോ?

**<u>സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനം</u>**

1936 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനം യു.ജി.സി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതിനാൽ വൈസ് ചാൻസിലറെ പുറത്താക്കിക്കൊണ്ട് സുപ്രീംകോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രസ്തുത വിധിയെ തുടർന്ന് സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനം സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**<u>കേരളാ സയൻസ് സിറ്റിയുടെ നിർമ്മാണത്തിലെ കാലതാമസം പരിഹരിക്കാൻ നടപടി</u>**

1937 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കേരളാ സയൻസ് സിറ്റിയുടെ നിർമ്മാണത്തിലെ കാലതാമസം പരിഹരിക്കുന്നതിന് നിലവിൽ സ്വീകരിച്ച നടപടി വിശദീകരിക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സയൻസ് & ടെക്നോളജി മ്യൂസിയം അധികൃതർ തയ്യാറാക്കിയിരിക്കുന്ന റിവൈസ്ഡ് ആക്ഷൻ പ്ലാനിന്റെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പ്രവർത്തനങ്ങൾ എന്നേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി നടപ്പ് വർഷം ആകെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഇതിലേക്ക് സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നാളിതുവരെ ചെലവാക്കിയ തുക എത്രയെന്നും അറിയിക്കുമോ; കേന്ദ്ര സർക്കാർ ഉറപ്പ് നൽകിയിരുന്ന 50 കോടി രൂപ അനുവദിച്ചിട്ടുണ്ടോയെന്നും ബാക്കി തുക ലഭ്യമാക്കാൻ സ്വീകരിച്ച നടപടിയെന്തെന്നും വിശദീകരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടാകുന്നതെന്ന് വിശദീകരിക്കുമോ; പ്രസ്തുത സ്ഥാപനത്തെ ഏതെങ്കിലും യൂണിവേഴ്സിറ്റിയുമായി അഫിലിയേഷൻ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**<u>പാലക്കാട് ജില്ലയിൽ ബിരുദ-ബിരുദാനന്തര ബിരുദ സീറ്റുകളുടെ എണ്ണം</u>**

1938 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ആകെയുള്ള ബിരുദ-ബിരുദാനന്തര സീറ്റുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സീറ്റുകൾ ഏതെല്ലാം കോളേജുകളിലാണെന്നും ഏതെല്ലാം കോഴ്സുകളിലാണെന്നും വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

**<u>കോളേജ് അധ്യാപകർക്ക് തടഞ്ഞു വെച്ചിട്ടുള്ള ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി</u>**

1939 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. 2018 റെഗുലേഷൻ പ്രകാരം കോളേജ് അധ്യാപകർക്ക് തടഞ്ഞു വെച്ചിട്ടുള്ള എം.ഫിൽ., പി.എച്ച്.ഡി. അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതിന് വേണ്ടി കേരള ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഇൻക്രിമെന്റ് നൽയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കോളേജ് അധ്യാപകർക്ക് നിലവിൽ നൽകിവരുന്ന ഡി.എ എത്രശതമാനമാണെന്നും; ഇനി അനുവദിക്കാനുള്ളത് എത്രയെന്നും അറിയിക്കുമോ; കേന്ദ്രസർക്കാർ അനുവദിച്ച ഡി.എ. പൂർണ്ണമായും അനുവദിച്ചുകിട്ടിയത് ഏതു വിഭാഗം ജീവനക്കാർക്കാണെന്ന് അറിയിക്കുമോ;

(സി) കോളേജ് അധ്യാപകർക്ക് പൂർണ്ണമായും ഡി.എ അനുവദിക്കാത്തതിന്റെ കാരണം വ്യക്ത്തമാക്കുമോ?

**<u>വൈസ് ചാൻസിലർ കൈപ്പറ്റിയ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തിരിച്ചുപിടിക്കുന്നതിന് നടപടി</u>**

1940 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സെലക്ഷൻ പ്രക്രിയയിലൂടെ വൈസ് ചാൻസലർമാരായി നിയമനം ലഭിച്ചവർ കൈപ്പറ്റിയ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിയമനപ്രക്രിയ അസാധുവായിരിക്കുന്ന സാഹചര്യത്തിൽ അവർ കൈപ്പറ്റിയ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തിരിച്ചടയ്ക്കാതിരിക്കുവാൻ സാധിക്കുമോ; എങ്കിൽ ഏത് നിയമം / ചട്ടം / ഉത്തരവിലാണ് തിരിച്ചടയ്ക്കാതിരിക്കുവാൻ വ്യവസ്ഥ ഉള്ളതെന്ന് വ്യക്തമാക്കുമോ?

**<u>യു. ജി. സി. ഏഴാം ശമ്പള പരിഷ്കരണം</u>**

1941 **ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ജി. സി. ഏഴാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ നിന്ന് ലഭിക്കേണ്ട 750 കോടി രൂപ നഷ്ടമായിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത തുക നഷ്ടമാകുന്നതിന് കാരണമായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കോളേജുകളിൽ നിന്ന് യഥാസമയം വിവരങ്ങൾ ൽകിയിരുന്നോയെന്ന് വ്യക്തമാക്കുമോ; ആയത് ക്രോഡീകരിക്കുന്നതിൽ ആർക്കൊക്കെ വീഴ്ച സംഭവിച്ചു എന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) യഥാസമയം കിട്ടേണ്ടിയിരുന്ന കേന്ദ്ര വിഹിതം പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുവാനുള്ള നീക്കം സർക്കാർ നടത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

## <u>ബിരുദ സർട്ടിഫിക്കറ്റ് നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി</u>

1942 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയുടെ താത്കാലിക വി. സി. യുമായി സർവ്വകലാശാലയിലെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ സഹകരിക്കാത്തത് മൂലം വിദ്യാർത്ഥികൾക്ക് ബിരുദ സർട്ടിഫിക്കറ്റ്, പ്രോവിഷണൽ സർട്ടിഫിക്കറ്റ് മുതലായവ നൽകുവാൻ കഴിയുന്നില്ല എന്ന ആക്ഷേപം സർക്കാർ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശാദാംശം നൽകുമോ;

(ബി) വിദേശ പഠനത്തിനും ജോലിക്കും ഉൾപ്പെടെ സർട്ടിഫിക്കറ്റ് ആവശ്യമാണെന്നിരിക്കെ അത് നൽകാതെ താമസം വരുത്തുന്ന കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

## <u>കേരള സാങ്കേതിക സർവകലാശാലയിലെ പരീക്ഷാ ഫലങ്ങൾ</u>

1943 **ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാങ്കേതിക സർവകലാശാലയിൽ ഏതൊക്കെ പരീക്ഷകളുടെ ഫലങ്ങളാണ് ഇനിയും പ്രസിദ്ധീകരിക്കാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പരീക്ഷ നടത്തി മൂല്യനിർണയം പൂർത്തിയായവ ഏതൊക്കെയാണെന്നും ഈ പരീക്ഷകളുടെ മൂല്യനിർണയം പൂർത്തിയായതെന്നാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പരീക്ഷാ ഫലങ്ങൾ വൈകുന്നത് കാരണം വിദ്യാർത്ഥികൾക്ക് ക്യാമ്പസ് റിക്രൂട്ട്മെന്റ് വഴിയും അല്ലാതെയും ലഭിച്ച തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ?

## സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ തസ്തികകളുടെ ഏകീകരണം

1944 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വർക് ഷോപ്പ് ഇൻസ്ട്രക്ടർ , ഡെമോൺസ്ട്രേറ്റർ, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II, ഇൻസ്ട്രക്ടർ ഗ്രേഡ് II, വർക്ക്ഷോപ്പ് ഫോർമാൻ, ഇൻസ്ട്രക്ടർ എൻജിനീയറിംഗ്, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I എന്നീ തസ്തികകൾക്ക് മൂന്നാം സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയിൽ L2/238/2021/ എച്ച്.ഇഡി.എൻ. ഫയലിൽ സ്വീകരിച്ച നടപടികൾ ലഭ്യമാക്കുമോ;

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ പോളീടെക്നിക്കുകളിൽ പുതിയ പ്രൊമോഷൻ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) വ്യത്യസ്ത ഉദ്യോഗ പേരുകളും സമാന ജോലി സ്വഭാവവും ഒരേ ശമ്പള സ്കെയിലുമുള്ള ഡിപ്ലോമ യോഗ്യതയുള്ള തസ്തികകളെ ഏകീകരിക്കുന്നത് (റീഗ്രൂപ്പിംഗ്) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസ് റൂൾ പരിഷ്കരണത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

## കേരള സാങ്കേതിക സർവ്വകലാശാലയിലെ സർട്ടിഫിക്കറ്റ് വിതരണം

1945 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. എ . പി . അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാങ്കേതിക സർവകലാശാലയിൽ വിവിധ ബിരുദ കോഴ്സുകൾ പാസ്സായിട്ടും നാളിതുവരെ സർട്ടിഫിക്കറ്റ് കൈപ്പറ്റാത്ത വിദ്യാർത്ഥികളുടെ എണ്ണം തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ സർട്ടിഫിക്കറ്റിന് വേണ്ടി അപേക്ഷിച്ച വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്നും ഇവരുടെ പരീക്ഷാ ഫലം എന്നാണ് പ്രസിദ്ധീകരിച്ചതെന്നും വ്യക്തമാക്കുമോ;

(സി) സർട്ടിഫിക്കറ്റിന് വേണ്ടി അപേക്ഷിച്ചിട്ടും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) സർട്ടിഫിക്കറ്റുകൾ ലഭിക്കാൻ വൈകുന്നത് കാരണം വിദ്യാർത്ഥികൾക്ക് ക്യാമ്പസ് റിക്രൂട്ട്മെന്റ് വഴിയും അല്ലാതെയും ലഭിച്ച തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

## ചാലക്കുടി മേഖലയിലെ പ്ലാനറ്റോറിയത്തിന്റെ നവീകരണം

1946 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്ലാനറ്റോറിയം കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ചോർച്ച പരിഹരിച്ച് വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്ത ഉപകരണങ്ങൾ ഘടിപ്പിച്ച് പ്ലാനറ്റോറിയം എന്നത്തേക്ക് പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

## <u>ഗ്രാമീണ മേഖലകളിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടി</u>

1947 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലകളിൽ മതിയായ സൗകര്യങ്ങളോടുകൂടിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭൂമി ഏറ്റെടുത്ത് നൽകിയാൽ പുതിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പരിഗണന നൽകുമോ; വിശദാംശം?

## <u>കോട്ടക്കൽ വനിതാ പോളിടെക്നിക് കോളേജ് കെട്ടിട നിർമ്മാണം</u>

1948 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ കോട്ടക്കൽ ഗവൺമെന്റ് വനിത പോളിടെക്നിക് കോളേജ് -ന് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ചെങ്കിലും പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിയുടെ ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നേക്ക് പൂർത്തീകരിക്കാനാവും എന്ന് വിശദമാക്കുമോ?

## <u>ഇ.കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് പോളിടെക്നിക് ഹോസ്റ്റലിന് ഫർണിച്ചർ</u>

1949 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഇ.കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് പോളിടെക്നിക് ഹോസ്റ്റലിൽ ഫർണിച്ചർ ഇല്ലാത്തതിനാൽ ഹോസ്റ്റൽ പ്രവർത്തനം

സുഗമമായി നടത്താൻ കഴിയാതെ വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ ഫർണിച്ചർ എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**<u>മഞ്ചേശ്വരം താലൂക്കിൽ പുതിയ പോളിടെക്നിക് കോളേജ്</u>**

1950 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ പുതിയ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത താലൂക്കിൽ 2023-24 അദ്ധ്യയന വർഷം പോളിടെക്നിക് തുടങ്ങാൻ കഴിയുമോ; വ്യക്തമാക്കുമോ?

**<u>കോഴിക്കോട് ജില്ലയിയിൽ പുതിയ പോളിടെക്നിക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച്</u>**

1951 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ പോളിടെക്നിക്കുകൾ സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ കോഴിക്കോട് ജില്ലയിയിൽ പുതിയ പോളിടെക്നിക്ക് കോളേജ് സ്ഥാപിക്കാനുദ്ദേശിക്കുന്നത് എവിടെയാണെന്ന് വിശദമാക്കുമോ;

(സി) പയ്യോളി ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്നിക്ക് കോളേജായി ഉയർത്തുന്നത് സംബന്ധിച്ച പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; തുടർ നടപടി വിശദമാക്കുമോ?

**<u>മുക്കം ഗവ: പോളിടെക്നിക്ക്</u>**

1952 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ സർക്കാർ അനുവദിച്ച മുക്കം ഗവ: പോളിടെക്നിക്കിന്റെ ഉത്തരവ് നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) തദ്ദേശഭരണ സ്ഥാപനം ആവശ്യമായ ഭൂമി ലഭ്യമാക്കുകയാണെങ്കിൽ പ്രസ്തുത പോളിടെക്നിക്ക് താൽക്കാലിക കെട്ടിടത്തിൽ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**<u>നെയ്യാറ്റിൻകര ഗവ: പോളിടെക്നിക്കിന് പുതിയ മന്ദിരം</u>**

1953 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഗവ: പോളിടെക്നിക്കിൽ നിർമ്മിക്കുന്ന പുതിയ മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ്സ് വിഭാഗവുമായി ബന്ധപ്പെട്ട് ഇനി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## നെടുംങ്കണ്ടം പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ

1954 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുംങ്കണ്ടം പോളിടെക്നിക്കിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളത്;

(ബി) അടിസ്ഥാന സൗകര്യം വേണ്ടുവോളമുള്ള ഈ പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## പോളിടെക്നിക്കുകളിൽ ബയോമെഡിക്കൽ എൻജിനീയറിങ് ഡിപ്ലോമ കോഴ്സ്

1955 **ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം പോളിടെക്നിക്കുകളിലാണ് നിലവിൽ ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ് നടത്തിവരുന്നത് എന്നും ഓരോ സ്ഥലത്തും എത്ര സീറ്റുകൾ വീതം ഉണ്ട് എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സർക്കാർ പോളിടെക്നിക്കുകളിൽ ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

## നടുവിൽ പോളിടെക്നിക്ക് കോളേജിൽ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി

1956 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ നടുവിൽ പോളിടെക്നിക്ക് കോളേജിന് എ.ഐ.സി.ടി.ഇ. അംഗീകാരം ലഭിച്ചിട്ടും കോഴ്സുകൾ അനുവദിച്ച് ക്ലാസുകൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) നടുവിൽ പോളിടെക്നിക്ക് കോളേജിന് എ.ഐ.സി.ടി.ഇ. അംഗീകാരം ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കോഴ്സുകൾ ആരംഭിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) തസ്തികകൾ സൃഷ്ടിച്ചിട്ടില്ലെങ്കിൽ എപ്പോൾ തസ്തികകൾ സൃഷ്ടിച്ച് കോഴ്സുകൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് ആന്റ് വേഡ് പ്രോസസിംഗ് പരീക്ഷ സിലബസ് പരിഷ്കരണം

1957 **ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് ആന്റ് വേഡ് പ്രോസസിംഗ് സിലബസ് പരിഷ്കരിച്ചുള്ള 20.08.2022 ലെ സ.ഉ. (കൈ) നം.403/2022/എച്ച്.ഇ.ഡി.എൻ. പ്രകാരം ഇംഗ്ലീഷ്, മലയാളം ടൈപ്പ് റൈറ്റിംഗ് മെഷീൻ ഉപയോഗിച്ചുള്ള

കെ.ജി.റ്റി.ഇ. പരീക്ഷകൾ നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് മെഷീൻ ആവശ്യത്തിന് ലഭ്യമാണെന്നതിനാൽ പ്രസ്തുത സിലബസ് പരിഷ്കരണം മലയാളത്തിന് മാത്രമായി പരിമിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സിലബസ് പരിഷ്കരണത്തിൽ ഹിന്ദി, ഷോർട്ട് ഹാൻഡ് എന്നിവ ഉൾപ്പെട്ടിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ കൂടി ഉൾപ്പെടുത്തി സിലബസ് പുതുക്കി പ്രസിദ്ധീകരിക്കുമോ;

(ഡി) 20.08.2022 ലെ സിലബസ് പരിഷ്കരണം എന്ന് മുതലുള്ള കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് ആന്റ് വേഡ് പ്രോസസിംഗ് പരീക്ഷയിലാണ് നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) 20.08.2022 ലെ പരിഷ്കരിച്ച സിലബസ് പ്രകാരം പരീക്ഷ നടത്തുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മാർഗ്ഗനിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## പെൻഷൻ അനുവദിക്കുന്നതിന് നടപടി

1958 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽ അദ്ധ്യാപകനായി ജോലി ചെയ്തിരുന്ന സെയിദ് അബൂബക്കർ പൂക്കോയ തങ്ങൾക്ക് പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ ഡി.റ്റി.ഇ. യിൽ നിന്നും (ജെ3/121/2020) റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടി അറിയിക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ ഡി.റ്റി.ഇ. യിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

## താഴേക്കോട് ഗവ. വനിത ഐ.ടി.ഐ.

1959 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താഴേക്കോട് ഗവ. വനിത ഐ.ടി.ഐ. വർഷങ്ങളായി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിന് സ്വന്തമായി സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിട നിർമ്മാണം

1960 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഡി.എസ്.ആർ. 2018 പ്രകാരം പുനർനിർണ്ണയിച്ച പ്രവൃത്തിയുടെ അടങ്കലിന് പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിനായുള്ള

പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മണ്ണ് പരിശോധനയും കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡ്രോയിംഗും പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ?

## പരപ്പനങ്ങാടി പ്ലാനറ്റേറിയം

1961 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി പ്ലാനറ്റേറിയം ആൻഡ് സയൻസ് പാർക്കിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് അനുവദിച്ച തുക എത്രയാണെന്നും പ്രവൃത്തിയുടെ നിർമ്മാണം ആരംഭിച്ചോ എന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പ്ലാനറ്റേറിയം ആൻഡ് സയൻസ് പാർക്കിന്റെ നിർമ്മാണം പൂർണമായും എന്നേക്ക് പൂർത്തീകരിക്കാനാകുമെന്നും പൊതുജനങ്ങൾക്ക് എന്നേക്ക് തുറന്നു കൊടുക്കാൻ സാധിക്കുമെന്നും വിശദമാക്കുമോ?

## തിരൂരങ്ങാടി മണ്ഡലത്തിലെ എൽ.ബി.എസ്. ഐ.ഐ.എസ്.റ്റി.

1962 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എൽ.ബി.എസ്. ഐ.ഐ.എസ്.റ്റി.ക്ക് സ്ഥലം ലഭ്യമാക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും തുക അനുവദിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് കെട്ടിടം നിർമ്മിക്കുന്നതിനും സ്ഥലം ലഭ്യമാക്കുന്നതിനും വേണ്ടി 06.12.2013-ലെ സ.ഉ. (സാധാ)നം.2500/2013/എച്ച്.ഇ.ഡി.എൻ. പ്രകാരം 130.149 കോടി രൂപ അനുവദിച്ചുകൊണ്ട് ഭരണാനുമതി ഉത്തരവ് ലഭ്യമാക്കിയിരുന്നോ; പ്രസ്തുത തുകയിൽ നിന്നും ഒരു കോടി രൂപ റിലീസ് ചെയ്ത് നൽകിയിരുന്നോ; വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിലേക്ക് അനുവദിച്ച എൻജിനീയറിങ് കോളേജ്, പോളിടെക്നിക് കോളേജ് എന്നിവ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ;

(ഡി) സ്ഥാപനത്തിന് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന് സ്വകാര്യ ഭൂമി അളന്ന് തിരിച്ച് കല്ല് സ്ഥാപിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## കെ.ജി.റ്റി.ഇ. പരീക്ഷ

1963 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ജി.റ്റി.ഇ. (കോമേഴ്സ്) പരീക്ഷയിൽ ഹിന്ദി വേഡ് പ്രോസസ്സിംഗ് പരീക്ഷ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന്

അറിയിക്കാമോ;

(ബി) ഹിന്ദി വേഡ് പ്രോസസ്സിംഗ് പരീക്ഷ കൂടി ഉൾപ്പെടുത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

**<u>സംസ്കൃത സർവ്വകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസ്സർ</u>**

1964 **ശ്രീ. എ . പി . അനിൽ കുമാർ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്കൃത സർവ്വകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസ്സർ നിയമനത്തിന് സ്ക്രീനിംഗ് കമ്മിറ്റി തള്ളിക്കളഞ്ഞ അപേക്ഷകരെ ഇൻറർവ്യൂവിന് ക്ഷണിച്ച് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തി നിയമനം നൽകി എന്ന ആരോപണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ;

(ബി) അപേക്ഷകരിൽ ആർക്കൊക്കെയാണ് നിയമനം നൽകിയതെന്ന് അറിയിക്കാമോ;

(സി) സ്ക്രീനിംഗ് കമ്മിറ്റി തള്ളിക്കളഞ്ഞ അപേക്ഷ സ്വീകരിക്കാൻ തീരുമാനമെടുത്തത് ആരെന്ന് വ്യക്തമാക്കുമോ;

(ഡി) ഇൻറർവ്യൂ നടത്തിയ വൈസ് ചാൻസലറുടെയും യൂണിവേഴ്സിറ്റി ഡീനിന്റെയും ഗവേഷണ വിദ്യാർത്ഥികൾ ഇത്തരത്തിൽ നിയമനം ലഭിച്ചവരിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) നാക്ക് ആക്രെഡിറ്റേഷൻ ചെയർമാന്റെ കീഴിൽ ഗവേഷണം നടത്തിയ വിദ്യാർഥിനിക്ക് അസിസ്റ്റന്റ് പ്രൊഫസ്സർ നിയമനം നൽകിയോ എന്ന് വ്യക്തമാക്കുമോ?

**<u>ഭാഷകൾക്കായി പ്രത്യേക സർവ്വകലാശാലകൾ സ്ഥാപിക്കൽ</u>**

1965 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ഭാഷകൾക്കാണ് പ്രത്യേക സർവ്വകലാശാലകൾ നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) അറബിക് സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>ഉന്നത വിദ്യാഭ്യാസ കമ്മീഷന്റെ ശിപാർശകൾ</u>**

1966 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാല പരിഷ്കാരങ്ങൾക്കായുള്ള ഉന്നത വിദ്യാഭ്യാസ കമ്മീഷന്റെ ശിപാർശകൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നിയമനിർമാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് സർവ്വകലാശാലാ നിയമത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## കേരള, കാലിക്കറ്റ്, എം.ജി, കണ്ണൂർ സർവകലാശാലകളിലെ ബിരുദ പ്രവേശനം

1967 **ശ്രീ . പി . ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള, കാലിക്കറ്റ്, എം.ജി, കണ്ണൂർ സർവകലാശാലകൾക്ക് കീഴിലെ കോളേജുകളിൽ 2022 -23 അധ്യയന വർഷത്തിൽ കേന്ദ്രീകൃത രീതിയിൽ ബിരുദ പ്രവേശനം നേടിയ വിദ്യാർഥികളുടെ എണ്ണം, കോഴ്സ് അടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) പ്രസ്തുത സർവകലാശാലകളിൽ 2022-23 അധ്യയന വർഷം ഒഴിവുള്ള സീറ്റുകളുടെ എണ്ണം, കോഴ്സ്, കോളേജ് എന്നിവയുടെ അടിസ്ഥാനത്തിൽ അറിയിക്കുമോ;

(സി) പ്രസ്തുത സർവകലാശാലകളിൽ 2020-21, 2021-22 അധ്യയന വർഷങ്ങളിൽ ബിരുദ കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർഥികളുടെ എണ്ണം, ഒഴിവുണ്ടായിരുന്ന സീറ്റുകളുടെ എണ്ണം എന്നിവ കോഴ്സ്, കോളേജ് എന്നിവയുടെ അടിസ്ഥാനത്തിൽ അറിയിക്കുമോ?

## സർവ്വകലാശാലകളിൽ ബിരുദ, ബിരുദാനന്തര കോഴ്സുകളിലെ സീറ്റുകൾ

1968 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ .പി. കെ. ബഷീർ**
**ശ്രീ . എൻ . ഷംസുദ്ദീൻ**
**ശ്രീ . പി . ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ കീഴിലുള്ള ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ അനേകം സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) ഉപരിപഠനത്തിനായി സംസ്ഥാനത്തിന് പുറത്ത് പോകുന്നവരുടെ എണ്ണം കൂടിയതും യൂണിവേഴ്സിറ്റി സെന്ററുകളിൽ യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കാത്തതും പ്രവേശനം നേടുന്നവരുടെ എണ്ണത്തിൽ കുറവ് വരുത്തുന്നതിന് കാണമായിട്ടുണ്ടോ;

(ഡി) ഇക്കാര്യങ്ങളിൽ എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## സർവകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനം

1969 **ശ്രീ എൻ എ നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനം സംബന്ധിച്ച് സുവ്യക്തമായ ചട്ടങ്ങളും യു.ജി.സി. റെഗുലേഷനുകളും നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സർവകലാശാലകളിൽ നടത്തിയിട്ടുള്ള നിയമനങ്ങളെല്ലാം പ്രസ്തുത ചട്ടങ്ങളും റെഗുലേഷനുകളും പാലിച്ച് കൊണ്ടാണോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ചട്ടങ്ങളും റെഗുലേഷനുകളും വ്യക്തമാക്കുന്നതെന്താണെന്ന് വിശദമാക്കുമോ;

(സി) നിലവിലെ ചട്ടങ്ങളും റെഗുലേഷനുകളും ലംഘിച്ച് കൊണ്ടുള്ള നിയമനങ്ങൾ ആണോ പ്രസ്തുത മേഖലയിൽ നടന്നിട്ടുള്ളതെന്ന് പരിശോധിക്കുമോ;

(ഡി) സർക്കാരും ഗവർണറും തമ്മിലുണ്ടായ തർക്കമാണ് പ്രസ്തുത മേഖലയിലെ നിലവിലുള്ള പ്രതിസന്ധിക്ക് കാരണമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) ഇത്തരം നിലപാട് വിദ്യാർത്ഥികളുടെ ഭാവിയെ പ്രതികൂലമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കേസുകളിൽ നിയമോപദേശം

1970 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 ലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട ഏതൊക്കെ കേസുകളിൽ സംസ്ഥാന സർക്കാർ നിയമോപദേശം തേടിയിട്ടുണ്ട്; ഓരോ കേസിലും ലഭിച്ച നിയമോപദേശം എന്താണെന്നും നിയമോപദേശം തേടിയത് ആരിൽ നിന്നാണെന്നും അനുവദിച്ച ഫീസ് എത്രയാണെന്നും വ്യക്തമാക്കുമോ?

## കേരളത്തിലെ ബിരുദ സീറ്റുകൾ

1971 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സർവകലാശാലകളിലും മറ്റു സ്ഥാപനങ്ങളിലുമായി ആകെ എത്ര ബിരുദ സീറ്റുകൾ ആണ് നിലവിലുള്ളത്; സർക്കാർ, സ്വാശ്രയ സീറ്റുകളും സർവകലാശാലയും വിഷയവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) നടപ്പ് വർഷം എത്ര ബിരുദ സീറ്റുകളിലേക്ക് അഡ്മിഷൻ നടന്നു എന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ എത്ര ബിരുദ സീറ്റുകളാണ് ഒഴിഞ്ഞു കിടക്കുന്നത്; സർക്കാർ, സ്വാശ്രയ സീറ്റുകളും വിഷയവും സർവകലാശാലയും തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ;

(ഡി) ബിരുദ കോഴ്സുകളിൽ ഇത്രയധികം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഈ സാഹചര്യത്തിലും വിദേശരാജ്യങ്ങളിലേക്കും മറ്റു സംസ്ഥാനങ്ങളിലേക്കും പഠനാർത്ഥം പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## വിവിധ സർവകലാശാലകളിലെ അധ്യാപക നിയമനങ്ങൾ

1972 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർവകലാശാലകളിൽ 01.01.2016 മുതൽ 25.11.2022 വരെയുള്ള കാലയളവിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേക്ക് നിയമിതരായ അധ്യാപകരുടെ യൂണിവേഴ്സിറ്റി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിയമിതരായ അധ്യാപകരുടെ ജാതി, മതം, ലിംഗം എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഓരോ യൂണിവേഴ്സിറ്റിയിലും പ്രസ്തുത നിയമനങ്ങൾക്ക് ആധാരമാക്കിയ സംവരണ റോസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## ദേശീയ പാത വികസനം - കരാർ കമ്പനിക്ക് സർവ്വകലാശാലയുടെ ഭൂമി

1973 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത വികസന പദ്ധതിയുടെ കരാർ കമ്പനിയായ കെ.എൻ.ആർ. കൺസ്ട്രക്ഷൻ കമ്പനിക്ക് കാലിക്കറ്റ് സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള സ്ഥലം ലീസിനോ മറ്റോ കൈമാറുന്നതിന് സർവ്വകലാശാലയും കമ്പനിയും തമ്മിലുള്ള എം.ഒ.യു. വിന്റെയും പ്രസ്തുത കമ്പനി സർവ്വകലാശാലക്ക് നൽകിയ അപേക്ഷയുടെയും പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കമ്പനി ജീവനക്കാർക്ക് താമസ സൗകര്യത്തിനായി നൽകിയ സ്ഥലത്ത് കെമിക്കൽ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് പരാതിപ്പെട്ട് റസിഡൻസ് അസോസിയേഷൻ വി.സി.- ക്ക് നൽകിയ പരാതിയിന്മേൽ സർവ്വകലാശാല സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരാതിയിന്മേൽ സർവ്വകലാശാല നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## സർവകലാശാലകളിലെ അധ്യാപക തസ്തികകൾ

1974 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകളിൽ നിലവിലുള്ള അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തുടങ്ങിയ അധ്യാപക തസ്തികകളുടെ അംഗീകൃത എണ്ണം തസ്തിക തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ സ്ഥിരനിയമനം ലഭിച്ചവരുടെ എണ്ണം, നിലവിലുള്ള ഒഴിവുകൾ എന്നിവ അറിയിക്കുമോ;

(സി) ഇതിൽ സ്ഥിര നിയമനം ലഭിച്ചവരുടെ പേര്, പഠന വകുപ്പിന്റെ പേര്, തസ്തിക, നിയമനം ലഭിച്ച തീയതി, സർവീസിൽ നിന്നും വിരമിക്കേണ്ട തിയതി, നിയമനം ലഭിച്ചത് പൊതു വിഭാഗത്തിലോ സംവരണ വിഭാഗത്തിലോ; സംവരണ നിയമനമാണെങ്കിൽ ഏത് സംവരണ വിഭാഗം എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

**നാക്ക് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട ഭൗതിക സാഹചര്യങ്ങൾ**

1975 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാക്ക് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് മരാമത്ത്പണികൾക്ക് ഉൾപ്പെടെ സംസ്കൃത സർവ്വകലാശാല, കുസാറ്റ്, കേരള, കാലിക്കറ്റ്, എം ജി, കണ്ണൂർ, സർവ്വകലാശാലകൾ ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ബി) കേരള സർവകലാശാല നേരിട്ട് നടത്തുന്ന യു.ഐ.ടി. ടീച്ചർ എഡ്യൂക്കേഷൻ, മാനേജ്മെൻറ് സെൻററുകൾ നാക്കിന്റെ അന്വേഷണ പരിശോധന പരിധിയിൽ വന്നിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

1976 **ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി, ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിലും ചാൻസലറുടെ നടപടികൾമൂലവും സർവകലാശാലകളിൽ ഭരണപരവും അക്കാദമികവുമായ പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പഠനവും പരീക്ഷയും പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റ് ലഭിക്കാത്തതുമൂലമുണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിസന്ധി അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വിവിധ സർവകലാശാലകളിൽ അനധികൃത നിയമനങ്ങൾ നടന്നിട്ടുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അടിയന്തരമായി പുന:പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**സാങ്കേതിക സർവകലാശാലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

1977 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ . ഷാഫി പറമ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി വിധിയെത്തുടർന്ന് സാങ്കേതിക സർവകലാശാലാ വൈസ് ചാൻസലർ പദവി ഒഴിഞ്ഞ വ്യക്തിക്ക് പകരം ചുമതലയേറ്റ താൽക്കാലിക വി.സി.യോടുള്ള ഉന്നത ഉദ്യോഗസ്ഥരുടെയും സർവകലാശാലാ ജീവനക്കാരുടെയും നിസ്സഹകരണം കാരണം സർവകലാശാലാ ഭരണം സ്തംഭനത്തിലായിരിക്കുന്നുവെന്ന ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) വി.സി.ക്ക് ബിരുദ സർട്ടിഫിക്കറ്റുകളിൽ ഡിജിറ്റൽ ഒപ്പ് വയ്ക്കാനുള്ള സൗകര്യം ഒരുക്കാൻ രജിസ്ട്രാർ തയ്യാറാകാത്തതിനാൽ വിദ്യാർഥികളുടെ ബിരുദ സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകൾ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ കെട്ടിക്കിടക്കുകയാണ് എന്ന ആരോപണത്തിന്റെ വസ്തുതയെന്താണെന്ന് വിശദമാക്കുമോ;

(സി) മൂല്യനിർണയം കഴിഞ്ഞ പരീക്ഷാഫലങ്ങൾപോലും പ്രസിദ്ധീകരിക്കുന്നില്ലെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ഡി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ കാര്യക്ഷമമായ ഇടപെടൽ നടത്താൻ സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ?

## കേരള സർവകലാശാല -വിജ്ഞാനകോശം

1978 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നൂറു വർഷത്തെ ഇടതുപക്ഷ നേതാക്കളെയും സാംസ്കാരിക പ്രവർത്തകരെയും കുറിച്ച് വിജ്ഞാനകോശം പുറത്തിറക്കുവാൻ കേരള സർവകലാശാല തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് വകുപ്പാണ് പ്രസ്തുത വിജ്ഞാനകോശം പുറത്തിറക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ചെലവും പ്രാരംഭ പ്രവർത്തനങ്ങൾക്കായി സർവകലാശാല അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ള തുകയും വ്യക്തമാക്കുമോ?

## ചാൻസലർക്കെതിരെ പ്രമേയം

1979 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാലാ ചാൻസലർക്കെതിരെ പ്രമേയം പാസാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് ചട്ടപ്രകാരമാണ് പ്രസ്തുത പ്രമേയം പാസാക്കിയതെന്ന് അറിയിക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കേരള സർവകലാശാലയിൽ യുജിസിയുടെ എച്ച്.ആർ.ഡി.സി ഡയറക്ടർ നിയമനം

1980 **ശ്രീ. ടി.സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാലയിൽ യുജിസിയുടെ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ ഡയറക്ടർ നിയമനം യു.ജി.സി ചട്ടപ്രകാരമാണോ നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും ആരെയാണ് പ്രസ്തുത തസ്തികയിൽ നിയമിച്ചതെന്നും നിയമിച്ചതിന്റെ മാനദണ്ഡം എന്താണ് എന്നും വ്യക്തമാക്കുമോ?

## വിദൂര വിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്ത അക്കാഡമിക് സ്റ്റാഫിനെ മാറ്റിനിയമിച്ച നടപടി

1981 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല വിദൂര വിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്ത അക്കാഡമിക് സ്റ്റാഫിനെ സമാനമായ യൂണിവേഴ്സിറ്റി പഠന വകുപ്പുകളിലേക്ക് മാറ്റി നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിരുന്നോ, വ്യക്തമാക്കുമോ;

(ബി) ഇവരെ മറ്റു ഡിപ്പാർട്ട്മെന്റുകളിലേക്ക് മാറ്റി നിയമിക്കുന്നതിന് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലാത്ത തസ്തികകളിൽ നിയമിക്കുന്നത് ചട്ടപ്രകാരമാണോ; വ്യക്തമാക്കുമോ?

## കേരള സർവകലാശാലയിൽ സീനിയർ പ്രൊഫസർ

1982 **ശ്രീ. എ . പി . അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാലയിൽ സീനിയർ പ്രൊഫസർ പദവിക്ക് അർഹരായവരിൽ നിന്ന് അപേക്ഷ സ്വീകരിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) എത്രപേർ സീനിയർ പ്രൊഫസർ പദവിക്കായി അപേക്ഷ സമർപ്പിച്ചു എന്നും എത്രപേർക്ക് പ്രസ്തുതപദവി നൽകി എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത നടപടിക്കുള്ള കാലതാമസത്തിന് കാരണം അറിയിക്കുമോ; ചിലർക്ക് മാത്രംസീനിയർ പ്രൊഫസർ പദവി നൽകിയോ എന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദവി നൽകിയതിന്റെ മാനദണ്ഡം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ?

## കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിലെ നിശ്ചിതഭൂമി

1983 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിലെ നിശ്ചിതഭൂമി സാങ്കേതിക സർവകലാശാലാ ആസ്ഥാനത്തിനും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആസ്ഥാനത്തിനുമായി വിട്ടു നൽകണമെന്ന സർക്കാരിന്റെ ആവശ്യം സർവകലാശാല തള്ളിക്കളഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സർവകലാശാലയുടെ ഭാവിവികസന പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ സർവ്വകലാശാല വക ഭൂമി നഷ്ടപ്പെടുത്തുവാൻ പാടില്ലെന്ന് സെനറ്റ് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കമോ;

(സി) സെനറ്റ്തീരുമാനം നിലനിൽക്കെ സയൻസ് പാർക്കിന്റെ നിർമ്മാണത്തിന് ഭൂമി വിട്ടു നൽകുവാൻ സിൻഡിക്കേറ്റ് നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) എത്ര ഏക്കർ ഭൂമി വിട്ടു നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്; പ്രസ്തുത നിർദ്ദേശം സെനറ്റ് തീരുമാനത്തിനും വികസനത്തിനും ഘടകവിരുദ്ധമല്ലേയെന്നും വ്യക്തമാക്കുമോ;

(ഇ) നിലവിൽ ഒരേക്കർ ഭൂമിയുടെ മതിപ്പുവില എത്രയെന്ന് വ്യക്തമാക്കുമോ;

(എഫ്) യൂണിവേഴ്സിറ്റി വക ഭൂമി ഗ്രീൻഫീൽഡ് സ്റ്റേഡിയ നിർമ്മാണത്തിന് വിട്ടുകൊടുത്ത

വകയിൽ എത്ര തുക പാട്ട കുടിശ്ശികയായി ലഭിക്കുവാനുണ്ടെന്നും പ്രസ്തുത തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കുമോ?

**<u>കേരള സർവകലാശാല മലയാള ഭാഷ മഹാ നിഘണ്ടു</u>**

1984 **ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാല മലയാള ഭാഷ മഹാ നിഘണ്ടു എത്ര വാല്യം പ്രസിദ്ധീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) തെറ്റുകൾ കടന്നുകൂടിയ എട്ടാം വാല്യം പുനപ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ കാരണവും പ്രസ്തുത നിഘണ്ടുവിന്റെ എല്ലാ വാല്യങ്ങളും എപ്പോൾ പൂർത്തിയാക്കാൻ കഴിമെന്നും വ്യക്തമാക്കുമോ?

**<u>യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികളുടെ അടിസ്ഥാന സൗകര്യം</u>**

1985 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിൽ എത്ര യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നതെന്നും തിരുവനന്തപുരം ജില്ലയിൽ അവ എവിടെയൊക്കെയാണ് സ്ഥിതി ചെയ്യുന്നതെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചെപ്പെടുത്തുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**<u>കണ്ണൂർ സർവകലാശാലയിലെ മലയാളം അസോസിയേറ്റ് പ്രൊഫസർ റാങ്ക് ലിസ്റ്റ്</u>**

1986 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവകലാശാലയിൽ മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്ക് ലഭിച്ച വ്യക്തി അയോഗ്യയാണെന്ന് കോടതി വിധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കോടതി വിധിയെ തുടർന്ന് റാങ്ക് ലിസ്റ്റ് പുനഃക്രമീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

**<u>കണ്ണൂർ സർവകലാശാലയിൽ മലയാളം അസോഷ്യേറ്റ് പ്രൊഫസർ നിയമനം</u>**

1987 **ശ്രീമതി.ഉമ തോമസ്**
**ശ്രീമതി കെ.കെ.രമ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവകലാശാല മലയാളം അസോഷ്യേറ്റ് പ്രൊഫസർ തസ്തികയിലേക്ക് ഒന്നാം റാങ്ക് നേടിയ വ്യക്തിക്ക് പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെടാൻ

യോഗ്യതയില്ല എന്ന് ഹൈക്കോടതി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ കണ്ണൂർ യൂണിവേഴ്സിറ്റി ഹൈക്കോടതിയിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കുമോ;

(സി) 25 വർഷത്തെ അദ്ധ്യാപന പരിചയവും നൂറിലധികം ഗവേഷണ പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ച അദ്ധ്യാപകന് റിസർച്ച് സ്കോർ 656 ലഭിച്ചിട്ടും 156 സ്കോർ ലഭിച്ചയാൾക്ക് ഒന്നാം റാങ്ക് നൽകിയെന്ന ആരോപണത്തിൽ വാസ്തവമുണ്ടോ; വിശദമാക്കുമോ;

(ഡി) കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അടക്കം അനധികൃത അദ്ധ്യാപക നിയമനം നടത്തുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർവകലാശാലകളിലെ നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കണ്ണൂർ സർവകലാശാലയിലെ മലയാളം അസോസിയേറ്റ് പ്രൊഫസർ റാങ്ക് പട്ടിക

1988 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 19.07.2022-ന് കണ്ണൂർ സർവകലാശാല പ്രസിദ്ധീകരിച്ച മലയാളം അസോസിയേറ്റ് പ്രൊഫസർ റാങ്ക് പട്ടിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗാർഥികളുടെ അദ്ധ്യാപന പരിചയം സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ, സർവകലാശാല സ്റ്റാൻഡിങ് കൗൺസിൽ എന്നിവർ നൽകിയ സ്പഷ്ടീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) അദ്ധ്യാപന പരിചയം സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ട് യു.ജി.സി.ക്ക് കത്ത് നൽകിയിരുന്നോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത വിഷയത്തിൽ യു.ജി.സി.യിൽ നിന്നും മറുപടി ലഭിച്ചിരുന്നോ; എങ്കിൽ മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ?

## സർവകലാശാലകളിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 വിഭാഗത്തിലെ ഒഴിവുകൾ

1989 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർവകലാശാലകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 വിഭാഗത്തിൽ ആകെ എത്ര പി.എസ്.സി. അംഗീകൃത തസ്തികകളാണ് നിലവിലുള്ളതെന്ന് സർവകലാശാല തിരിച്ച് ലഭ്യമാക്കുമോ;

(ബി) 01.12.2022 തീയതി അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് സർവകലാശാല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) 01.12.2022 മുതൽ 01.07.2024 വരെയുള്ള കാലയളവിൽ റിട്ടയർമെന്റിലൂടെയും പ്രൊമോഷനിലൂടെയും എത്ര ഒഴിവുകൾ പ്രസ്തുത തസ്തികയിലുണ്ടാകും എന്നുള്ള വിവരം സർവകലാശാല തിരിച്ച് ലഭ്യമാക്കുമോ?

## സർക്കാർ ഉടമസ്ഥതയിലുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ നിയമനം

1990 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-

സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിലുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ എത്ര പ്രിൻസിപ്പൽ തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ ഇൻറർവ്യൂ നടത്തി ലിസ്റ്റ് പിഎസ് സി അനുവാദത്തോടെ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഇതിൽ പ്രിൻസിപ്പൽ ആകുവാൻ യോഗ്യരായി ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള അധ്യാപകരുടെ എണ്ണം എത്രയെന്ന അറിയിക്കുമോ; പ്രിൻസിപ്പൽ തസ്തികയിലേക്ക് നിയമന ഉത്തരവ് നൽകാതിരിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) 15 വർഷത്തെ അധ്യാപന പരിചയം ആവശ്യമുള്ള പ്രസ്തുത തസ്തികയ്ക്ക് ഡെപ്യൂട്ടേഷനിൽ അനധ്യാപക ജോലി ചെയ്തിട്ടുള്ള കാലയളവ് കൂടി ഉൾക്കൊള്ളിച്ച് സർക്കാർ ഉത്തരവിറക്കിയത് യു.ജി.സി ചട്ടങ്ങൾക്ക് വിരുദ്ധമാണോയെന്ന് പരിശോധിക്കുമോ;

(ഇ) യു.ജി.സി ചട്ടങ്ങൾ കർശനമായി പാലിക്കണമെന്ന സുപ്രീംകോടതി വിധി പാലിക്കുവാൻ സർക്കാർ ബാധ്യസ്ഥമല്ലേ; വിശദമാക്കുമോ?

## ഉന്നതവിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനം

1991 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഏതൊക്കെ സർവ്വകലാശാലകളിലാണ് എഡ്യൂക്കേഷൻ (പെഡഗോഗി) വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തിക നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിലവിൽ എത്ര ഒഴിവുണ്ടെന്ന് സർവ്വകലാശാല, തസ്തിക, സംവരണക്രമം എന്നിങ്ങനെ തരംതിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിൽ ഒഴിവുണ്ടെങ്കിൽ അവ നികത്തുന്നതിനായി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സാങ്കേതിക സർവ്വകലാശാല, ഓപ്പൺ സർവ്വകലാശാല, കുസാറ്റ്, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, മലയാളം യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തിക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

## സർവകലാശാലകളിലെ താല്ക്കാലിക അദ്ധ്യാപക -അനദ്ധ്യാപക ജീവനക്കാർ

1992 **ശ്രീ . ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർവകലാശാലകളുടെ ഓഫീസുകൾ, സർവകലാശാല പഠനവകുപ്പുകൾ, സർവകലാശാല കേന്ദ്രങ്ങൾ, സർവകലാശാലകൾ നേരിട്ട് നടത്തുന്ന സ്വാശ്രയകേന്ദ്രങ്ങൾ എന്നിവയിൽ അദ്ധ്യാപക,അനദ്ധ്യാപക തസ്തികകളിൽ കരാർ/ദിവസവേതനം/മണിക്കൂർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന എല്ലാ

താല്ക്കാലിക ജീവനക്കാരുടെയും തസ്തിക തിരിച്ചുള്ള വിശദാംശം ജോലിയിൽ ചേർന്ന തീയതി, ആകെ ജോലി ചെയ്ത കാലം എന്നീ വിവരങ്ങൾ സഹിതം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർ ജോലിചെയ്തുവരുന്ന തസ്തികകളിൽ സർവകലാശാലകളുടെ സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ ഉൾപ്പെടുന്നവയും, സർക്കാർ അംഗീകൃതവുമായ തസ്തികകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഏതെങ്കിലും തസ്തികകൾ സർവകലാശാലകളുടെ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടാത്തവയോ, സർക്കാറിന്റെ അനുമതി ലഭിക്കാത്തവയോ ആയിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സർവകലാശാലകളുടെ സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ ഉൾപ്പെടാത്തവയും, സർക്കാർ അംഗീകാരം ലഭിക്കാത്തവയും, അംഗീകൃത തസ്തികകളുടെ അംഗബലത്തിൽ കവിഞ്ഞു നിയമനം നല്കിയതുമായ തസ്തികകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

**കേരള സാങ്കേതിക സർവകലാശാല വൈസ് ചാൻസലർ നിയമനം**

1993 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാങ്കേതിക സർവകലാശാല (കെ ടി യു) വൈസ് ചാൻസലർ നിയമനം സുപ്രീംകോടതി റദ്ദാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമനം യു.ജി.സി. ചട്ടപ്രകാരമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്നാണോ സുപ്രീം കോടതി പ്രസ്തുത നിയമനം റദ്ദാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയമനത്തിന് ചാൻസലർക്ക് പാനൽ കൈമാറുന്നതിന് പകരം ഒരു വ്യക്തിയുടെ പേര് മാത്രമാണ് കൈമാറിയതെന്ന ആരോപണം വസ്തുതാപരമാണോ;

(ഡി) പ്രസ്തുത നിയമനം യു .ജി.സി, ചട്ടപ്രകാരമാണോ നടത്തിയത്; അല്ലെങ്കിൽ പ്രസ്തുത ചട്ടം മറികടക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ?

**സർവ്വകാലാശാലകളിലെ അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ**

1994 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപന ഉത്തരവാദിത്തം ഇല്ലാതെ, യു.ജി.സി ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (എഫ്.ഐ. പി) അല്ലെങ്കിൽ യു.ജി.സി ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം (എഫ്.ഡി.പി) പൂർത്തീകരിക്കുകയും പ്രസ്തുത കാലയളവ് അസോസിയേറ്റ് പ്രൊഫസർ / പ്രൊഫസർ നിയമനത്തിന് പരിചയ കാലമായി പരിഗണിക്കപ്പെട്ട് സംസ്ഥാനത്തെ സർവ്വകലാശാലകളിൽ 2016 ജനവരി ഒന്നിന് ശേഷം നിയമിതരായ അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിവരുടെ സർവ്വകലാശാല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

## കണ്ണൂർ സർവകലാശാലയിൽ മലയാളം അസോഷ്യേറ്റ് പ്രൊഫസർ നിയമനം

1995 **ശ്രീമതി.ഉമ തോമസ്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവകലാശാലയിലെ മലയാളം അസോഷ്യേയേറ്റ് പ്രൊഫസർ റാങ്ക് പട്ടികയിലെ ഒന്നാംറാങ്ക് ജേതാവിന് നിയമനം നൽകുന്നതിനായി സർവകലാശാല എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിനാവശ്യമായ യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) യു. ജി. സി. നിഷ്കർഷിക്കുന്ന യോഗ്യത ഇല്ലാത്ത വ്യക്തിക്കാണ് ഒന്നാം റാങ്ക് നൽകിയത് എന്ന് കോടതി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത വ്യക്തിയുടെ യോഗ്യത സംബന്ധിച്ച് യു.ജി.സി. യുടെ അഭിപ്രായം ആരാഞ്ഞിരുന്നോ; വിശദമാക്കുമോ;

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റ് ഹൈക്കോടതി റദ്ദാക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ?

## ചട്ടവിരുദ്ധമായി ഡെപ്യൂട്ടേഷൻ – ഉദ്യോഗസ്ഥർക്കെതിരെ നടപടി

1996 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കേരള വർമ്മകോളേജ് അസിസ്റ്റൻറ് പ്രൊഫസർ പ്രിയവർഗീസിന് എഫ്.ഡി.പി (ഫാക്കൽറ്റി ഡെവലൊപ്മെൻറ് പ്രോഗ്രാം) യിൽ ഗവേഷണത്തിന് ഡെപ്യൂട്ടേഷൻ അനുവദിച്ചിരുന്നോ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ മുഴുവൻ ശമ്പളവും പ്രസ്തുത വ്യക്തി സ്വീകരിച്ചിരുന്നോ; ഗവേഷണത്തിനുശേഷം കോളേജിൽ നിശ്ചിത കാലയളവ് സേവനമനുഷ്ഠിക്കണമെന്ന കരാർ രേഖ നൽകിയിട്ടുണ്ടോ;

(സി) കരാർ ലംഘിച്ച് കോളേജ് അധികൃതർ മറ്റ് സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ നിയമനത്തിന് അനുമതി നൽകിയിരുന്നോ;

(ഡി) കരാർ ലംഘിച്ചതിനെ തുടർന്ന് കരാറിലെ വ്യവസ്ഥ പ്രകാരം പ്രിയ വർഗീസ് സർക്കാരിൽ നിന്ന് വാങ്ങിയ ശമ്പളം തിരിച്ചുപിടിക്കുവാൻ നടപടി സ്വീകരിക്കുമോ; ചട്ടവിരുദ്ധമായി ഡെപ്യൂട്ടേഷൻ അനുവദിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

## കാലടി സംസ്കൃത സർവകലാശാലയിൽ അദ്ധ്യാപക നിയമനങ്ങൾ

1997 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കാലടി സംസ്കൃത

സർവകലാശാലയിൽ എത്ര അദ്ധ്യാപക നിയമനങ്ങൾ നടന്നിട്ടുണ്ടെന്നും ഏതൊക്കെ വകുപ്പുകളിലെ എത്ര തസ്തികളിൽ നിയമനം നടന്നുവെന്നും അറിയിക്കുമോ;

(ബി) ഓരോ തസ്തികയിലും നിയമിതരായ അദ്ധ്യാപകർ ഹാജരാക്കിയ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**<u>കണ്ണൂർ സർവകലാശാലയിൽ മലയാളം അസോഷ്യേറ്റ് പ്രൊഫസർ നിയമനം</u>**

1998 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**

**ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവകലാശാലയിൽ മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിയമിക്കപ്പെടാൻ ഒന്നാംറാങ്ക് നേടിയ വ്യക്തി അയോഗ്യയെന്ന് കോടതി കണ്ടെത്തിയ സാഹചര്യത്തിൽ പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് അപേക്ഷകർ നൽകിയ രേഖകൾ സ്ക്രീനിങ് കമ്മിറ്റി പരിശോധിച്ചിട്ടില്ല എന്ന ആരോപണത്തിൽ വാസ്തവമുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് യു.ജി.സി. മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ കാരണമെന്തെന്നും വിശദമാക്കുമോ;

(സി) പ്രോ വൈസ്ചാൻസലർ അധ്യക്ഷനായ സ്ക്രീനിങ് കമ്മിറ്റി, അപേക്ഷകർ നൽകിയ രേഖകൾ പരിശോധിച്ചതിന് ശേഷമാണ് ചുരുക്കപ്പട്ടിക തയ്യാറാക്കേണ്ടത് എന്നിരിക്കെ നടപടിക്രമം പാലിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ക്രമക്കേട് സംബന്ധിച്ച് അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ?

**<u>കണ്ണൂർ സർവകലാശാലയിൽ മലയാളം അസൊഷ്യേറ്റ് പ്രൊഫസർ നിയമനം</u>**

1999 **ശ്രീ. റോജി എം. ജോൺ**

**ശ്രീ . ഷാഫി പറമ്പിൽ**

**ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവകലാശാലയിൽ മലയാളം അസോഷ്യേറ്റ് പ്രൊഫസർ തസ്തികയിൽ നിയമിക്കപ്പെടാൻ പ്രിയ വർഗീസ് അയോഗ്യയെന്ന് ഹൈക്കോടതി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യക്തിക്ക് യുജിസി മാനദണ്ഡപ്രകാരമുള്ള മതിയായ അദ്ധ്യാപന പരിചയമില്ലെന്നും ഗവേഷണകാലം അധ്യാപന പരിചയമായി കണക്കാക്കാനാകില്ലെന്നും ഹൈക്കോടതി വ്യക്തമാക്കിയ സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിന്മേൽ കണ്ണൂർ യൂണിവേഴ്സിറ്റി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) അസോഷ്യേറ്റ് പ്രൊഫസർ നിയമനത്തിനുള്ള അടിസ്ഥാന യോഗ്യതയില്ലാത്ത വ്യക്തിയെ ഇന്റർവ്യൂവിലേക്ക് തെരഞ്ഞെടുത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) സർവകലാശാലകളിൽ ഇത്തരം പിൻവാതിൽ നിയമനങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## സർക്കാർ/സർവകലാശാല സർവീസിൽ താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ

2000 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/സർവകലാശാല സർവീസിൽ നിന്നും വിരമിച്ച ജീവനക്കാരും, അധ്യാപകരും സർവകലാശാലകളിൽ താല്ക്കാലികാടിസ്ഥാനത്തിൽ (കരാർ/ദിവസവേതനം/മണിക്കൂർ വേതനം/ഗസ്റ്റ്/ഹോണറേറിയം ) നിലവിൽ ജോലി ചെയ്യുന്നുണ്ടോയെന്നും ഏതെല്ലാം തസ്തികകളിലാണ് പ്രസ്തുത ജീവനക്കാർ ജോലി ചെയ്യുന്നതെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ വിരമിച്ച തീയതി, താത്കാലികാടിസ്ഥാനത്തിൽ സർവകലാശാലകളിൽ പുനർനിയമനം നേടിയ തീയതി , അവർക്ക് ലഭ്യമായികൊണ്ടിരിക്കുന്ന സ്ഥിരം സർവീസിലെ പെൻഷൻ, താല്ക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്യുന്നതിന് സർവകലാശാലകളിൽ നിന്നും അനുവദിക്കുന്ന വേതനം എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാർ പ്രസ്തുത തസ്തികകളിൽ ആദ്യമായി ജോലിയിൽ പ്രവേശിച്ച തീയതി (താല്ക്കാലിക തസ്തികകളിലെ പുനർനിയമനം) മുതൽ നാളിതുവരെ സർവകലാശാലകളിൽ താല്ക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്ത കാലയളവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത തസ്തികകളിൽ സർവകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ ഉൾപ്പെടുന്നവയും, സർക്കാർ അംഗീകൃത തസ്തികകളും ഏതെല്ലാമെന്ന് വിശദമാക്കാമോ; ഏതെല്ലാം തസ്തികകൾ സർവകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ ഉൾപ്പെടാത്തവയും, സർക്കാർ അംഗീകാരം ലഭിക്കാത്തവയും അംഗീകൃത തസ്തികകളുടെ അംഗബലത്തിൽ കവിഞ്ഞു നിയമനം നല്കിയവയുമാണെന്നും വിശദമാക്കുമോ?

## യു.ജി.സി. ഗൈഡ്ലൈൻ പ്രകാരം പ്രോ-വൈസ് ചാൻസലർ നിയമനം

2001 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. ഗൈഡ്ലൈൻ നിലവിൽ വന്നതിനുശേഷം യൂണിവേഴ്സിറ്റികളിൽ സെലക്ട് കമ്മിറ്റി ശിപാർശ അനുസരിച്ച് നാളിതുവരെ നിയമിക്കപ്പെട്ട പ്രോ-വൈസ് ചാൻസലർമാരുടെ എണ്ണം എത്രയെന്ന വ്യക്തമാക്കുമോ;

(ബി) ഇതിനായി സെലക്ട് കമ്മിറ്റിയെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് ആരാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കാലയളവിൽ സെലക്ട് കമ്മിറ്റിഎത്ര വീതം ആളുകളെയാണ് നിർദ്ദേശിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കുമോ?

## സർവകലാശാലകളുടെ നിക്ഷേപങ്ങൾ

2002 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകളിലെ തനത് ഫണ്ട്, സ്ഥിര നിക്ഷേപങ്ങൾ എന്നിവ ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിലാണ് (ട്രഷറി, ബാങ്ക് ഉൾപ്പെടെ) നിലവിൽ നിക്ഷേപിച്ചിരിക്കുന്നത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സർവകലാശാലാചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവ പ്രകാരം സർവകലാശാലകളിലെ പ്രസ്തുത നിക്ഷേപങ്ങൾ എവിടെയാണ് നിക്ഷേപിക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) മേൽ നിർദ്ദേശങ്ങൾക്ക് വിപരീതമായി പ്രസ്തുത നിക്ഷേപങ്ങൾ ബാങ്കുകളിൽ നിക്ഷേപിച്ചതിനെ തുടർന്ന് സർവകലാശാലകൾക്ക് സാമ്പത്തിക നഷ്ടം സംഭവിച്ചതായുള്ള ഓഡിറ്റ് കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ?

## ഗുരുവായൂർ മണ്ഡലത്തിൽ സർക്കാർ കോളേജ് ആരംഭിക്കുന്നതിന് നടപടി

2003 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ സർക്കാർ കോളേജ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെങ്കിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനം ആരംഭിയ്ക്കുന്ന വിഷയം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## കേരള, കാലിക്കറ്റ്, എം.ജി., കണ്ണൂർ സർവകലാശാലകളിൽ ബിരുദ കോഴ്സിന്റെ സീറ്റുകൾ നികത്താൻ നടപടി

2004 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള, കാലിക്കറ്റ്, എം ജി, കണ്ണൂർ എന്നീ സർവകലാശാലകളിൽ ബിരുദ കോഴ്സിന്റെ സീറ്റുകൾ പൂർണ്ണമായും നികത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ, ഓരോ വിഷയത്തിനും എത്ര ഒഴിവുകൾ വീതം ഓരോ യൂണിവേഴ്സിറ്റികളിലേയും സർക്കാർ, പ്രൈവറ്റ്, സ്വാശ്രയ, കോളേജുകളിലും യൂണിവേഴ്സിറ്റിസെന്ററുകളിലും നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) കോളേജ്പ്രവേശനത്തിന് വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; പ്രധാന കാരണങ്ങളെന്തെന്ന് വ്യക്തമാക്കുമോ?

## സർവകലാശാലകളിൽ വൈസ് ചാൻസലർമാരുടെ തെരഞ്ഞെടുപ്പ്

2005 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവകലാശാലകളിലെ വൈസ് ചാൻസലർമാർ

ചുമതലയേറ്റെടുത്ത തീയതി, ചുമതലയിൽ നിന്നും വിരമിക്കേണ്ട തീയതി എന്നീ വിശദാംശം സർവകലാശാല തിരിച്ച് ലഭ്യമാക്കുമോ;

(ബി) സർവകലാശാലകളിൽ നിലവിലുള്ള വൈസ് ചാൻസലർമാരുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കുമോ; ;

(സി) പ്രസ്തുത സെലക്ഷൻ കമ്മിറ്റികളിൽ ആരെല്ലാമാണ് ഉൾപ്പെട്ടിരുന്നതെന്നും ഓരോ സർവകലാശാലയുടെയും വൈസ് ചാൻസലർ പദവിയിലേക്ക് ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്തത് ഏതെല്ലാം വ്യക്തികളെയായിരുന്നുവെന്നും രേഖകളുടെ പകർപ്പുകൾ സഹിതം ലഭ്യമാക്കുമോ?

## സംസ്കൃത സർവകലാശാലയുടെ തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിലെ കോഴ്സുകൾ

2006 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്കൃത സർവകലാശാലയുടെ തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിൽ ഏതെല്ലാം കോഴ്സുകൾ ആണ് നിലവിലുള്ളത്;

(ബി) സംസ്കൃതം ജനറൽ അധ്യാപികയായ ഡോക്ടർ പൂർണിമ മോഹനനെ ബന്ധപ്പെട്ട വിഷയം ഇല്ലാത്ത പ്രാദേശിക കേന്ദ്രത്തിൽ നിയമിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?;

(സി) പ്രാദേശിക കേന്ദ്രത്തിൽ വിദ്യാർത്ഥികൾക്ക് സ്പോർട്സിനുള്ള സൗകര്യങ്ങളില്ലാതിരിക്കെ കാലടി സംസ്കൃത സർവ്വകലാശാല ക്യാമ്പസിലെ ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപികയായ ഡോക്ടർ റാഹിലയെ നിയമിച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

## കേരള സർവകലാശാലയിൽ ബിരുദാനന്തര കോഴ്സിന് പ്രൈവറ്റ് രജിസ്ട്രേഷൻ

2007 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാലയിൽ ബിരുദാനന്തര ബിരുദ കോഴ്സിന് പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിക്കുന്നതിന് തടസ്സം എന്താണെന്നറിയിക്കുമോ;

(ബി) നടപ്പ് വർഷം എം.ജി. സർവകലാശാല പ്രൈവറ്റ് പഠനം ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ കേരള സർവകലാശാല പ്രൈവറ്റ് സമാന്തര കോഴ്സ് ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

## സംസ്കൃത സർവകലാശാലയിലെ നിയമനങ്ങൾ

2008 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്കൃത സർവകലാശാലയിൽ അനധികൃത നിയമനങ്ങൾ നടക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർവകലാശാലയിലെ ഫിലോസഫി ഡിപ്പാർട്ടുമെന്റിൽ നിലവിലില്ലാത്ത ഒഴിവിൽ ലീവ് വേക്കൻസിയിൽ ജോലി ചെയ്ത അദ്ധ്യാപകന് നിയമനം

സ്ഥിരപ്പെടുത്തി നൽകിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) സർവകലാശാല സിൻഡിക്കേറ്റ് പ്രസ്തുത നിയമനം ഇനി വരുന്ന പൊതു വിഭാഗം ഒഴിവിൽ റഗുലറൈസ് ചെയ്യാൻ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലില്ലാത്ത ഒഴിവിലാണോ പ്രസ്തുത നിയമനം നടന്നത് എന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വകുപ്പിൽ വർക്ക് ലോഡ് ഇല്ലാതിരിക്കെയാണ് പ്രസ്തുത നിയമനം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ?

## ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അധ്യാപകർ

2009 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് കോളേജ്, എയ്ഡഡ് കോളേജ്, സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നും വിവിധ വകുപ്പുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന അധ്യാപകരുടെ എണ്ണം അറിയിക്കുമോ;

(ബി) അവരുടെ കോളേജ്, സർവ്വകലാശാല എന്നിവ തിരിച്ചുള്ള വിവരവും നിലവിൽ ജോലി ചെയ്യുന്ന തസ്തികയും വകുപ്പും അറിയിക്കുമോ;

(സി) ഇത്തരത്തിൽ ഡെപ്യൂട്ടേഷനിൽ പോകുന്നത് ഉന്നതവിദ്യാഭ്യാസ രംഗത്തെ പ്രതികൂലമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനു എന്ത് പരിഹാര മാർഗ്ഗമാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

## അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർ

2010 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ വിവിധ തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിലവിൽ ജോലിചെയ്യുന്ന സ്ഥിരം അദ്ധ്യാപകരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അദ്ധ്യാപകരുടെ പേര്, തസ്തിക, ഡെപ്യൂട്ടേഷൻ കാലയളവ് എന്നിവയുടെ വിശദാംശം സർവകലാശാല തിരിച്ച് ലഭ്യമാക്കുമോ;

(സി) സർവകലാശാലകളിൽ അനദ്ധ്യാപക തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിലവിൽ ജോലിചെയ്യുന്ന സ്ഥിരം അദ്ധ്യാപകരുടെ പേര്, തസ്തിക, ഡെപ്യൂട്ടേഷൻ കാലയളവ് എന്നിവയുടെ വിശദാംശങ്ങൾ സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ?

## സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട നിയമോപദേശം

2011 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനം റദ്ദാക്കിയ സുപ്രീംകോടതി വിധിക്കെതിരെ പുന:പരിശോധനാ ഹർജി നൽകുന്നത്

സംബന്ധിച്ച് സംസ്ഥാന സർക്കാർ നിയമോപദേശം തേടിയിട്ടുണ്ടോ; എങ്കിൽ, ആരിൽ നിന്നാണ് ഇപ്രകാരം നിയമോപദേശം തേടിയതെന്നും ലഭിച്ച നിയമോപദേശം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ; പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം നിയമോപദേശം നൽകിയതിന് എത്ര രൂപ ഫീസായി അനുവദിച്ചിട്ടുണ്ട്; ഫീസ് നൽകി വാക്കാലുള്ള നിയമോപദേശം വാങ്ങുന്നത് ഏതു ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; മേൽപ്പറഞ്ഞ പ്രകാരം വാക്കാലുള്ള നിയമോപദേശത്തിന് ഫീസ് അനുവദിച്ച് നൽകിയ ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദ ബിരുദാനന്തര പ്രോഗ്രാമുകളുടെ എണ്ണം

2012 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ നിലവിലുള്ള എയ്ഡഡ് ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾ എതൊക്കെയാണെന്ന് കോളേജ്, സർവ്വകലാശാല എന്നിവ തരം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) 2022-23 അധ്യയന വർഷത്തിൽ പ്രസ്തുത പ്രോഗ്രാമുകളിൽ ഓപ്പൺ വിഭാഗത്തിൽ കോളേജുകൾക്ക് ലഭ്യമായ ആകെ സീറ്റുകളുടെ എണ്ണം എത്രയാണെന്നും ഇതിൽ എത്ര സീറ്റുകളിലേക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയെന്നും കോഴ്സ്, കോളേജ്, സർവ്വകലാശാല എന്നിവ തരം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രോഗ്രാമുകളിൽ കമ്മ്യൂണിറ്റി (മെറിറ്റ്) വിഭാഗത്തിൽ ലഭ്യമായ ആകെ സീറ്റുകളുടെ എണ്ണം എത്രയാണെന്നും ഇതിൽ എത്ര സീറ്റുകളിലേക്ക് പ്രസ്തുത വിഭാഗങ്ങളിൽപെടുന്ന വിദ്യാർഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ടെന്നും കോഴ്സ്, കോളേജ്,സർവകലാശാല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രോഗ്രാമുകളിൽ മാനേജ്മെന്റ് ക്വാട്ട വിഭാഗത്തിൽ ലഭ്യമായ ആകെ സീറ്റുകളുടെ എണ്ണം എത്രയെന്നും ഇതിൽ എത്ര സീറ്റുകളിലേക്ക് വിദ്യാർഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ടെന്നതിന്റെയും വിശദാംശങ്ങൾ കോഴ്സ്, കോളേജ്,സർവകലാശാല തിരിച്ച് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പ്രോഗ്രാമുകളിൽ ഇ. റ്റി .ബി , മുസ്ലിം, ഒ. ഇ .സി , ഇ .ഡബ്ള്യൂ. എസ്, എസ്.സി./എസ്.റ്റി, സ്പോർട്സ് ക്വോട്ട തുടങ്ങിയ സംവരണ വിഭാഗങ്ങളിൽ ലഭ്യമായ ആകെ സംവരണ സീറ്റുകളുടെ എണ്ണം എത്രയെന്നും ഇതിൽ എത്ര സീറ്റുകളിലേക്ക് പ്രസ്തുത വിഭാഗങ്ങളിൽ പെടുന്ന വിദ്യാർഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ടെന്നതിന്റെയും വിശദാംശം കോഴ്സ്, കോളേജ്,സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത പ്രോഗ്രാമുകളിൽ ലഭ്യമായ ആകെ സീറ്റുകളുടെ എണ്ണം എത്രയാണെന്നും ഇതിൽ എത്ര സീറ്റുകളിലേക്ക് വിദ്യാർഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ടെന്നും എത്ര സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നതിന്റെയും വിശദാംശം കോഴ്സ്, കോളേജ്, സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ?

## ശ്രീനാരായണ ഗുരു ഓപ്പൺ സർവകലാശാലയിലെ കോഴ്സുകൾ

2013 **ശ്രീ . പി . ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണ ഗുരു ഓപ്പൺ സർവകലാശാലയിൽ നടപ്പ് വർഷം അപേക്ഷിച്ച കുട്ടികളുടെ എണ്ണം കോഴ്സടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) ഓരോ കോഴ്സുകൾക്കും സർവകലാശാല ഈടാക്കുന്ന ഫീസ് എത്രയാണ് വിശദമാക്കുമോ;

(സി) പ്രസ്തുത സർവകലാശാല യു.ജി.സി. അംഗീകാരത്തിനായി അപേക്ഷിച്ചിട്ടും അംഗീകാരം ലഭിക്കാത്ത കോഴ്സുകൾ ഏതെല്ലാമെന്നും അംഗീകാരം നൽകാതിരിക്കാൻ യു.ജി.സി; ചൂണ്ടിക്കാണിച്ച ന്യൂനതകൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

## കോളേജ് വിദ്യാഭ്യാസ വകുപ്പിൽ പ്രിൻസിപ്പൽ തസ്തികയിൽ സ്ഥാനക്കയറ്റം

2014 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ ഒഴിവുള്ള പ്രിൻസിപ്പൽ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി ഡി.പി.സി. ചേർന്നിട്ടുണ്ടോ;

(ബി) പ്രസ്തുത ഡി.പി.സി. പ്രകാരം നാളിതുവരെ എത്ര പേർക്കാണ് പ്രിൻസിപ്പലായി നിയമനം നൽകിയിട്ടുള്ളത്, വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ നിലവിൽ വന്നതെന്നാണെന്നും കോളേജ് തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) ഇതിനായി 'വകുപ്പ്തല സ്ഥാനക്കയറ്റ സമിതി' യോഗം ചേർന്ന ദിവസവും ആയതുപ്രകാരം എത്ര പേർക്ക് സ്ഥാനക്കയറ്റം നൽകാൻ തീരുമാനിച്ചുവെന്നും അറിയിക്കുമോ?

## സർവകലാശാലകളിലെ പി.എച്ച്.ഡി. പ്രവേശന സംവരണം

2015 **ശ്രീ. യു.എ.ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകളിൽ പി.എച്ച്.ഡി. അഡ്മിഷനിൽ പിന്നാക്ക സമുദായങ്ങൾക്ക് സംവരണം നടപ്പാക്കുന്നുണ്ടോയെന്നും എങ്കിൽ ഓരോ വിഭാഗത്തിനും എത്ര ശതമാനമാണ് സംവരണം ഉള്ളതെന്നും അറിയിക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സർവകലാശാലകളിലെ റിസർച്ച് സെന്ററുകളുടെയും ഓരോ വിഷയത്തിലുമുള്ള പി.എച്ച്.ഡി, പി.ഡി.എഫ് സീറ്റുകളുടെയും എണ്ണം വ്യക്തമാക്കുമോ;

(സി) പി.എച്ച്.ഡി, പി.ഡി.എഫ് പ്രവേശനത്തിൽ സംവരണം തീരുമാനിക്കുന്നത് ഡിപ്പാർട്ട്മെന്റ് അടിസ്ഥാനത്തിലാണോ റിസർച്ച് സെന്റർ

അടിസ്ഥാനത്തിലാണോയെന്ന് അറിയിക്കുമോ; പ്രസ്തുത സംവരണം ഉറപ്പാക്കുന്നതിന് റിസർവേഷൻ റോസ്റ്റർ/രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ;

(ഡി) 2020-21, 2021-22 അദ്ധ്യയന വർഷത്തിൽ കേരളത്തിലെ സർവകലാശാലകളിലെ പി.എച്ച്.ഡി, പി.ഡി.എഫ് പ്രവേശനത്തിന്റെ സംവരണ വിഭാഗം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർഥികളെ റിസർച്ച് ഗൈഡുകൾ ബോധപൂർവ്വം അവഗണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## സർവകലാശാലകളിലെ ഓഫീസർ തസ്തികകൾ

2016 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർവകലാശാലകളിൽ വൈസ് ചാൻസലർ, പ്രോ- വൈസ് ചാൻസലർ, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ തുടങ്ങിയ സ്റ്റാറ്റ്യൂട്ടറി തസ്തികകളിൽ നിലവിൽ ചുമതല വഹിക്കുന്ന ജീവനക്കാർ പ്രസ്തുത തസ്തികയിൽ ചുമതലയേറ്റെടുത്ത തീയതി, ചുമതലയിൽ നിന്നും വിരമിക്കേണ്ട തീയതി എന്നീ വിശദാംശങ്ങൾ സർവകലാശാല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ പേര്, ജാതി, മതം , ലിംഗം, യോഗ്യത എന്നിവയുൾപ്പെടെയുള്ള വിശദാംശം സർവകലാശാല തിരിച്ച് ലഭ്യമാക്കുമോ?

## അദ്ധ്യാപികയെ ഭീഷണിപ്പെടുത്തിയ സംഭവത്തിന്മേൽ നടപടി

2017 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കേരളവർമ്മ കോളേജിൽ പൊളിറ്റിക്കൽ സയൻസ് ഗസ്റ്റ് അദ്ധ്യാപക റാങ്ക് പട്ടികയിൽ ഒന്നാം റാങ്ക് നേടിയ അദ്ധ്യാപികയെ ഇതേ കോളേജിലെ രണ്ട് അദ്ധ്യാപകർ ഭീഷണിപ്പെടുത്തിയതായി പറയപ്പെടുന്ന സംഭവത്തെക്കുറിച്ചുള്ള 20/11/2022-ലെ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സംഭവത്തിൽ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത നിയമനത്തിലെ ബാഹ്യ ഇടപെടൽ അന്വേഷിക്കണമെന്നാവശ്യപ്പെട്ട് കോളേജ് അധികാരികൾക്ക് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ; സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഇത്തരം സംഭവങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

## അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട്

2018 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാല ആസ്ഥാനമാക്കി ആരംഭിക്കുന്ന സംസ്ഥാനത്തെ ആദ്യ

അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇതിനായി അനുവദിച്ചിട്ടുള്ള തുകയെത്രയെന്ന് വ്യക്തമാക്കുമോ; ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് മുന്നോടിയായി കാലിക്കറ്റ് സർവകലാശാലയും സ്പോർട്സ് കേരള ഫൗണ്ടേഷനും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ടോ; എങ്കിൽ, ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇതിനുവേണ്ടി കാലിക്കറ്റ് സർവകലാശാലയും സ്പോർട്സ് കേരള ഫൗണ്ടേഷനും സംയുക്തമായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് സംയുക്ത സ്ഥല പരിശോധന നടത്തിയിട്ടുണ്ടോയെന്നും ആയതിൽ പങ്കെടുത്തവർക്ക് അറിയിപ്പ് നൽകിയതാരാണെന്നും അറിയിക്കുമോ; അറിയിപ്പ് നൽകിയ രേഖകളുടെ പകർപ്പും പങ്കെടുക്കേണ്ടവരെ നിശ്ചയിച്ച നടപടിക്രമങ്ങളുടെ പകർപ്പും ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന്റെ ഭാഗമായി കാലിക്കറ്റ് സർവകലാശാല നടത്തിയിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത വിഷയവുമായി കാലിക്കറ്റ് സർവകലാശാല നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

## <u>കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ അധ്യാപക നിയമനം.</u>

2019 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഎ -II/സി 1 /156687/2019/അഡ്മിൻ Dt 31.12.2019, ജിഎ-II/സി 1 /162156/2019/ അഡ്മിൻ Dt 31.12.2019, ജിഎ -II/C1/104750/2019/അഡ്മിൻ Dt 31.12.2019 എന്നീ നോട്ടിഫിക്കേഷനുകൾ പ്രകാരം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ അസിസ്റ്റൻറ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേക്ക് നടത്തിയ സ്ഥിര അധ്യാപക നിയമനങ്ങളുടെ സംവരണ റൊട്ടേഷൻ ചാർട്ട് , ഡേറ്റ് ഓഫ് ഒക്കറൻസ് ഓഫ് വേക്കൻസി എന്നിവ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത യൂണിവേഴ്സിറ്റിയിൽ 01.01.2016 മുതൽ 25.11.2022 വരെയുള്ള കാലയളവിൽ ഭിന്നശേഷി വിഭാഗക്കാർക്കും പിന്നാക്ക സമുദായങ്ങൾക്കുമുള്ള സംവരണ ബാക്ക് ലോഗ് എത്രയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കാലയളവിൽ സ്ഥിര അധ്യാപക തസ്തികകളിലേക്ക് നടത്തിയ സംവരണ ബാക്ക് ലോഗ് നിയമനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ബാക്ക് ലോഗ് നികത്തിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ 01.01.2000 മുതൽ 01.11.2022 വരെയുള്ള കാലയളവിൽ നേരിട്ട് പ്രൊഫസറായി നിയമനം കിട്ടിയവർ ആരൊക്കെയെന്നും അതിൽ എത്ര പേർ വിരമിച്ചുവെന്നും വിരമിക്കൽ തീയതി സഹിതം അറിയിക്കുമോ?

## <u>കാലിക്കറ്റ് സർവകലാശാലയിലെ ഡീൻ ഓഫ് സ്റ്റുഡൻറ് വെൽഫെയർ തസ്തിക</u>

2020 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയിൽ നിലവിലുള്ള ഡീൻ ഓഫ് സ്റ്റുഡൻസ് വെൽഫെയർ തസ്തികയിൽ നിയമനം ലഭിക്കുന്നതിനാവശ്യമായ അടിസ്ഥാന-അഭിലഷണീയ യോഗ്യതകൾ എന്തെല്ലാമെന്ന് അറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട സർവകലാശാലാ ചട്ടങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) കോളേജ് അധ്യാപക തസ്തികയിലെ താത്കാലിക/ ലീവ് വേക്കൻസി/ അഡ്-ഹോക് സർവീസുകൾ പ്രസ്തുത തസ്തികയ്ക്കുള്ള അധ്യാപന പരിചയത്തിനുള്ള യോഗ്യതയായി പരിഗണിക്കുമോ; ബന്ധപ്പെട്ട സർവകലാശാലാ ചട്ടങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ നാളിതുവരെ നിയമിക്കപ്പെട്ട എല്ലാ ജീവനക്കാരുടെയും വിശദാംശം നിയമനം ലഭിക്കുന്നതിന് അവർ സമർപ്പിച്ച അപേക്ഷയിലും മറ്റ് അനുബന്ധ രേഖകളിലും അവകാശപ്പെട്ട യോഗ്യതകളും അധ്യാപന പരിചയത്തിന് തെളിവായി സമർപ്പിച്ച രേഖകളും ഏതെല്ലാമായിരുന്നുവെന്ന് പകർപ്പുകൾ സഹിതം വിശദമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയിൽ നിന്നും വിരമിച്ച ജീവനക്കാർ തങ്ങളുടെ മുൻകാല സേവനം, കാലിക്കറ്റ് സർവകലാശാലയിൽ പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച് സർവകലാശാല സർക്കാരിൽ നിന്നോ സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നോ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; അപ്രകാരം നല്കിയ കത്തുകളുടെയും അതിനു ലഭിച്ച മറുപടികളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത തസ്തികയിൽ നിന്നും വിരമിച്ച ജീവനക്കാരന്റെ ലക്ചറർ തസ്തികയിലെ മുൻകാല അഡ്-ഹോക് സേവനം കാലിക്കറ്റ് സർവകലാശാലയിൽ പെൻഷൻ ആനുകൂല്യങ്ങൾക്ക പരിഗണിക്കുന്നതിന് സർവകലാശാല സിൻഡിക്കേറ്റ്, സിൻഡിക്കേറ്റ് സ്റ്റാൻറിംഗ് കമ്മിറ്റി ഓൺ സ്റ്റാഫ് എന്നിവ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ; എങ്കിൽ പ്രസ്തുത തീരുമാനങ്ങൾ, സർവകലാശാല ഉത്തരവുകൾ എന്നിവയുടെയും ആയതിനാധാരമായ സർവകലാശാല ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, കോടതി ഉത്തരവുകൾ എന്നിവയുടെയും പകർപ്പുകൾ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(എഫ്) 27.02.2020 തീയതിയിലെ യു.ജി.സിയുടെ എഫ് 17-7/2013(പി.എസ്./മിസ്സെ) പിടി. എഫ് 1 നമ്പർ കത്തിൽ അധ്യാപകരുടെ മുൻകാല താത്കാലിക/ലീവ് വേക്കൻസി/അഡ്-ഹോക് സർവീസുകൾ പെൻഷന് പരിഗണിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**<u>പ്രവേശന പരീക്ഷ കമ്മീഷണറുടെ ഓഫീസ് ആധുനികവൽക്കരണം</u>**

2021 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവേശനപരീക്ഷാ കമ്മീഷണറുടെ ഓഫിസ് ആധുനികീകരിക്കുന്നതിനും

അലോട്ട്മെന്റ് പ്രക്രിയ ലളിതമാക്കുന്നതിനും വേണ്ട നടപടി പരിഗണനയിലുണ്ടോ; എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ?

**<u>അസാപിന്റെ പ്രവർത്തനങ്ങൾ</u>**

2022 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ അസാപിനായി നിർമ്മാണം പൂർത്തീകരിച്ച ആസ്ഥാനമന്ദിരത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ക്ലാസുകൾ നടത്തുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(സി) ജില്ലാ പഞ്ചായത്തുമായി സഹകരിച്ചുള്ള കോഴ്സുകൾ നടത്തുന്നതിന് അസാപ് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ കോഴ്സുകൾ നടത്തുന്നതിന് ഏതൊക്കെ പരിശീലന പങ്കാളികളുമായിട്ടാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിനകം ഏതൊക്കെ കോഴ്സുകൾക്കാണ് പരിശീലനം നൽകിയതെന്നും എത്ര പേർക്ക് പ്ലേസ്മെന്റ് നൽകാനായെന്നും വിശദമാക്കാമോ?

**<u>അസാപ് പരിശീലന സംവിധാനം</u>**

2023 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ് പരിശീലനത്തിന്റെ ശ്രേണി സംവിധാനം വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര പരിശീലനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ?

**<u>വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കിൽ കോഴ്സുകൾ ആരംഭിക്കാൻ നടപടി</u>**

2024 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കിൽ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നതിൽ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>കുന്ദമംഗലത്ത് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക്</u>**

2025 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രം എപ്പോൾ തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>മാരകരോഗം ബാധിച്ച നിർദ്ധന കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കായുള്ള ധനസഹായം</u>**

2026 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകരോഗം ബാധിച്ച നിർദ്ധന കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കായി വകുപ്പ് മുഖേന ധനസഹായം നൽകുന്നതിൽ വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായി കൂടുതൽ ബഡ്ജറ്റ് വിഹിതം ലഭ്യമാക്കുന്നതിനും തുക അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(സി) ബ്ലോക്ക് തലത്തിൽ വകുപ്പിന്റെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**<u>സ്പെഷ്യൽ സ്കൂൾ അധ്യാപകർക്ക് കുടിശ്ശിക വേതനം നല്കാൻ നടപടി</u>**

2027 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സവിശേഷ വിദ്യാഭ്യാസവും പരിശീലനവും നൽകുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് നൽകുന്ന പാക്കേജ് വിശദമാക്കാമോ; ആയതിന്റെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ;

(ബി) 2015 -ന് ശേഷം നിയമിക്കപ്പെട്ട സ്പെഷ്യൽ സ്കൂൾ അധ്യാപകർക്ക് ബിരുദം വേണമെന്ന് നിഷ്കർഷിക്കുന്ന റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിയമത്തിന് വിരുദ്ധമായ ഉത്തരവ് പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ;

(സി) സ്പെഷ്യൽ സ്കൂൾ അധ്യാപകർക്ക് നൽകുവാനുള്ള കുടിശ്ശിക വേതനം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) എല്ലാ സ്കൂളുകളിലും തെറാപ്പിസ്റ്റുകളുടെ തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; മാനസിക വെല്ലുവിളി നേരിടുന്ന പതിനെട്ട് വയസ്സ് കഴിഞ്ഞവർക്ക് മതിയായ തൊഴിൽ പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) സ്പെഷ്യൽ സ്കൂളുകൾക്ക് അശാസ്ത്രീയമായ ഗ്രേഡിംഗ് കൊണ്ടുവരുകയും അതിലെ ന്യൂനതകൾ ഇനിയും പരിഹരിക്കാൻ പറ്റാത്തതുമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് മാർഗ്ഗ നിർദ്ദേശമാണ് ഉണ്ടായിരിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>മോഡൽ ഡിറ്റൻഷൻ മാന്വൽ പ്രകാരം സ്വീകരിച്ച നടപടികൾ</u>**

2028 **ശ്രീ. ടി.സിദ്ദിഖ്**
**ശ്രീമതി കെ.കെ.രമ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഡിറ്റൻഷൻ സെന്റർ അടക്കം സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച മോഡൽ ഡിറ്റൻഷൻ മാന്വൽ പ്രകാരം സംസ്ഥാനത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് സാമൂഹ്യ നീതി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കേരള സാമൂഹ്യ സുരക്ഷാ മിഷൻ

2029 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിത മേഖലയിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളുടെ നടത്തിപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷനെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന എത്ര സ്കൂളുകൾ നിലവിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുത്തിട്ടുള്ള ബഡ്സ് സ്കൂളുകൾ മോഡൽ റസിഡൻഷ്യൽ സെന്ററുകളാക്കി മാറ്റുന്നതിന് പദ്ധതിയുണ്ടോ?

## സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

2030 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

## സാമൂഹ്യ സുരക്ഷാ മിഷൻ ഫണ്ട് സമാഹരണം

2031 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യ സുരക്ഷാ മിഷൻ ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നും ഫണ്ട് സമാഹരിച്ചു എന്ന് വിശദമാക്കുമോ; സമാഹരിച്ച തുക എങ്ങിനെ വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഫണ്ട് സമാഹരിച്ചതിന്റെ രസീതി ലഭ്യമാക്കുമോ;

(സി) സാമൂഹ്യ സുരക്ഷാ മിഷൻ പൊതുമേഖലാ /സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്നത് നിയമാനുസൃതമാണോ എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച വ്യവസ്ഥകളുടെ രേഖകൾ ലഭ്യമാക്കുമോ?

## കോഴിക്കോട് ജില്ലയിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

2032 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷം വിനിയോഗിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ജില്ലാ സാമൂഹ്യക്ഷേമ ഓഫീസിന് കീഴിൽ എത്ര താൽകാലിക ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ട്; ഇവരുടെ ശമ്പളം ഏത് ഇനത്തിൽ നിന്നാണ് നൽകുന്നത്; വിശദമാക്കുമോ;

(ഡി) ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

## <u>ഷീ പദ്ധതി</u>

2033 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ മേഖലയിൽ വ്യക്തിമുദ്ര പതിപ്പിക്കുന്ന വനിത എഞ്ചിനീയർമാരെ സൃഷ്ടിക്കാനുള്ള സ്കീം ഫോർ ഹെർ എംപവർമെന്റ് (ഷീ) പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

## <u>ആശ്വാസ കിരണം പദ്ധതി</u>

2034 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ കിരണം പദ്ധതി വഴി സർക്കാർ ഇതിനകം എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ട്;

(ബി) നിലവിൽ ധനസഹായം നൽകുന്നതിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസം; കുടിശ്ശിക ഉടൻ കൊടുത്തു തീർക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ;

(സി) ധനസഹായം നൽകുന്നതിനായി ഇതിനകം എത്ര രൂപ ചെലവഴിച്ചു; വിശദമാക്കാമോ?

## <u>സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ചികിത്സാസഹായം</u>

2035 **ശ്രീമതി സി. കെ. ആശ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; മിഷൻ മുഖേന ഏതൊക്കെ രോഗങ്ങളുടെ ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കുമാണ് ധനസഹായം നൽകിവരുന്നത്; വ്യക്തമാക്കുമോ;

(ബി) പതിനെട്ട് വയസ്സുവരെയുള്ള കുട്ടികളുടെ ക്യാൻസർ രോഗചികിത്സ പൂർണ്ണമായും

സൗജന്യമായി നടപ്പാക്കുന്ന ക്യാൻസർ സുരക്ഷാപദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിർദ്ധനരായ രോഗികൾക്കുള്ള ജീവൻരക്ഷാ ശസ്ത്രക്രിയകൾക്ക് ധനസഹായം അനുവദിക്കുന്നതിൽ കാലതാമസം ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സാമൂഹ്യസുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപ്പാക്കുന്ന പുതിയ പദ്ധതികൾ വിശദമാക്കുമോ?

## ബഡ്സ് സ്കൂളുകളെ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റുന്നതിന് പദ്ധതി

2036 **ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ സാമൂഹ്യനീതി വകുപ്പിനുകീഴിൽ ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ; എന്തെല്ലാം സൗകര്യങ്ങളും സംവിധാനങ്ങളുമാണ് ഇത്തരം സ്കൂളുകളിൽ ലഭ്യമായിട്ടുള്ളത്; എന്തെല്ലാം സേവനങ്ങളാണ് ഇവിടെ നിന്നും നൽകുന്നത്; സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) സാമൂഹ്യനീതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളെ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന് പദ്ധതിയുണ്ടോ; ഇതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് ഇത്തരം സ്ഥാപനങ്ങളിൽ പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) എൻഡോസൾഫാൻ ദുരിതബാധിതരായവരും അപേക്ഷ നൽകി ലിസ്റ്റിൽ ഉൾപ്പെട്ടവരുമായ എല്ലാവർക്കും നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## സാമൂഹ്യ സുരക്ഷാ മിഷൻ

2037 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങാനുള്ള സർക്കാരിന്റെ ഏക ഏജൻസിയായി മെഡിക്കൽ സർവീസസ് കോർപറേഷനെ തെരെഞ്ഞെടുത്ത ശേഷവും സാമൂഹ്യസുരക്ഷാ മിഷൻ കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങിയത് നിയമാനുസൃതമാണോ എന്ന് വ്യക്തമാക്കുമോ;

(ബി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യസുരക്ഷാ മിഷൻ സാമഗ്രികൾ വാങ്ങിയത് ടെൻഡർ നടപടി പാലിച്ചാണോ എന്ന് വ്യക്തമാക്കുമോ;

(സി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യസുരക്ഷാ മിഷൻ സാമഗ്രികൾ വാങ്ങിയത് സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമാണോ എന്ന്

വ്യക്തമാക്കുമോ?

**താലോലം പദ്ധതി**

2038 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താലോലം ചികിത്സാ പദ്ധതിയിൽ ഏതൊക്കെ രോഗങ്ങൾക്കുള്ള ചികിത്സ ആണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) അപേക്ഷ അയക്കേണ്ടതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**തടവുകാരുടെ കുടുംബാംഗങ്ങൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ**

2039 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തടവുകാരുടെ കുടുംബാംഗങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് വകുപ്പ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രൊബേഷൻ തടവുകാരുടെ മേഖലയിൽ വകുപ്പ് നടത്തുന്ന ഇടപെടലുകൾ സംബന്ധിച്ചുള്ള വിശദാംശം അറിയിക്കുമോ?

**സാമൂഹ്യ സുരക്ഷാ പദ്ധതികൾ**

2040 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം, സ്നേഹപൂർവ്വം, സമാശ്വാസം, വയോമിത്രം, താലോലം, മിഠായി എന്നീ സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ ഓരോ പദ്ധതിക്കും കീഴിൽ ഗുണഭോക്താക്കൾക്ക് നൽകുവാനുള്ള ആനുകൂല്യങ്ങളിൽ നിലവിൽ എത്രമാത്രം കുടിശ്ശികയുണ്ടെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ കീഴിൽ പുതിയ ഗുണഭോക്താക്കളെ ചേർക്കുന്നതിനും ആനുകൂല്യങ്ങൾ നൽകുന്നതിനും നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഉണ്ടായിട്ടുള്ള കുടിശ്ശിക ആനുകൂല്യങ്ങൾ എന്നത്തേക്ക് വിതരണം ചെയ്യുവാൻ കഴിയും എന്നറിയിക്കാമോ;

(ഡി) മേൽപ്പറഞ്ഞ ഓരോ പദ്ധതികളുടെയും അർഹത മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ഇ) രോഗാതുരരായ കുട്ടികൾക്കായി നടപ്പിലാക്കുന്ന ആശ്വാസകിരണം, സ്നേഹപൂർവ്വം, താലോലം, മിഠായി എന്നിവയിൽ എ.പി.എൽ., ബി.പി.എൽ. വേർതിരിവില്ലാതെ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് പരിഗണിക്കുമോ?

**വയോജന ക്ഷേമ പദ്ധതികൾ**

2041 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജന ക്ഷേമത്തിനായി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാം എന്ന് വിശദീകരിക്കാമോ;

(ബി) സംസ്ഥാന സർക്കാർ നേരിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും നടപ്പാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ ക്രോഡീകരിച്ചിട്ടുണ്ടോ;

(സി) വയോജന ക്ഷേമത്തിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ സാമൂഹ്യ ഓഡിറ്റ് നടത്തിയിട്ടുണ്ടോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സംസ്ഥാന വയോജന നയം പൂർണ്ണമായി നടപ്പാക്കുന്നതിൽ വ്യക്തമായ മാർഗ്ഗരേഖ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം മാർഗ്ഗ രേഖ പുറപ്പെടുവിക്കുന്നത് പിരഗണനയിലുണ്ടോ?

## സ്നേഹപൂർവ്വം പദ്ധതി പ്രകാരം സ്കൂൾ കുട്ടികൾക്കുള്ള ധനസഹായം

2042 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ഛനോ അമ്മയോ രണ്ടുപേരുമോ മരണപ്പെട്ട സ്കൂൾ കുട്ടികൾക്കുള്ള ധനസഹായം സമയബന്ധിതമായി ലഭ്യമാകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ധനസഹായം സമയബന്ധിതമായി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

## നിഷിനെ സർവ്വകലാശാലയായി ഉയർത്തുന്നത് സംബന്ധിച്ച്

2043 **ശ്രീ കെ ആൻസലൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. എൻ.കെ. അക്ബർ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭിന്നശേഷി മേഖലയിലും ഭിന്നശേഷി പുനരധിവാസ മേഖലയിലും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നാഷണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗിന്റെ പുരോഗതിയ്ക്കായി ഈ സർക്കാർ നടത്തിയിട്ടുള്ള ഇടപെടൽ വിശദീകരിക്കാമോ; നിഷിനെ സർവകലാശാലയായി ഉയർത്തുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(സി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷനിൽ ഈ സർക്കാർ ആരംഭിച്ച പുതിയ പദ്ധതികൾ സംബന്ധിച്ചും പ്രവർത്തനങ്ങൾ സംബന്ധിച്ചും വിശദമാക്കുമോ?

## ഭിന്നശേഷിക്കാർക്ക് സർക്കാർ എയ്ഡഡ് മേഖലയിൽ 4 ശതമാനം സംവരണം നടപ്പാക്കൽ

2044 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് സർക്കാർ സർവീസിലും എയ്ഡഡ് മേഖലയിലും 4 ശതമാനം

സംവരണം നടപ്പാക്കുന്നത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് പി.എസ്.സി.-യിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾക്ക് വകുപ്പ് മറുപടി നൽകിയിട്ടുണ്ടോ;

(സി) നാല് ശതമാനം ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിനായി പി.എസ്.സി.-യുടെ റൊട്ടേഷൻ ചാർട്ട് പ്രകാരമുള്ള ഏതെല്ലാം ടേണുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത് എന്നും ഇത് മറ്റ് ഏതെങ്കിലും സംവരണ വിഭാഗത്തിന്റെ ടേണുകളിൽ ഉൾപ്പെട്ടുമോ എന്നും വ്യക്തമാക്കുമോ;

(ഡി) ഭിന്നശേഷിക്കാരുടെ സംവരണം നടപ്പിലാക്കാത്തത് മൂലം എയ്ഡഡ് സ്കൂൾ മേഖലയിൽ അടക്കം ഭിന്നശേഷികാർക്ക് അവസരം നഷ്ടപ്പെടുന്നതും എയ്ഡഡ് മേഖലയിലെ മറ്റ് അധ്യാപകർക്ക് ശമ്പളം ലഭിക്കാത്തതുമായ സാഹചര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഇ) എങ്കിൽ നാല് ശതമാനം ഭിന്നശേഷി സംവരണം മറ്റ് സംവരണ വിഭാഗങ്ങളുടെ അവസരങ്ങൾ നഷ്ടപ്പെടാതെ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഭിന്നശേഷിക്കാർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ്

2045 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹമായ മുഴുവൻ ഭിന്നശേഷിക്കാർക്കും ഏകീകൃത തിരിച്ചറിയൽ കാർഡ് (യു.ഡി.ഐ.ഡി.) നൽകുന്നതിന്റെ ഭാഗമായി വാമനപുരം മണ്ഡലത്തിൽ നിന്ന് എത്രപേർ അപേക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്രപേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മണ്ഡലത്തിൽ ആകെ എത്ര ഭിന്നശേഷിക്കാർ നിലവിലുണ്ടെന്ന് അറിയിക്കുമോ?

## സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്ക് നിയമനം

2046 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ 2016-ലെ ഭിന്നശേഷി അവകാശ നിയമം അനുസരിച്ച് സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) ഇത്തരം നിയമനങ്ങൾ നൽകുന്നതിന് ജില്ലാടിസ്ഥാനത്തിൽ ഭിന്നശേഷിക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ?

## ചലന പരിമിതിയുള്ളവർക്ക് മുച്ചക്രവാഹനം, ഇലക്ട്രോണിക് വീൽചെയർ എന്നിവ നൽകുന്ന പദ്ധതി

2047 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചലന പരിമിതിയുള്ളവർക്ക് മുച്ചക്രവാഹനം, ഇലക്ട്രോണിക് വീൽചെയർ എന്നിവ നൽകുന്ന പദ്ധതി പ്രകാരം നാളിതുവരെ എത്ര പേർക്ക് ഉപകരണങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിനായി ഇതുവരെ എത്ര ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

**സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേനയുള്ള ചികിത്സാ ധനസഹായം**

2048 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവം മാറ്റിവയ്ക്കൽ ഉൾപ്പെടെയുള്ള വലിയ ചെലവ് വരുന്ന ചികിത്സകൾക്ക് സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന ധനസഹായം ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**"റെഡ് ബട്ടൺ" പദ്ധതി**

2049 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ച് വരുന്നതായുള്ള മാധ്യമറിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്ത്രീസുരക്ഷയ്ക്കായി ഏർപ്പെടുത്തിയ പല പദ്ധതികളും പരാജയപ്പെട്ടുവെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

(സി) സ്ത്രീ സുരക്ഷയ്ക്കായി സ്ഥാപിച്ച റെഡ് ബട്ടൺ പദ്ധതിയുടെ പ്രവർത്തന പുരോഗതി എന്തെല്ലാമെന്ന് അറിയിക്കാമോ?

**ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമില്ലാത്ത ക്ഷേമ സ്ഥാപനങ്ങൾ**

2050 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകരമില്ലാത്ത ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

**തിരുവല്ല താലൂക്ക് ആശുപത്രിയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം**

2051 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല താലൂക്ക് ആശുപത്രിയിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം ആരംഭിക്കുന്നതിനായി തുക അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നിർവഹണ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി ദയാഭായി നടത്തിയ നിരാഹാര സമരം**

2052 **ശ്രീ എൻ എ നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി സാമൂഹിക പ്രവർത്തകയായ ദയാഭായി തിരുവനന്തപുരത്ത് നടത്തിയ നിരാഹാര സമരം അവസാനിപ്പിക്കാൻ സർക്കാർ ഇടപെട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാറിന്റെ ഇടപെടലും ഉറപ്പുകളും ആണോ ദയാഭായി നിരാഹാര സമരം അവസാനിപ്പിക്കാൻ കാരണം എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ സർക്കാർ നൽകിയ ഉറപ്പുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഉറപ്പുകൾ പ്രകാരം ഏതെല്ലാം കാര്യങ്ങൾ ഇതിനകം നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ?

**<u>സാമൂഹ്യ സുരക്ഷാ മിഷൻ</u>**

2053 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യ സുരക്ഷാ മിഷന്റെ ചുമതലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കോവിഡ് പ്രതിരോധ പ്രവർത്തങ്ങളുടെ ഭാഗമായി സാമൂഹ്യ സുരക്ഷാ മിഷൻ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയെന്നും ഓരോന്നിലും ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യ സുരക്ഷാ മിഷൻ 2020 ജനവരി 1-ന് ശേഷം ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും എന്തൊക്കെ സാമഗ്രികൾ വാങ്ങിയെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ; സാമഗ്രികളുടെ പേര്, വാങ്ങിയ തീയതി, സ്ഥാപനത്തിന്റെ പേര്, ഓരോ സാധനത്തിന്റെയും തുക, മൊത്തം തുക എന്നീ വിവരങ്ങൾ നൽകുമോ;

(ഡി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യ സുരക്ഷാ മിഷൻ 2020 ജനവരി 1-ന് ശേഷം വാങ്ങിയ സാധനങ്ങളുടെ പർച്ചേയ്സ് സംബന്ധിച്ച നോട്ട് ഫയലുകൾ ലഭ്യമാക്കുമോ?

**<u>കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മുളക്കുളം വൃദ്ധ സദനം</u>**

2054 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വൃദ്ധ സദനത്തിന്റെ രണ്ടാം ഘട്ട കെട്ടിട നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ; ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രൊപോസൽ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വൃദ്ധ സദനം പ്രവർത്തന സജ്ജമാക്കാനും കോട്ടയം ജില്ലാ

വൃദ്ധസദനമായി അംഗീകരിക്കാനും സാമൂഹ്യ നീതി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ജില്ലാ വൃദ്ധസദനമാക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം വിശദീകരിക്കാമോ;

(സി) ഈ സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ സാമൂഹ്യ നീതി വകുപ്പ് നടപടി സ്വീകരിക്കുമോ; കോട്ടയം ജില്ലാ വൃദ്ധസദനം മുളക്കുളത്തേക്ക് മാറ്റുന്നത് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്പോൾ നിർമ്മാണം പൂർത്തിയായ വൃദ്ധസദനത്തിൽ സാമൂഹ്യ നീതി വകുപ്പ് അടിസ്ഥാന സൗകര്യം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ?

## മിശ്രവിവാഹിതർക്കും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവർക്കും നൽകുന്ന ധനസഹായം

2055 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ മിശ്രവിവാഹിതരും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവരുമായ ദമ്പതികൾക്ക് വിതരണം ചെയ്ത ധനസഹായം സംബന്ധിച്ച വിശദാംശം പഞ്ചായത്ത്/ മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി ലഭ്യമാക്കുമോ?

## സാമൂഹ്യനീതി വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ

2056 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പിലും പ്രസ്തുത വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ടോ; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും ഇവർക്ക് വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ?

## നിർധനർക്ക് ചികിത്സാ സഹായം-മെഡിക്കൽ ബോർഡ് മീറ്റിഗുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി

2057 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർധനരായ രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നതിന് സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ അപേക്ഷിക്കുന്നവർക്ക് ആയത് ലഭ്യമാക്കുന്നതിന്റെ ഭാഗമായിട്ടുള്ള മെഡിക്കൽ ബോർഡ് മീറ്റിഗുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

## സാമൂഹ്യ സുരക്ഷാ മിഷൻ

2058 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഫേസ്ബുക്ക് അക്കൗണ്ടുകൾ പ്രൊമോട്ട് ചെയ്യാൻ സാമൂഹ്യ സുരക്ഷാ മിഷൻ തുക ചെലവാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഫേസ്ബുക്ക് അക്കൗണ്ടുകൾ പ്രൊമോട്ട് ചെയ്യാൻ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ

2059 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 - 2016 ലെ സർക്കാരിന്റെ കാലയളവിൽ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) മുൻ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) എൻഡോസൾഫാൻ ദുരിതബാധിതരുടെ സഹായത്തിനായി കേന്ദ്ര സർക്കാരോ എൻഡോസൾഫാൻ നിർമ്മാണ കമ്പനിയോ സാമ്പത്തികസഹായമോ ചികിത്സാ സംവിധാനമോ നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ഡി) എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനായി നിലവിൽ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## പാറശാല മണ്ഡലത്തിൽ അനുവദിച്ച ചികിത്സാ സഹായം

2060 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശാല മണ്ഡലത്തിൽ നിന്നും ചികിത്സാ സഹായത്തിനായി സാമൂഹ്യ സുരക്ഷ മിഷനിലേയ്ക്ക് ലഭിച്ച അപേക്ഷകളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) എത്ര രൂപയാണ് അപേക്ഷകർക്ക് ചികിത്സാ സഹായമായി നൽകിയതെന്നും ഏതെല്ലാം സഹായമാണ് അവർക്ക് ലഭ്യമാക്കിയതെന്നും അറിയിക്കാമോ;

(സി) ലഭ്യമായ അപേക്ഷകളിൽ ഇനിയും തീർപ്പ് കൽപ്പിക്കാനുള്ളവ ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

## പൊതുജനങ്ങൾക്കുള്ള ടൂറിസ്റ്റ് പാക്കേജ്

2061 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കേരളത്തിനകത്തും പുറത്തും പൊതുജനങ്ങൾക്ക് വേണ്ടി ടൂർ പാക്കേജ്

കെ.എസ്.ആർ.ടി.സി. നൽകുന്നുണ്ടോ; റൂട്ട് സഹിതം വിശദമാക്കുമോ?

**<u>കാസർഗോഡ് ജില്ലയിൽ നിർത്തിവെച്ച കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ</u>**

2062 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 ബാധയെ തുടർന്ന് കാസർഗോഡ് ജില്ലയിൽ നിർത്തിവെച്ചിരുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളെല്ലാം നിലവിൽ സർവ്വീസ് നടത്തുന്നുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ഉദുമ നിയോജകമണ്ഡലത്തിൽ ഏതൊക്കെ സർവ്വീസുകൾ പുനരാരംഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സർവ്വീസ് എന്നത്തേക്ക് പുനരാരംഭിക്കുമെന്ന് വിശദമാക്കുമോ?

**<u>കെ.എസ്.ആർ.ടി.സി. കമ്പ്യൂട്ടർ വത്കരണം</u>**

2063 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. യിൽ ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

**<u>കണ്ണൂർ ജില്ലയിലെ പൊതുഗതാഗത മേഖല സംബന്ധിച്ച്</u>**

2064 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പൊതുഗതാഗത മേഖലയിൽ കൊവിഡിനെ തുടർന്ന് പൊതുഗതാഗത സൗകര്യം കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാത്രി സമയത്തു ബസുകൾ ട്രിപ്പുകൾ മുടക്കുന്നതുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുമോ; വ്യക്തമാക്കാമോ;

(സി) അവധി ദിവസങ്ങളിൽ ബസുകൾ ഓടാതിരിക്കുന്ന അവസ്ഥക്ക് പരിഹാരം കാണുമോ; വിശദമാക്കാമോ?

**<u>ടിപ്പർ ലോറികൾക്കുള്ള യാത്രാനിരോധനം</u>**

2065 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ-കോളേജ് പ്രവൃത്തി സമയ ങ്ങളിൽ ടിപ്പർ ലോറികൾക്ക് യാത്രാനിരോധനം ഏർപ്പെടുത്തികൊണ്ടുള്ള ഗതാഗത വകുപ്പിന്റെ ഉത്തരവ് കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ടിപ്പർ ലോറികൾക്ക് ഇപ്രകാരം ഏർപ്പെടുത്തിയിട്ടുള്ള യാത്രാനിരോധനം ലംഘിക്കുന്നതുമായി ബന്ധപ്പെട്ട് ചില പ്രദേശങ്ങളിൽ നിന്നും ലഭിച്ച പരാതികളിൽ യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## വാഹന അപകടങ്ങൾ ഒഴിവാക്കൽ

2066 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവിനാശി-വടക്കഞ്ചേരി ബസ് അപകങ്ങളുടെ പശ്ചാത്തലത്തിൽ എന്തെല്ലാം ജാഗ്രതാ നടപടികളാണ് പ്രത്യേകമായി നടപ്പിലാക്കിയിട്ടുള്ളത്; ഇത്തരത്തിലുള്ള വാഹന അപകടങ്ങൾ ഒഴിവാക്കുന്നതിന് ഇപ്പോൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

## റോഡ് സേഫ്റ്റി ഫണ്ട്

2067 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്ന്, വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടെന്നും ഏതെല്ലാമാണെന്നും വിശദമാക്കാമോ?

## കെ.എസ്.ആർ.ടി.സി.യിലെ തൊഴിൽ ക്രമീകരണം

2068 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ തൊഴിൽ ക്രമീകരണം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) തൊഴിൽ ക്രമീകരണം നടപ്പിലാക്കിയതിന്റെ ഭാഗമായി കോർപ്പറേഷന് വരുമാന ലാഭം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) കെ.എസ്.ആർ.ടി.സി.യിൽ ഇലക്ട്രിക് ബസുകളുടെ സർവ്വീസ് ലാഭകരമാണോ; എങ്കിൽ കൂടുതൽ സർവ്വീസുകൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ?

## കെ.എസ്.ആർ.ടി.സി.യിൽ സീസൺ ടിക്കറ്റ്

2069 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ സീസൺ ടിക്കറ്റുകൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം

2070 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. യാത്ര ഫ്യൂവൽസിനെ ശക്തിപ്പെടുത്താനും വിപുലീകരിക്കാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ വിശദാംശം ലഭ്യമാക്കാമോ?

## കെ.എസ്.ആർ.ടി.സി. - യെ പ്രവർത്തനലാഭത്തിലെത്തിക്കൽ

2071 **ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. എം. എം. മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യെ പ്രവർത്തന ലാഭത്തിലെത്തിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) മാനേജ്മെന്റ് സംവിധാനം പുനഃക്രമീകരിക്കുന്നതോടൊപ്പം യാത്രക്കാരുടെ ആവശ്യകത മനസ്സിലാക്കി കെ.എസ്.ആർ.ടി.സി.യെ ശാക്തീകരിക്കുന്നതിനും ഉപദേശക ബോർഡ് രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) അധികാര വികേന്ദ്രീകരണത്തിന്റെ അഭാവം കാരണം മൂന്ന് ലാഭ കേന്ദ്രങ്ങൾ രൂപീകരിച്ച നടപടി ഫലപ്രദമായിട്ടില്ലെന്നത് വസ്തുതയാണോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടിയുണ്ടാകുമോ;

(ഡി) യുക്തിഭദ്രമായ നടപടികളിലൂടെ സർവീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തുന്നതിന് ഇടപെടലുകൾ നടത്തുമോയെന്ന് വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി. നവീകരണം

2072 **ശ്രീ കടകംപള്ളി സുരേന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത ക്ലേശം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.യെ നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) സർവ്വീസ് നടത്തുന്ന വിവിധതരം ബസുകളുടെ ഏർണിംഗ് പെർ കിലോമീറ്റർ എത്രയാണെന്ന് വിശദമാക്കുമോ?

## കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ്

2073 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിൽ കെ.എസ്.ആർ.ടി.സി. - സ്വിഫ്റ്റ് കമ്പനി ഇൻകോർപ്പറേറ്റ് ചെയ്യുന്നതിലേക്ക് അപേക്ഷ നൽകിയത് ആരെല്ലാമാണ്; ഇൻകോർപ്പറേഷന് വേണ്ടി സമർപ്പിച്ച രേഖകളെന്തൊക്കെ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. - സ്വിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിനായി ലൈസൻസുകളോ അനുമതികളോ ലഭിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കെ.എസ് .ആർ.ടി.സി. വസ്തുവകകൾ ലീസ്-വാടകയ്ക്ക് നൽകൽ

2074 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ് .ആർ.ടി.സി.യുടെ പക്കൽ ഉള്ള പുതിയ ടയറുകൾ കെ.സ്വഫ്റ്റിന് നൽകുന്നുണ്ടോ; എങ്കിൽ ആരുടെ ഉത്തരവുപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ് .ആർ.ടി.സി. - യുടെ ഏതെങ്കിലും വസ്തുവകകൾ ലീസ് വ്യവസ്ഥയിൽ മറ്റേതെങ്കിലും സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാമാണെന്നും എത്ര വർഷത്തേക്കാണ് നൽകിയിട്ടുള്ളതെന്നും വെളിപ്പെടുത്താമോ;

(സി) കെ.എസ്.ആർ.ടി.സി. ആകെ എത്ര സ്ക്വയർ ഫീറ്റ് വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നും പ്രതിമാസം ഒരു സ്ക്വയർ ഫീറ്റിന്റെ വാടക എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി.ആകെ എത്ര സ്ക്വയർഫീറ്റ് ലീസിന് നൽകിയിട്ടുണ്ട് എത്ര രൂപ സ്ക്വയർഫീറ്റിന് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി. എൻ.പി.എസ്. ഫണ്ട്

2075 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനുവരി 2020നും ഒക്ടോബർ 2022നും ഇടയിൽ കെ.എസ്.ആർ.ടി.സി.യിൽ ഏതൊക്കെ വിഭാഗം ജീവനക്കാർ അധികമായി/കുറവായി ഉണ്ടായിരുന്നു എന്നത് എണ്ണം ഉൾപ്പടെ വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും എൻ.പി.എസ്. ഇനത്തിൽ പിടിച്ച തുകയിൽ എത്ര രൂപ അടയ്ക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; ഇത് എത്ര ദിവസത്തിനുള്ളിൽ പൂർണ്ണമായി എൻ.പി.എസ്.ഫണ്ടിലേക്ക് ഒടുക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും എൻ.ഡി.ആർ.പിടിച്ച തുകയിൽ നിലവിൽ എത്ര രൂപ കെ.എസ്.ആർ.ടി.സി. പ്രസ്തുത സ്ഥാപനങ്ങളിൽ ഒടുക്കാനുണ്ട്; ഏതൊക്കെ സ്ഥാപനങ്ങളിൽ എത്ര രൂപ എന്ന് വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി.യുടെ സിംഗിൾ ഡ്യൂട്ടി പരിഷ്കരണം

2076 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ സിംഗിൾ ഡ്യൂട്ടി പരിഷ്കരണം ഏതെല്ലാം ഡിപ്പോകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) എല്ലാ ഡിപ്പോകളിലും ഇത് നടപ്പിലാകുന്നതോടെ ഗ്രാമീണ മേഖലയിലുൾപ്പെടെയുള്ളവരുടെ യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കാനാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഡിപ്പോകളിലെ സിംഗിൾ ഡ്യൂട്ടി പരിഷ്കരണം എന്നത്തേക്ക് പൂർത്തിയാകുമെന്ന്

വിശദമാക്കാമോ?

**കെ.എസ്.ആർ.ടി.സി ബസ് സർവീസ്**

2077 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്,കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ കോവിഡ് സാഹചര്യത്തിൽ നിർത്തലാക്കിയ സർവീസുകൾ ഏതെല്ലാമാണെന്നും അതിൽ ഏതൊക്കെ സർവീസുകൾ പുനരാരംഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) പുനരാരംഭിക്കാൻ ബാക്കിയുള്ള സർവീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**പെരുമ്പാവൂർ ഡിപ്പോയിലെ കണ്ടക്ടർ ക്ഷാമം പരിഹരിക്കാൻ നടപടി**

2078 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പെരുമ്പാവൂർ ഡിപ്പോയിൽ കണ്ടക്ടർമാരുടെ കുറവ് മൂലം സർവ്വീസുകൾ വെട്ടിച്ചുരുക്കിയിട്ടുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ എത്ര സർവ്വീസുകളാണ് മുടങ്ങിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) കണ്ടക്ടർമാരെ നിയോഗിച്ച് സർവ്വീസുകൾ പുനരാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**കെ.എസ്.ആർ.ടി.സി. - സ്വിഫ്റ്റ് ബസ്**

2079 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി.സ്വിഫ്റ്റിന് ബസ്സ് വാങ്ങിയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; പകർപ്പ് ലഭ്യമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.സ്വിഫ്റ്റും കെ.എസ്.ആർ.ടി.സി.യും തമ്മിൽ കരാറുകളോ ധാരണാപത്രമോ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

**പുതുതായി ആരംഭിച്ച സർവീസുകൾ**

2080 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യപ്പ ഭക്തരുടെ യാത്രാസൗകര്യം കണക്കിലെടുത്ത് കെ.എസ്സ്.ആർ.ടി.സി. പുതുതായി ആരംഭിച്ച സർവീസുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

**കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ**

2081 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സമഗ്രവികസനത്തിനായി കിഫ്ബി ധനസഹായത്തോടെയുള്ള പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിയോജക മണ്ഡല ആസ്തി വികസന നിധിയിൽ നിന്നും തുക വിനിയോഗിച്ച് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും സമഗ്ര വികസന ത്തിനായുള്ള ഒരു ബൃഹത് പദ്ധതിയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന കാരണത്താൽ പ്രസ്തുത പ്രൊപ്പോസൽ നിരസിക്കപ്പെട്ടിരുന്നു എന്നാൽ ഈ പദ്ധതി അനിശ്ചിതമായി നീളുന്നതിനാൽ ഡിപ്പോ കെട്ടിടത്തിന്റെ അപകടാവസ്ഥ കണക്കിലെടുത്ത് നിയോജക മണ്ഡല ആസ്തി വികസന നിധിയിൽ നിന്നും തുക വിനിയോഗിച്ച് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നേരത്തേ സമർപ്പിക്കപ്പെട്ട പ്രൊപ്പോസൽ പുന:പരിശോധിക്കുന്നതിന് തയ്യാറാകുമോയെന്ന് വിശദമാക്കുമോ?

## <u>കെ.എസ്.ആർ.ടി.സി. യിൽ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട ബസ്സുകൾ</u>

2082 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഡീസൽ ബസുകളിൽ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്ത് സർവ്വീസ് നടത്തുന്ന എത്ര ബസുകൾ ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) സി.എൻ.ജി.യിലേക്ക് പരിവർത്തനം നടത്തിയ ബസുകളുടെ പ്രവർത്തനക്ഷമത വിലയിരുത്തിയിട്ടുണ്ടോ; ആയതിന്റെ സാമ്പത്തിക ലാഭം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>താമരശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് അയച്ച ഫയലിന്മേലുള്ള നടപടി</u>

2083 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് തിരുവനന്തപുരം കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിലേക്ക് അയച്ച 07.04.2022 തീയതിയിലെ ജി1/956/2022/ടി.എസ്.വൈ. എന്ന ഫയലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

## <u>മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് തമിഴ്നാട്ടിലേക്ക് കെ - സ്വിഫ്റ്റ് സർവ്വീസ്</u>

2084 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും തമിഴ്നാട്ടിലേക്ക് കെ - സ്വിഫ്റ്റ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) മൂന്നാറിൽ നിന്നും നിലവിൽ ഏതൊക്കെ സ്ഥലങ്ങളിലേക്ക് കെ -സ്വിഫ്റ്റ് സർവ്വീസ് നടത്തുന്നുണ്ട്; അറിയിക്കുമോ;

(സി) തമിഴ്നാട്ടിലേക്ക് സർവ്വീസ് നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

**പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്**

2085 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിൽ എത്ര മുറികളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് അറിയിക്കുമോ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ സബ്ബ് ആർ.റ്റി.ഓഫീസ് കെ.എസ്.ആർ.ടി.സി. യുടെ ഷോപ്പിംഗ് കോംപ്ലക്സിലേക്ക് മാറ്റാൻ സർക്കാർ തലത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പയ്യന്നൂർ സബ്ബ് ആർ.റ്റി. ഓഫീസ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് പ്രതിമാസം എത്ര രൂപയാണ് വാടക ഇനത്തിൽ നൽകുന്നതെന്ന് അറിയിക്കുമോ;

(ഡി) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിൽ ഒഴിവുള്ള മുറികൾ, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളുടെ ആവശ്യത്തിനായി ഉപയോഗപ്പെടുത്തി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

**കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന് വാങ്ങിയ ഇലക്ട്രിക്ക് ബസ്സുകൾ**

2086 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന് വാങ്ങിയ ഇലക്ട്രിക്ക് ബസ്സുകൾ ടെൻഡർ ക്ഷണിച്ചാണോ വാങ്ങിയതെന്നും, എത്ര കമ്പനികൾ ടെൻഡറിൽ പങ്കെടുത്തുവെന്നും ഓരോ കമ്പനിയും ക്വോട്ട് ചെയ്ത തുക സഹിതം വിശദമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനിക്ക് ബസ്സുകൾ വാങ്ങുന്നതിന് ടെൻഡർ പുറപ്പെടുവിച്ചത് കെ.എസ്.ആർ.ടി.സി. യാണോ അതോ സ്വിഫ്റ്റ് കമ്പനിയാണോ; പ്രസ്തുത ടെൻഡർ അംഗീകരിച്ച് നൽകിയത് ആരാണെന്നും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

**കെ.എസ്.ആർ.ടി .സി. -സ്വിഫ്റ്റ് – പുതിയ ഇലക്ട്രിക്ക് ബസ്സുകളുടെ ഗുണനിലവാരം**

2087 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന് പുതിയ ഇലക്ട്രിക്ക് ബസ്സുകൾ വാങ്ങുന്നതിനു മുന്നോടിയായി മാനേജ്മെന്റ് വിദഗ്ധ സമിതിയെകൊണ്ട് പരിശോധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയിലെ അംഗങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; ടി ഇലക്ട്രിക്ക് ബസ്സുകൾ വാങ്ങുന്നതിന് മുൻപ് ഗുണനിലവാരം പരിശോധിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.- സ്വിഫ്റ്റ് ഇലക്ട്രിക്ക് ബസ്സുകൾ വാങ്ങിയതിന് ശേഷം കെ.എസ്.ആർ.ടി.സി.- സ്വിഫ്റ്റ് കമ്പനി ബസ്സുകളുടെ ഗുണനിലവാരം വിദഗ്ധ

സമിതിയെക്കൊണ്ട് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പും വിദഗ്ധ സമിതി അംഗങ്ങളുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

## പങ്കാളിത്ത പെൻഷൻ വിഹിതം

2088 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടിസി.യിൽ സംസ്ഥാനത്താകെ എത്ര ജീവനക്കാരാണ് ജോലി ചെയ്യുന്നത് ; തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ ജീവനക്കാരിൽ സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുള്ളവരുടെയും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നവരുടെയും എണ്ണം എത്രയെന്ന് അറിയിക്കുമോ;

(സി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പെൻഷൻ പദ്ധതിയിലേക്കായി 2022 ഒക്ടോബർ മാസത്തിൽ കോർപ്പറേഷൻ പിടിച്ച ആകെത്തുകയും മാനേജ്മെന്റ് വിഹിതമായി അടയ്ക്കേണ്ട തുകയും എത്ര വീതം എന്ന് അറിയിക്കുമോ;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി ആരംഭിച്ച നാൾ മുതൽ നാളിതുവരെ ജീവനക്കാരിൽ നിന്നും പിടിച്ച തുകയും മാനേജ്മെൻറ് വിഹിതവും യഥാസമയം എൻ.പി.എസ്. ട്രസ്റ്റിൽ അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നു മുതൽക്കുള്ള തുകയാണ് ട്രസ്റ്റിലേക്ക് അടയ്ക്കാനുള്ളത്, ആകെ എത്ര തുകയാണ് ഈ ഇനത്തിൽ കോർപ്പറേഷൻ അടയ്ക്കാൻ ബാക്കിയുള്ളത്, വിശദാംശങ്ങൾ ലഭ്യമാകുമോ;

(ഇ) എൻ.പി.എസ്. ട്രസ്റ്റിലേക്ക് യഥാസമയം വിഹിതം അടക്കാതിരുന്നാൽ അത് ജീവനക്കാർക്ക് ലഭിക്കുന്ന പെൻഷൻ തുകയെ എങ്ങനെയൊക്കെ ബാധിക്കും എന്ന് വിശദമാക്കുമോ;

(എഫ്) ജീവനക്കാർ തങ്ങളുടെ ശമ്പളത്തിൽ നിന്നും നീക്കിവെയ് ക്കുന്ന തുകയുടെ ഗുണഫലം നഷ്ടപ്പെടാതിരിക്കുന്നതിനായി ഈ തുക ഉടനടി എൻ.പി.എസ്.ട്രസ്റ്റിലേക്ക് അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കെ.എസ്.ആർ.ടി.സി പെൻഷൻ

2089 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പെൻഷൻ സംബന്ധിച്ച ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 5.8.22ലെ ഡബ്ല്യൂ പി (സി)24079/22; 10.11.22- ലെ 36042/22 വിധികൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി. ബസുകളിൽ പ്രീപെയ്ഡ് സ്മാർട് കാർഡുകൾ

2090 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ പ്രൈവറ്റ് ബസ് മേഖലയിൽ ഉപയോഗിച്ചിരുന്ന മൈ ബസ് കാർഡ്, ചലോബസ് കാർഡ് എന്നിവയുടെ മാതൃകയിൽ കെ.എസ്.ആർ.ടി.സി.

ബസുകളിലും പ്രീപെയ്ഡ് സ്മാർട് കാർഡുകൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.ക്ക് വരുമാനവർദ്ധനവിന് ഉതകുന്ന ഇത്തരമൊരു പദ്ധതിയെക്കുറിച്ച് വിശദമായി പഠനം നടത്താൻ നടപടി സ്വീകരിക്കുമോ?

## ഗ്രാമവണ്ടി

2091 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവണ്ടി പദ്ധതിയുമായി എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് സഹകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി വ്യാപകമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അറിയിക്കാമോ?

## ഗതാഗത വകുപ്പിലെ താൽക്കാലിക/കരാർ നിയമനങ്ങൾ

2092 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗതാഗത വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; താൽക്കാലിക/കരാർ നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് പ്രസ്തുതനിയമനങ്ങൾ നടത്തിയത്; വിശദമാക്കാമോ?

## കെ.എസ്.ആർ.ടി.സി. യുടെ പ്രതിമാസ വരുമാനവും, ചെലവും

2093 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 മാർച്ച് മാസം മുതൽ നാളിതുവരെ കെ.എസ്.ആർ.ടി.സി. -ക്ക് ലഭിച്ച പ്രതിമാസ വരുമാനം എത്രയാണ് ; വിശദമായ കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ കെ.എസ്.ആർ.ടി.സി.ക്ക് ഓരോ , ചെലവിനത്തിലും ചെലവഴിച്ച തുകയുടെ പ്രതിമാസ കണക്ക് നൽകാമോ?

## സിറ്റി സർക്കുലർ ബസ്സുകൾ

2094 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിറ്റി സർക്കുലർ സർവീസിന് വേണ്ടി രൂപമാറ്റം വരുത്തിയ ബസുകൾ സിറ്റി

സർക്കുലർ ആക്കുന്നതിന് തൊട്ടുമുമ്പ്, ഓരോ ബസിനും പ്രതിമാസം ലഭിച്ചിരുന്ന ശരാശരി വരുമാനം വ്യക്തമാക്കുമോ; ഈ സർവീസിന് കഴിഞ്ഞ 2021 സെപ്റ്റംബർ മുതലുള്ള പ്രതിമാസ വരവും ചെലവും വ്യക്തമാക്കുമോ; സിറ്റി സർക്കുലർ സർവീസിന് മുമ്പ് ഈ ബസ്സുകളിൽ നിന്ന് ലഭിച്ചിരുന്ന പ്രതിമാസ ശരാശരി വരുമാനം വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. തുടങ്ങിയ ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ നിന്നും ഒരു മാസം എത്ര രൂപ വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

## <u>കെ.എസ്.ആർ.ടി.സി.- ബസുകളും ആസ്തിയും</u>

2095 **ശ്രീ . മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യ്ക്ക് നിലവിൽ എത്ര ബസുകൾ ഉണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(ബി) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എത്ര ബസുകൾ വാങ്ങിയിട്ടുണ്ടെന്നും എത്ര ബസുകൾ വിൽപ്പന നടത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) സർവ്വീസ് നടത്താൻ കഴിയാത്ത തരത്തിലുള്ള എത്ര ബസുകളുണ്ടെന്നും ഈ ബസുകളുടെ മെയിന്റനൻസ് പൂർണ്ണമായും കെ.എസ്.ആർ.ടി.സി.യുടെ വർക്ക് ഷോപ്പുകളിൽ ചെയ്യാൻ കഴിയുന്നുണ്ടോയെന്നും ഇല്ലെങ്കിൽ ബസുകളുടെ അറ്റകുറ്റപ്പണികൾ ഏത് രീതിയിലാണ് ചെയ്തുവരുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ ബസുകൾ വാടകയ്ക്ക് എടുക്കുന്നതിന് കെ.എസ്.ആർ.ടി.സി. തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) ബസ് സർവ്വീസ് വഴിയല്ലാതെ ഏതെല്ലാം മാർഗ്ഗത്തിലൂടെയാണ് കെ.എസ്.ആർ.ടി.സി.വരുമാനം കണ്ടെത്തുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നതെന്നും ഇതിൽ ഏതെല്ലാം പദ്ധതികളിൽ നിന്ന് കെ.എസ്.ആർ.ടി.സി. പിൻമാറിയിട്ടുണ്ടെന്നും ഓരോ പദ്ധതിവഴി എത്ര തുക വരുമാനമായി കണ്ടെത്തിയിട്ടുണ്ടെന്നും ഇനം തിരിച്ച് വിശദമാക്കുമോ;

(എഫ്) ഈ സർക്കാരിന്റെയോ മുൻ സർക്കാരിന്റെയോ കാലത്ത് കെ.എസ്.ആർ.ടി.സി.യുടെ ഏതെങ്കിലും ആസ്തികൾ പണയപ്പെടുത്തുകയോ വിൽക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതുവഴി എത്ര തുക സ്വരൂപിച്ചിട്ടുണ്ടെന്നും ഏതെങ്കിലും ആസ്തികൾ വിൽക്കുന്നത് സംബന്ധിച്ച് നടപടികൾ നടക്കുന്നുണ്ടെങ്കിൽ ആയതും വിശദമാക്കുമോ?

## <u>പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയിൽ കെ.എസ്.ആർ.ടി.സി. സർവീസ്</u>

2096 **ശ്രീ പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയിൽ നിലവിൽ നടത്തുന്ന 58 സർവീസുകൾ ഏതൊക്കെ സ്ഥലങ്ങൾക്കിടയിലാണെന്ന് അറിയിക്കാമോ; ഇവയിൽ ഭൂരിഭാഗവും പുനലൂർ-റാന്നി മേഖലയിൽ മാത്രമാണെന്നും ബാക്കിയുള്ള മേഖല ഇതിൽ ഉൾപ്പെട്ടിട്ടില്ലായെന്നുമുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ പൂർണ്ണമായ പ്രയോജനം ലഭിക്കാൻ പ്രസ്തുത പാതയിലുടനീളം അന്തർജില്ലാ സർവീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ;

(സി) ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## കോതമംഗലം ഡിപ്പോയിൽ നിന്നും വേളാങ്കണ്ണി-പഴനി സർവ്വീസുകൾ

2097 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ഡിപ്പോയിൽ നിന്നും വേളാങ്കണ്ണി-പഴനി സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## 'ഗ്രാമവണ്ടി' പദ്ധതി

2098 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി ആരംഭിച്ച 'ഗ്രാമവണ്ടി' പദ്ധതി ഏതൊക്കെ പഞ്ചായത്തുകളിലാണെന്നും എത്ര ബസുകൾ ഈ പദ്ധതിക്കുവേണ്ടി മാറ്റി സർവ്വീസ് നടത്തിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) ഇതുവരെ എത്ര ലക്ഷം രൂപയുടെ നിക്ഷേപം ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ഇതിനായി ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഏതെങ്കിലും ബഹുമതികളോ അംഗീകാരങ്ങളോ ഈ പദ്ധതിക്ക് ഇതിനോടകം ലഭിച്ചിട്ടുണ്ടോ?

## കാഞ്ഞങ്ങാട് ഡിപ്പോയിൽ നിന്നും കണ്ണൂർ വിമാനത്താവളത്തിലേക്ക് ബസ് റൂട്ട്

2099 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും കണ്ണൂർ വിമാനത്താവളത്തിലേക്ക് നീലേശ്വരം-പാലായി-കയ്യൂർ-ചീമേനി-കാങ്കോൽ വഴി കെ.എസ്.ആർ.ടി.സി. ബസ് റൂട്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

## ഈരാറ്റുപേട്ട ഡിപ്പോയിലെ നിർത്തലാക്കിയ സർവ്വീസുകൾ

2100 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിർത്തലാക്കിയിരുന്ന ഏതെല്ലാം സർവ്വീസുകളാണ് നിയന്ത്രണങ്ങൾ അവസാനിച്ച ശേഷവും പുനരാരംഭിക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവീസുകൾ പുനരാരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ലാഭത്തിൽ നടത്തിയിരുന്ന പ്രസ്തുത സർവ്വീസുകൾ മണ്ഡലത്തിലെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനുവേണ്ടി അടിയന്തരമായി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) സമീപ പ്രദേശങ്ങളിലെ ഡിപ്പോകളിൽനിന്നും ആരംഭിക്കുന്ന പ്രധാനപ്പെട്ട ദീർഘദൂര സർവീസുകൾ ഈരാറ്റുപേട്ട ഡിപ്പോയിലേക്ക് നീട്ടി റൂട്ട് പുന:ക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി. മാവേലിക്കര ഡിപ്പോയുടെ വികസനം

2101 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. മാവേലിക്കര ഡിപ്പോയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ഇൻഫോപാർക്കിലേക്കുള്ള ഗതാഗതം

2102 **ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഇൻഫോപാർക്കിലേക്കുള്ള ഗതാഗത പ്രശ്നം പരിഹരിക്കുന്നതിനായി ആലുവ-കാക്കനാട് വഴി ഇൻഫോപാർക്ക്, മൂവാറ്റുപുഴ-കോലഞ്ചേരി-പുത്തൻകുരിശ്-ഇൻഫോപാർക്ക്, തൃപ്പൂണിത്തുറ-കാക്കനാട്-ഇൻഫോപാർക്ക് (സീ പോർട്ട് -എയർപോർട്ട് വഴി) എന്നീ റൂട്ടുകളിൽ രാവിലെയും പ്രസ്തുത റൂട്ടുകളിൽ വൈകിട്ട് തിരികെയും കെ.എസ്.ആർ.ടി.സി.ബസ് സർവീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഓണക്കുന്നിൽ ടൗൺ ടു ടൗൺ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കാൻ നടപടി

2103 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് ആസ്ഥാനമായ ഓണക്കുന്നിൽ കെ.എസ്.ആർ.ടി.സി. ടൗൺ - ടു -ടൗൺ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

## കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും മംഗലാപുരത്തേക്ക്ബസ്സ് സർവീസുകൾ

2104 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് എത്ര ബസ്സുകൾ മംഗലാപുരത്തേക്ക് സർവീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ബസ്സുകളുടെ അങ്ങോട്ടുമിങ്ങോട്ടും ഉള്ള സർവീസ് സമയം വ്യക്തമാക്കാമോ;

(സി) കാസർകോട് ഡിപ്പോയിൽ നിന്നും മംഗലാപുരത്തേക്ക് സർവീസ് നടത്തുന്ന കർണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് ബസുകളുടെ എണ്ണവും സർവീസ് സമയവും വ്യക്തമാക്കാമോ;

(ഡി) മംഗലാപുരത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കേരളത്തിലെ വിദ്യാർത്ഥികൾക്ക് കർണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് ബസുകളിൽ കൺസഷൻ നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഇ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് ബസുകളിൽ മംഗലാപുരത്തേക്ക് പോകുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകാറില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൺസഷൻ വേണമെന്ന നീണ്ടകാലത്തെ ആവശ്യം പരിഗണിക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ?

## <u>പാലാ മണ്ഡലത്തിൽ നിർത്തിവച്ച കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ</u>

2105 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഷെഡ്യൂളുകൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ഗുരുവായൂർ ഡിപ്പോയുടെ നവീകരണം</u>

2106 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണത്തിനായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഡിപ്പോയിൽ നിന്നും നിർത്തലാക്കിയ സർവ്വീസുകൾ പുനരാരംഭിയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>സ്കാനിയ ബസ്സുകൾക്ക് ചങ്ങനാശ്ശേരിയിൽ റിസർവേഷൻ</u>

2107 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം - ബാംഗ്ലൂർ റൂട്ടിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. സ്കാനിയ ബസ്സുകൾക്ക് എവിടെയെല്ലാമാണ് റിസർവ്വേഷൻ സൗകര്യമുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബസ്സുകൾക്ക് ചങ്ങനാശ്ശേരിയിൽ റിസർവേഷൻ അനുവദിക്കണമെന്ന്

ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

**കോതമംഗലം ഡിപ്പോയിൽ നിന്നും നിർത്തലാക്കിയ സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ നടപടി**

2108 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ തുടർന്ന് കോതമംഗലം ഡിപ്പോയിൽ നിന്നും നിർത്തലാക്കിയ സർവ്വീസുകൾ എത്ര; അവ ഏതെല്ലാം; വ്യക്തമാക്കാമോ;

(ബി) അവയിൽ എത്ര സർവ്വീസുകൾ പുനഃസ്ഥാപിച്ചുവെന്നും അത് ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(സി) പുനഃസ്ഥാപിച്ചിട്ടില്ലാത്ത സർവ്വീസുകൾ വേഗത്തിൽ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി. സർക്കുലർ സർവ്വീസുകൾ**

2109 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ഡിപ്പോകളിൽ നിന്നും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പി ച്ചുകൊണ്ടുള്ള കെ.എസ്.ആർ.ടി.സി. സർക്കുലർ സർവ്വീസുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ചെങ്ങന്നൂർ ഡിപ്പോയിൽ നിന്നും പഞ്ചപാണ്ഡവ ക്ഷേത്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള സർക്കുലർ സർവ്വീസ് പുനഃസ്ഥാപിക്കുമോ;

(സി) പ്രസ്തുത ഡിപ്പോയിൽ നിന്നും വിനോദസഞ്ചാര സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ചേർത്തല കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിൽ രൂപപ്പെട്ട ഗർത്തം**

2110 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല കെ.എസ്.ആർ.ടി.സി.ബസ് സ്റ്റാന്റിൽ രൂപം കൊണ്ടിട്ടുള്ള വലിയ ഗർത്തം കാരണം ടി പ്രദേശത്ത് വലിയ വെള്ളക്കെട്ടും ബസ്സുകൾക്ക് കേട്പാടും ഉണ്ടാകുകയും തന്മൂലം യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**പാറശാല മണ്ഡലത്തിലെ ഗ്രാമീണ മേഖലകളിലെ യാത്രാക്ലേശത്തിനു പരിഹാരം**

2111 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് പാർക്കിംഗ് എന്ന പേരിൽ പാറശാല മണ്ഡലത്തിൽ വിവിധയിടങ്ങളിലായി

എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഒതുക്കിയിട്ടിരിക്കുന്നു എന്നുള്ള വിവരം ബസ്സിന്റെ ഇനം തിരിച്ച് അറിയിക്കാമോ;

(ബി) പാറശാല മണ്ഡലത്തിലെ ഗ്രാമീണ മേഖലകളിൽ യാത്രാക്ലേശം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി .സി.യുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം സെൽ നടപ്പിലാക്കി വരുന്ന ടൂറിസം പാക്കേജിനെക്കുറിച്ച് വിശദമാക്കാമോ;

(ഇ) കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള പാറശാല ഇടിച്ചക്കപ്ലാമൂടിന് സമീപം ഒഴിഞ്ഞു കിടക്കുന്ന ഭൂമിയിൽ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷനിൽ പദ്ധതികൾ നടപ്പാക്കുന്നതിന് ആലോചിക്കുന്നുണ്ടോ?

## പൊന്നാനിയിൽ നിന്നും പുതിയ ബസ് റൂട്ട്

2112 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര ടൂറിസത്തിന് പ്രശസ്തമായ പൊന്നാനിയിൽ നിന്നും മൂന്നാർ-മാട്ടുപ്പെട്ടി-വട്ടവട എന്നിവിടങ്ങളിലേക്ക് പുതിയ ബസ് റൂട്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) ദേശസാൽകൃത റൂട്ടായ പൊന്നാനി-ചമ്രവട്ടം പാലം-തിരൂർ-കോഴിക്കോട് റൂട്ടിലേക്ക് പുതിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കിളിമാനൂർ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റ് യാർഡ് നിർമ്മാണം

2113 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റിന്റെ യാർഡ് നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികളിലെ പുരോഗതി വിശദമാക്കുമോ?

## മലയോര മേഖലകളിലേക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

2114 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലമ്പൂർ ഡിപ്പോയിൽ നിന്നും ലാഭകരമായ രീതിയിൽ സർവ്വീസ് നടത്തിയിരുന്ന എരുമമുണ്ട-മെഡിക്കൽ കോളേജ്-കോഴിക്കോട്, ടി.കെ.കോളനി-മെഡിക്കൽ കോളേജ്-കോഴിക്കോട്, മുണ്ടേരി-മഞ്ചേരി-കോഴിക്കോട്, മരുത-പാലേമാട്-കോഴിക്കോട് എന്നീ മലയോര മേഖലകളിലേക്കുള്ള സർവ്വീസുകൾ നിർത്തലാക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ബി) നല്ല രീതിയിൽ വരുമാനം ഉണ്ടായിരുന്ന പ്രസ്തുത സർവ്വീസുകൾ

പുനഃരാരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് അറിയിക്കാമോ; ആയത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ വ്യക്തമാക്കാമോ;

(സി) ജനവാസകേന്ദ്രങ്ങളായ പ്രസ്തുത റൂട്ടുകളിലേക്ക് സർവ്വീസുകൾ പുനഃരാരംഭിക്കുന്നതിന് മലപ്പുറം ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർക്കും നിലമ്പൂർ അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർക്കും നിർദ്ദേശം നൽകുമോയെന്ന് വിശദമാക്കാമോ?

## കായംകുളത്ത് പുതിയ ബസ്സ് ടെർമിനൽ

2115 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കെ.എസ്.ആർ.ടി.സി.ബസ്സ് ഡിപ്പോ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായി അപകടഭീഷണി ഉയർത്തി നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇവിടെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബസ്സ് ടെർമിനൽ നിർമ്മിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കെ.എസ്.ആർ.ടി.സി. ബസ്സുകൾ താൽക്കാലിക ക്ലാസ് മുറികളാക്കി മാറ്റുന്നതിനുള്ള നടപടി

2116 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകൾ താൽക്കാലിക ക്ലാസ് മുറികളാക്കി മാറ്റി, പഠന സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പുതുക്കാട് മണ്ഡലത്തിലെ ഗവൺമെന്റ് എച്ച്.എസ്.എസ്. അളഗപ്പനഗർ, ഗവൺമെന്റ് എച്ച്.എസ്. മുപ്ലിയം എന്നീ വിദ്യാലയങ്ങളിൽ പുതിയ ക്ലാസ് മുറികളുടെ നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യത്തിൽ പഠന സൗകര്യമൊരുക്കുന്നതിനുവേണ്ടി കെ.എസ്.ആർ.ടി.സി.ബസ്സുകൾ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകൾ പരിഗണനയിലുണ്ടോ; ഇതിനായി നടപടി സ്വീകരിക്കുമോ?

## കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനരാരംഭിക്കൽ

2117 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലഘട്ടത്തിൽ നിർത്തി വച്ച കാപ്പിൽ എച്ച്.എസ് - തിരുവനന്തപുരം മെഡിക്കൽ കോളേജ് റൂട്ടിലുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കാക്കനാട് ഇതിയൂർ പ്രദേശങ്ങളിലെ യാത്രക്ലേശം

2118 **ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിലെ കാക്കനാട് - ഇതിയൂർ പ്രദേശങ്ങളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി എറണാകുളം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും

ഭരണസിരാകേന്ദ്രമായ കാക്കനാട്ടേക്കും എറണാകുളത്തു നിന്നും കാക്കനാട് വഴി തൃതിയൂരിലേക്കും കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണച്ചുമതല

2119 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കെ.എസ്.ആർ.ടി.സി. സ്റ്റേഷനിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണച്ചുമതല നൽകിയിട്ടുള്ളത് ഏത് ഏജൻസിക്കാണ്;

(ബി) പദ്ധതിക്ക് എന്നാണ് അംഗീകാരം ലഭിച്ചത്; എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; നിർമ്മാണ കരാർ നൽകിയിട്ടുള്ളത് ആർക്കാണ്; എന്തൊക്കെ നിർമ്മാണപ്രവൃത്തികളാണ് ഇതേവരെ നടപ്പാക്കാൻ കഴിഞ്ഞത്; എന്നത്തേക്കാണ് നിർമ്മാണം പൂർത്തീകരിക്കേണ്ടത്;

(സി) നിർമ്മാണത്തിലെ കാലതാമസം പരിഹരിക്കുന്നതിനും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി

2120 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി എന്നാണ് രൂപീകൃതമായത്;

(ബി) പ്രസ്തുത അതോറിറ്റി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) 2019-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്ടിൽ നിഷ്കർഷിച്ചിരിക്കുന്ന റെഗുലേഷനുകളുടെ കരട് എന്നാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത റെഗുലേഷനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് അംഗീകാരം നൽകുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ;

(ഡി) അതോറിറ്റിയുടെ അധികാര പരിധിയിൽ ജി.സി.ഡി.എ. (ഗ്രെയ്റ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റിയുടെയും ജിഡ (ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി) യുടെയും അധികാര പരിധിയിലുള്ള പ്രദേശങ്ങളെ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിജ്ഞാപനം എന്നത്തേക്ക് പ്രസിദ്ധീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ;

(എഫ്) അതോറിറ്റി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനായുള്ള നടപടികൾ

സ്വീകരിക്കുന്നതിനായി 19.10.2022-ന് ബഹു: മന്ത്രിക്ക് നൽകിയ അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

## പഞ്ചായത്തുകളിൽ ഗ്രാമവണ്ടി

2121 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമവണ്ടി സംവിധാനം നടപ്പിലാക്കിയത് ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സംഘടനകൾക്ക് സ്പോൺസർഷിപ്പിലൂടെ ഗ്രാമവണ്ടി ഓടിക്കാൻ അനുമതി നൽകുന്നുണ്ടോ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകളാണ് ബന്ധപ്പെട്ട സംഘടനകൾ ഇക്കാര്യത്തിൽ പാലിക്കേണ്ടതെന്ന് വിശദമാക്കാമോ?

## അമിത നിരക്കിലെ ടോൾ പിരിവ്

2122 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പന്നിയങ്കര ടോൾ പ്ലാസയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കും സ്വകാര്യ ബസ്സുകൾക്കും അമിത നിരക്കിൽ ടോൾ ഏർപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരക്ക് കുറയ്ക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ സർക്കാർ പരിഗണനയിലുണ്ടോ?

## ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിംഗ് & കോച്ചിങ് സെന്റർ

2123 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർദേശീയ ഡ്രൈവിംഗ് പരിശീലനം സാധ്യമാക്കുന്നതിന് സംസ്ഥാന ഗതാഗത വകുപ്പ് മലപ്പുറത്ത് അനുവദിച്ച ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിംഗ്&കോച്ചിങ് സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ജി.ഒ.(ആർ.റ്റി.) നമ്പർ 24/2020/ഗതാ 20.01.2020 ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; പദ്ധതി നടപ്പിലാക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുള്ളത് എത്രയാണ്; വിശദാംശം നൽകാമോ;

(സി) ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിംഗ്& കോച്ചിങ് സെന്ററിന് കീഴിൽ എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാവുക; വിശദീകരിക്കാമോ; പ്രസ്തുത കേന്ദ്രം ആരംഭിക്കുന്നതിനു വേണ്ട സത്വര നടപടി സ്വീകരിക്കാമോ?

## വൈപ്പിൻകരയിൽ നിന്നും സ്വകാര്യ ബസുകളുടെ എറണാകുളം നഗരത്തിലേക്കുള്ള പ്രവേശം

2124 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻകരയിൽനിന്നുള്ള സ്വകാര്യ ബസുകളുടെ എറണാകുളം നഗരപ്രവേശനം സംബന്ധിച്ച് 12.7.2022ൽ ചേർന്ന യോഗ തീരുമാനപ്രകാരമുള്ള സമഗ്ര റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് 11/10/2022-ന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഗതാഗത (ബി) വകുപ്പിൽ നിന്നും ബി1/134/2022 നമ്പർ കത്ത് പ്രകാരം ഗതാഗത കമ്മീഷണർക്ക് പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നൽകിയ ഓർമ്മക്കുറിപ്പിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) നഗരപ്രവേശനം സാധ്യമാക്കുന്നതിനായി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ?

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നിരീക്ഷണ ക്യാമറകൾ

2125 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനം ഉപയോഗപ്പെടുത്തി ഗതാഗത നിയമലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ ക്യാമറകൾ പ്രവർത്തന സജ്ജമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്ന് അറിയിക്കാമോ?

## റോഡുകളിൽ സ്ഥാപിച്ചിരിക്കുന്ന എ.ഐ ക്യാമറകൾ

2126 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകളുടെ എണ്ണം എത്ര ; ഇതിനായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിരീക്ഷണ ക്യാമറയുടെ ഉപയോഗം വിശദമാക്കാമോ; അതിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചെന്നും ഉദ്ദേശ്യലക്ഷ്യം കൈവരിച്ചെന്നും അറിയിക്കാമോ;

(സി) ഇപ്പോൾ പ്രവർത്തനക്ഷമമല്ലാത്ത ക്യാമറകൾ എന്നത്തേക്ക് പ്രവർത്തിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ; ഇതിന് എന്തെങ്കിലും തടസങ്ങളുണ്ടോയെന്നും അറിയിക്കാമോ;

(ഡി) പൊതുപണം പാഴായിപ്പോകാതെ മുഴുവൻ ക്യാമറകളും അടിയന്തരമായി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

## സേഫ് കേരള പദ്ധതി പ്രകാരം സ്ഥാപിച്ച ക്യാമറകൾ

2127 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ .പി. കെ. ബഷീർ**
**ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന്റെ സേഫ് കേരള പദ്ധതി പ്രകാരം

റോഡുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ സ്ഥാപിക്കാൻ കരാർ കൊടുത്തിട്ടുള്ളത് ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കരാറിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇപ്രകാരം സ്ഥാപിച്ച എ.ഐ. ക്യാമറകൾ പ്രവർത്തനക്ഷമമായിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ക്യാമറകൾ പ്രവർത്തനക്ഷമമായിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

**മോട്ടോർ വാഹന നിയമ ലംഘനം**

2128 **ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന നിയമ ലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കേണ്ട പ്രസ്തുത വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം ഫലപ്രദമല്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) വാഹനത്തിന്റെ വേഗത നിയന്ത്രിക്കുന്ന ഇലക്ട്രോണിക് യൂണിറ്റിൽ മാറ്റം വരുത്തുന്ന വാഹന ഉടമകൾക്കെതിരെയും വർക്ക്ഷോപ്പ് ഉടമകൾക്കെതിരെയും നടപടി സ്വീകരിക്കാറുണ്ടോ; വിശദമാക്കുമോ;

(സി) മോട്ടോർ വാഹന നിയമ ലംഘനം നടത്തുന്നവർക്ക് എതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**മോട്ടോർ വാഹന വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റം**

2129 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ചട്ടം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും ട്രാൻസ്ഫർ നടപടികൾ പൂർത്തിയാക്കുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(സി) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ കരട് സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിച്ചത് എന്നാണെന്നും ആയതിൻപ്രകാരം അന്തിമ സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിച്ചത് എന്നാണെന്നും അറിയിക്കുമോ; അന്തിമ സ്ഥലംമാറ്റ പട്ടിക നാളിതുവരെയായി പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ കാരണം എന്താണെന്നും എപ്പോൾ പ്രസിദ്ധീകരിക്കുമെന്നും വ്യക്തമാക്കുമോ?

**മോട്ടോർ വാഹന നിയമ ലംഘനം തടയൽ**

2130 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ പാലക്കാട് ജില്ലയിൽ മോട്ടോർ വാഹന നിയമ ലംഘനം നടത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ പാലക്കാട് ജില്ലയിൽ ഈ ഇനത്തിൽ എത്ര രൂപയാണ് പിഴ ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഏറ്റവും കൂടുതൽ നിയമ ലംഘനം നടത്തിയിട്ടുള്ളത് ഏതു തരം വാഹനങ്ങളാണെന്ന് അറിയിക്കാമോ?

## അന്യ സംസ്ഥാന വാഹനങ്ങൾക്ക് പ്രവേശന നികുതി

2131 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൾ ഇന്ത്യാ പെർമിറ്റിൽ വാഹനങ്ങൾ ഓടിക്കാൻ രാജ്യത്ത് നിയമങ്ങൾ നിലനിൽക്കെ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ വിലക്ക് ഏർപ്പെടുത്താൻ ഇടയായ സാഹചര്യം വിശദമാക്കുമോ;

(ബി) അന്യ സംസ്ഥാന വാഹനങ്ങൾ സംസ്ഥാനത്തിനകത്തേക്ക് പ്രവേശിക്കുന്നതിന് നികുതി ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഏത് നിയമത്തിന്റെ /ഉത്തരവിന്റെ/ ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര നിയമത്തിന് വിരുദ്ധമായി ഇത്തരം നികുതി ഏർപ്പെടുത്താൻ സംസ്ഥാന സർക്കാരിന് അനുമതി നൽകുന്ന വ്യവസ്ഥകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

## മോട്ടോർ വാഹന വകുപ്പിൽ ഓൺലൈൻ സേവനം

2132 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ മുഴുവൻ സേവനങ്ങളും ഓൺലൈനിൽ ആക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ?

## കോൺട്രാക്ട് കാരിയേജ്

2133 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന കോൺട്രാക്ട് കാരിയേജ് ബസ്സുകളിൽ ഘടിപ്പിക്കുവാൻ അനുവദനീയമായ അധിക വസ്തുക്കൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇത് സംബന്ധിച്ചുള്ള വ്യക്തത കുറവ് കാരണം ഓരോ ആർ.റ്റി.ഒ.യും വ്യത്യസ്ത രീതിയിലുള്ള നിർദേശങ്ങൾ നൽകുന്നതും പിഴ ഈടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്താൻ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**വയനാട് ജില്ലയിലെ ഗതാഗത നിയമ ലംഘനങ്ങൾ**

2134 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ മോട്ടോർ വാഹന വകുപ്പ് ഗതാഗത നിയമ ലംഘനങ്ങൾക്ക് 2022 ഒക്ടോബർ മാസത്തിൽ എത്ര കേസ് രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം കേസുകളിൽ എത്ര രൂപ പിഴ ഈടാക്കി എന്നും എത് തരം വാഹനങ്ങളാണ് ഏറ്റവും കൂടുതൽ നിയമ ലംഘനം നടത്തിയത് എന്നും വ്യക്തമാക്കാമോ;

(സി) ലൈസൻസില്ലാതെ വാഹനം ഓടിച്ചതിന് ഈ കാലയളവിൽ വയനാട് ജില്ലയിൽ എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്?

**ഡ്രൈവിംഗ് മേഖലയിലെ തൊഴിൽ**

2135 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് 2021-ൽ ഡ്രൈവിംഗ് സ്കൂൾ മേഖലയിൽ വരുത്തിയ നിയമ ഭേദഗതിമൂലം കേരളത്തിലെ ഡ്രൈവിംഗ് സ്കൂൾ ഉടമകളുടെയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെയും തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

**വിനോദ യാത്ര പോകുന്ന വാഹനങ്ങളുടെ പരിശോധന**

2136 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് വിനോദയാത്ര പോകുന്ന വാഹനങ്ങളുടെ പരിശോധനയ്ക്കായി സർക്കാർ സ്വീകരിച്ച പുതിയ നടപടിക്രമങ്ങൾ വിശദമാക്കുമോ?

**സേഫ് കേരള എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം**

2137 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജനുവരി ഒന്നു മുതൽ ഒക്ടോബർ 31 വരെ സംസ്ഥാനത്ത് നടന്ന വാഹനാപകടങ്ങൾ എത്രയാണെന്നും പ്രസ്തുത അപകടങ്ങളിൽ ആകെ എത്ര പേരാണ് മരണപ്പെട്ടതെന്നും എത്ര പേർക്കാണ് പരിക്കേറ്റതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത വാഹനാപകടങ്ങളിൽ രാത്രി 9 മണിക്ക് ശേഷം നടന്ന അപകടങ്ങളുടെയും മരണങ്ങളുടെയും വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) വടക്കഞ്ചേരി ബസ് അപകടത്തിന്റെ പശ്ചാത്തലത്തിൽ റോഡ് അപകടങ്ങൾ ഒഴിവാക്കാൻ മോട്ടോർവാഹന വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും തന്മൂലം അപകടങ്ങൾ കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(ഡി) റോഡ് അപകടങ്ങൾക്ക് കാരണമായ അമിതവേഗത, മദ്യപിച്ച് വാഹനം ഓടിക്കൽ തുടങ്ങിയ ഗുരുതര തെറ്റുകൾ കണ്ടെത്തുന്നതിനും വാഹനങ്ങളുടെ 24 മണിക്കൂർ പരിശോധനയ്ക്കും ആവശ്യമായ എക്സിക്യൂട്ടീവ് വിഭാഗം ഉദ്യോഗസ്ഥർ സേഫ് കേരള എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ഉണ്ടോ; വെളിപ്പെടുത്തുമോ;

(ഇ) സേഫ് കേരള എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ 24 മണിക്കൂർ പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിനായി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

### <u>വാഹനങ്ങളുടെ ഓട്ടോമേറ്റഡ് ഫിറ്റ്നെസ് ടെസ്റ്റിങ്</u>

2138 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങളുടെ ഓട്ടോമേറ്റഡ് ഫിറ്റ്നെസ് ടെസ്റ്റിങ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതി എവിടെയെല്ലാം പ്രാവർത്തികമായി എന്ന് അറിയിക്കാമോ;

(ബി) എല്ലായിടത്തും അത്തരം സംവിധാനം ഏർപ്പെടുത്തി മുഴുവൻ വാഹനങ്ങളും പ്രസ്തുത സംവിധാനത്തിലൂടെ ഫിറ്റ്നെസ് പരിശോധനയ്ക്ക് വിധേയമാക്കാൻ നടപടി സ്വീകരിക്കാമോ?

### <u>റോ-റോ ജങ്കാർ സർവ്വീസ്</u>

2139 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് കൊച്ചി-വൈപ്പിൻ റോ-റോ സർവ്വീസ് നടത്തുന്ന ജങ്കാറുകൾ വിവിധ സാങ്കേതിക കാരണങ്ങളാൽ ഇടക്കിടെ മുടങ്ങുന്നതുമൂലം യാത്രക്കാർ വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം പരിഗണിച്ചുകൊണ്ട് പുതിയ റോ-റോ ജങ്കാർ വാങ്ങുന്നതിനായി സംസ്ഥാന ബജറ്റിൽ പണം അനുവദിച്ചുവോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

### <u>ഉൾനാടൻ ജലഗതാഗത വകുപ്പ് മുഖേനയുള്ള പ്രവൃത്തികൾ</u>

2140 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിൽ ഉൾനാടൻ ജലഗതാഗത വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി 2021-22 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

### <u>ജലഗതാഗത വകുപ്പിൽ സബോർഡിനേറ്റ് സ്പെഷ്യൽ റൂൾ</u>

2141 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിലെ സ്റ്റേറ്റ് സബോർഡിനേറ്റ് സ്പെഷ്യൽ റൂളിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ?

**വേളി-കഠിനംകുളം ജലഗതാഗത സർവ്വീസ്**

2142 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർവ്വതി പുത്തനാറിലൂടെ വേളി-കഠിനംകുളം ജലഗതാഗത സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത റൂട്ടിൽ ബോട്ട് ജെട്ടികൾ നിർമ്മിക്കുന്ന നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(സി) പ്രസ്തുത റൂട്ടിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ബോട്ട് ജെട്ടികൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര ബോട്ടുകളുടെ സേവനമാണ് സർവ്വീസിന് ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത സർവ്വീസുകൾ നിർവ്വഹിക്കുന്നത് ഏത് ഡിപ്പാർട്ട്മെന്റ് ആണെന്ന് വിശദമാക്കാമോ?

**വൈക്കം-തവണക്കടവ് റൂട്ടിൽ റോറോ സർവീസ്**

2143 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ വൈക്കം-തവണക്കടവ് റൂട്ടിൽ റോറോ സർവീസ് തുടങ്ങുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**സീ അഷ്ടമുടി ടൂറിസം - ബോട്ട് സർവ്വീസ്**

2144 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സീ അഷ്ടമുടി പാസഞ്ചർ - കം -ടൂറിസം ബോട്ട് സർവ്വീസിന് ആവശ്യമായ ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടും സർവ്വീസ് ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; സർവ്വീസ് ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**ജലഗതാഗത വകുപ്പിലെ ബോട്ട്മാസ്റ്റർ തസ്തിക**

2145 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ ബോട്ട്മാസ്റ്റർ തസ്തികയിൽ ജോലി ചെയ്യുന്നതിനുള്ള യോഗ്യതകൾ വ്യക്തമാക്കാമോ;

(ബി) ബോട്ട്മാസ്റ്റർ ലൈസൻസ് നിലവിൽ ഏത് വകുപ്പാണ് വിതരണം ചെയ്യുന്നത് എന്ന്

വിശദമാക്കാമോ;

(സി) ജലഗതാഗത വകുപ്പിൽ ജോലി ചെയ്യുന്ന ബോട്ട്മാസ്റ്റർ ലൈസൻസുള്ള ജീവനക്കാരുടെ എണ്ണം എത്ര ; അവരുടെ പേരും കെ.ഐ.വി. നമ്പരും ലഭ്യമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

അംഗീകരിച്ച തീയതി: 01-12-2022

എ എം ബഷീർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].